www.malankaralibrary.com

ജൂൺ – ജൂലൈ 2026

ക്രൈസ്തവ കാഹളം



മങ്ങാതെ യുഗപ്രഭ

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, മഹത്ത്വത്തിലും അപമാനത്തിലും സത്കീർത്തിയിലും ദുഷ്കീർത്തിയിലും വഞ്ചകയെന്നു കരുതപ്പെട്ടപ്പോഴും സത്യസന്ധയായി, എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

ജൂലൈ 3
ദുഖ്റാന തിരുനാൾ



വിശുദ്ധ തോമാ ശ്ലീഹായേ ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കണമേ!

www.malankaralibrary.com



ജൂൺ-ജൂലൈ 2026
വാല്യം 87 ലക്കം 6

ക്രൈസ്തവ കാഹളം

ഉള്ളടക്കം



എഡിറ്റോറിയൽ 04

പിതൃമൊഴി 07

ധന്യൻ മാർ ഈവാനിയോസ് മതത്തിനുള്ളിലെ മതാത്മകത ദർശിച്ച ദാർശനികൻ 10

ദൈവാശ്രയം കൈമുതലാക്കിയ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 13

പദയാത്ര - ഒരു ആത്മീയ ചരിതം 17

പുനരൈക്യ ശിൽപി - ധന്യൻ മാർ ഈവാനിയോസ് 22

ജനാധിപത്യത്തിന് പുതിയ 'അർത്ഥം' 29

വഴിവിളക്ക് 34

സീറോ-മലങ്കര സഭയുടേത് അമൂല്യമായ വ്യക്തിത്വം 42

നിലാമതി 46

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. സാം തോമസ് മണലുശ്ശേരി
9539955970

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com



മങ്ങാതെ യുഗപ്രഭ

എഡിറ്റോറിയൽ

നല്ലതണ്ണിയിലെ സഹോദരന്മാരും താപസന്റെ സത്യാന്വേഷണവും

ഇടുക്കി ജില്ലയിലെ നല്ലതണ്ണിയിൽ റോഡിൽ നിന്നും ഒരൽപ്പം കാട് നിറഞ്ഞ സ്ഥലത്തുകൂടി മുകളിലേക്ക് കയറുമ്പോൾ രണ്ട് സഹോദരന്മാർ കുറെ വർഷങ്ങളായി താപസ ജീവിതം അനുഷ്ഠിച്ച് പ്രാർത്ഥനാപൂർവ്വം ജീവിക്കുന്നു. ലോകത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ നിന്നും മാറിതാമസിക്കുന്ന ഈ താപസരായ സഹോദരന്മാരെ അന്വേഷിച്ച് സമയം ചിലവഴിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സംസാരിക്കുന്നതിനുമായി ധാരാളം ആളുകൾ പകൽസമയം അവരുടെ അടുക്കൽ ചെല്ലും. അവരോട് സംസാരിക്കുമ്പോൾ നമ്മൾ അറിയാതെ മറ്റൊരു ലോകത്തേക്ക് നയിക്കപ്പെടും. ഭൂമിയോളം നമ്മൾ താഴും. നാം കാണുന്നതിനും ആഗ്രഹിക്കുന്നതിനും ചിന്തിക്കുന്നതിനും അപ്പുറത്തുള്ള ദൈവീകമായ ഒരു സാഹചര്യത്തിലേക്ക് ആ സംഭാഷണം നമ്മെ കൂട്ടിക്കൊണ്ടു പോകും. നമുക്ക് ചില തിരിച്ചറിവുകൾ ലഭിക്കും. ആ തിരിച്ചറിവുകൾ ചില സത്യങ്ങളിലേക്ക് നമ്മൾ എത്തിച്ചേരുവാൻ സഹായിക്കും. സത്യാന്വേഷണത്തിന്റെ നാഴികക്കല്ലായി ആ സംഭാഷണവും തിരിച്ചറിവുകളും മാറും. യഥാർത്ഥത്തിൽ ആത്മീയ ലോകത്ത് ജീവിക്കുന്നവർക്ക് ഇതുപോലെയുള്ള സംഭാഷണങ്ങളും ഒത്തുചേരലുകളും അത്യാവശ്യമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ ഏറ്റവും വലുത് എന്ന് കരുതി നാം ചെയ്യുന്ന പലതും അത്രവലുതല്ല എന്ന തിരിച്ചറിവ് എളിയ സംഭാഷണങ്ങളിലൂടെയും എളിയവരോടൊപ്പം ഒരുമിച്ചിരിക്കുന്നതിലൂടെയും നമുക്ക് ലഭിക്കും.

പെരുനാട് മുണ്ടൻമലയിലെ ഓലക്കുടിലിലേക്ക് ആബോ ഗീവർഗ്ഗീസ് മാറിത്താമസിച്ചപ്പോൾ ഇതുപോലൊരു തിരിച്ചറിവും സത്യാന്വേഷണത്തിന്റെ നാഴികക്കല്ലും സംഭവിച്ചു. സത്യത്തിലേക്കുള്ള വഴികൾ എളിയവരുടെ വഴിയാണ്. എല്ലാ ഭൗതീക നന്മകളെയും ഒരു നിമിഷം ഉപേക്ഷിച്ച് കണ്ടെത്തിയ സത്യത്തെ പുൽകുവാൻ എളുപ്പം സാധിക്കും. ബഥനിയുടെ മാർ ഇവാനിയോസ് മെത്രാപ്പോലീത്ത പിൽക്കാലത്ത് നേതൃത്വം നൽകിയ ചരിത്രപരമായ മലങ്കര പുനഃരൈക്യ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുവാൻ കാരണമായത് മുണ്ടൻമലയിലെ എളിയ ജീവിതവും താപസപരമായ

www.malankaralibrary.com

സത്യാന്വേഷണവുമായിരുന്നു. ഈ സത്യാന്വേഷണം വന്ദ്യ പിതാവിൽ ആരംഭിച്ച് അവിടെ പൂർത്തിയാകുന്ന ഒന്നല്ല. അത് തലമുറകളിലേക്ക് വിശ്വാസത്തിന്റെ കാതലും കാമ്പുമായി കൈമാറ്റം ചെയ്യപ്പെട്ട ഒന്നാണ്. അത് ഇന്നും തുടരേണ്ടതാണ്. അതിന് കുറുക്കുവഴികളില്ല. ധന്യൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്ത തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്ന താപസന്റെ സത്യാന്വേഷണ രീതികൾ മാത്രമാണ് അതിനുള്ളത്. പലപ്പോഴും നമ്മുടെ സത്യാന്വേഷണത്തിന് വേഗത കുറയുന്നതും ഗുണമേന്മ കുറയുന്നതും തീരുമാനങ്ങൾ ദുർബലമാകുന്നതിന്റെയും കാരണം അതിൽ തപസ്സിന്റെയും പ്രാർത്ഥനയുടെയും അംശം കുറയുന്നതുകൊണ്ടാണ്. ധന്യൻ മാർ ഇവാനിയോസ് തിരുമേനിയുടെ ജീവിതം നമ്മുടെ മുൻപിൽ ഒരു തുറന്ന പുസ്തകമാണ്. അദ്ദേഹം പ്രാർത്ഥനാപൂർവ്വമെടുത്ത തീരുമാനങ്ങളാണ് അത് നടപ്പാക്കുന്നതിനുള്ള എളിയ സമീപനങ്ങളാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയുടെയും ഇന്ന് കാണുന്ന എല്ലാ നന്മകളുടെയും അടിസ്ഥാനം.

ധന്യൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിന് സഭയൊന്നാകെ വന്ദ്യ പിതാവിന്റെ കബറിടത്തിലേക്ക് ഒഴുകിയെത്തുന്ന ജൂലൈ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചുകൊണ്ടാണ് നാം ഈ തീർത്ഥാടനത്തിലേക്ക് പ്രവേശിക്കുന്നത്. നമുക്ക് മുൻപേ നടന്നവർ നമുക്ക് കാണിച്ചുതന്ന തീഷ്ണതയും വിശ്വാസത്തിന്റെ ആഴമുള്ള മാതൃകകളും നമ്മുടെ കൺമുൻപിലുണ്ട്. കഴിഞ്ഞ അനേകവർഷമായി കട്ടപ്പനയിൽ നിന്നും പെരുനാട് വരെ ഏകനായി നടന്നുവന്ന് പ്രധാന പദയാത്രയോട് ചേർന്ന് കബറിടം വരെ നടന്ന് എൺപത് കാരനായ ജോയിച്ചായൻ ഈ കഴിഞ്ഞ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ ഇഹലോകവാസം പൂർത്തിയാക്കി തന്റെ സ്വർഗ്ഗീയ സമ്മാനത്തിനായി യാത്രയായിരിക്കുന്നു. നമ്മുടെ അനേകം യുവജനങ്ങൾ ജോയിച്ചായന്റെ ചിത്രങ്ങൾ ചേർത്ത് സാമൂഹിക മാധ്യമങ്ങളിൽ ധാരളം കുറിപ്പുകൾ എഴുതി. ഇത്തരം അനേകം ജോയിമാർ ജോയിഫുളായി സഭയോട് ചേർന്ന് നിന്നതിന്റെ അടയാളപ്പെടുത്തലാണ് ഇന്ന് നാം കാണുന്ന നമ്മുടെ സഭ. സാമൂഹിക മാധ്യമങ്ങളിൽ എഴുതി അവസാനിപ്പിക്കാനുള്ളതല്ല നമ്മുടെ സഭാജീവിതം. വള്ളിക്കുരിശ്ശിന്റെ പിന്നാലെ സഭയോട് ചേർന്ന് യാത്രചെയ്ത് പൂർത്തിയാക്കാനുള്ളതാണ് നമ്മുടെ തീർത്ഥാടനം.

ഏവർക്കും ഓർമ്മപ്പെരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.



ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

പിതൃമൊഴി





ആത്മീയ നഭസ്സിലെ പുണ്യനക്ഷത്രം

മലങ്കര സഭയുടെ ആത്മീയ നഭസ്സിൽ പുണ്യനക്ഷത്രമായി പ്രകാശിക്കുന്ന ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ! ദാർശനിക മികവും അടിയുറച്ച ദൈവ വിശ്വാസവും സമന്വയിച്ച യുഗപുരുഷൻ! തപോധനനായ ആത്മീയ ഗുരുവും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവു മായ പുണ്യ പിതാവ്, ഭാരതീയ തനിമയി ലൂന്നിയ ക്രൈസ്തവ സന്യാസത്തിനും വിശ്വാസ ജീവിതശൈലിക്കും പുതുജീവ നേകി വിജ്ഞാന വെളിച്ചം സമൂഹത്തിന് പകർന്നു നൽകി. മലങ്കരയുടെ വിശ്വാസ പാരമ്പര്യത്തിൽ ഗുരുവായി ബഥനിയിലൂടെ വളർന്ന ആ പുണ്യ ജീവിതം ധ്യാനത്തി ന്റെയും സേവനത്തിന്റെയും സുവിശേഷ സാക്ഷ്യമായിരുന്നു. ധന്യൻ മാർ ഈവാനി യോസ് മെത്രാപ്പോലിത്തായുടെ 73-ാം

www.malankaralibrary.com

ഓർമ്മപ്പെരുന്നാൾ ജൂലൈ 1 മുതൽ 15 വരെ സഭയായി നാം ആഘോഷിക്കുകയാണ്. ഓർമ്മപ്പെരുന്നാൾ ദിവസമായ ജൂലൈ 15 ന് ആഘോഷമായ വി. സമൂഹബലിയും കബറിങ്കൽ ധൂപപ്രാർത്ഥനയും ശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. ഭാരത കത്തോലിക്കാ മെത്രാൻ സമ്മിതിയുടെ പ്രസിഡന്റും ഹൈദ്രാബാദ് അതിരൂപതയുടെ ആർച്ചുബിഷപ്പുമായ അത്യുന്നത കർദ്ദിനാൾ ആന്റണി പൂള മെത്രാപ്പോലീത്താ തിരുമേനി ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ നമ്മുടെ മുഖ്യ അതിഥിയായി സംബന്ധിക്കുന്നതാണെന്ന വിവരം ഏവരെയും സന്തോഷപൂർവ്വം അറിയിക്കുന്നു.

വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളാഘോഷവും പുനരൈക്യ പ്രസ്ഥാനത്തിന്റെ സഹകാരിയായ ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെയും വന്ദ്യരായ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാന്റെയും പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെയും ഓർമ്മ ആചരണവും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമ്മാ ശ്ലീഹായുടെ ദുക്റോനോ തിരുന്നാളും ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും ഈ ദിവസങ്ങളിലെ നമ്മുടെ സഭാജീവിതം അനുഗ്രഹപ്രദമാക്കുന്നു.

മാർ ഈവാനിയോസ് പിതാവും ആരാധനക്രമവും

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ നൂറാം വാർഷികാചരണത്തോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഈ നാളുകളിൽ ആരാധനാക്രമ വർഷാചരണത്തിലൂടെ സഭാതന്റെ മക്കളെ ആത്മീയമായി ഒരുക്കുന്നു. ഈ ഒരു കാലഘട്ടത്തിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ആത്മീയ, ആരാധനാ ജീവിതം സഭാമക്കൾക്ക് എന്നും മാതൃകയും അനുകരണാർഹവുമാണ്. മലങ്കര സഭയുടെ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലും ഭാരതീയ സന്യാസ ശൈലിയിലും ആഴത്തിൽ വേരൂന്നിയതായിരുന്നു വന്ദ്യ പിതാവിന്റെ ആത്മീയ ആരാധനാക്രമ ജീവിതം. ആരാധനാക്രമത്തിലും മലങ്കര പാരമ്പര്യത്തിലും ആഴപ്പെട്ട ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ വാക്കുകൾ സഭയോടും ദൈവത്തോടും ചേർന്നുനിൽക്കുവാൻ നമ്മെ പഠിപ്പിക്കുന്നവയാണ്.

കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിന് ശേഷവും മലങ്കര സഭയുടെ തനതായ അന്ത്യോക്യൻ ആരാധനാക്രമവും അനുഷ്ഠാനങ്ങളും പ്രതിബദ്ധതയോടെ കാത്തുസൂക്ഷിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ആരാധനയിലെ സജീവ പങ്കാളിത്തത്തെക്കുറിച്ച് വന്ദ്യ പിതാവ് പറയുന്നു. "പരിശുദ്ധ കുർബാനയാണ് നമ്മുടെ ജീവിതത്തിന്റെ കേന്ദ്രവും ജീവനും. കുർബാനയിൽ പൂർണ്ണമായി പങ്കുചേരാത്ത ഒരു ദിവസവും ദൈവകൃപയിൽ നമുക്ക് വളരാനാവില്ല." വിശുദ്ധ കുർബാനയോടും മറ്റ് കൂദാശകളോടും അതീവ ഭക്തി പുലർത്തിയ അദ്ദേഹം, വിശ്വാസികൾ ആരാധനകളിൽ സജീവമായും അർത്ഥമറിഞ്ഞും പങ്കാളികളാകണമെന്ന് ആഗ്രഹിച്ചു. "യാമപ്രാർത്ഥനകൾ കേവലമൊരു ചടങ്ങല്ല, മറിച്ച് പ്രപഞ്ച നാഥനോട് ചേർന്നു നിന്ന് സഭ നിരന്തരം അർപ്പിക്കുന്ന സ്തുതികളാണ്. നമ്മുടെ ജീവൻ നിലനിൽക്കാൻ ശ്വാസം ആവശ്യമെന്നതു പോലെ പ്രാർത്ഥന നമ്മുടെ ആത്മാവിന് അത്യാവശ്യമാണ്." ആയതിനാൽ ഓരോ വിശ്വാസിയും മിശിഹായുടെ ജീവിതരഹസ്യങ്ങളിലൂടെ കടന്നുപോയി ആത്മീയമായി വളരുവാൻ സഹായിക്കുന്ന ഒരു വലിയ വിശ്വാസ പരിശീലനമാണ് മലങ്കര സഭയിലെ ആരാധനാക്രമ വർഷാചരണം.

പുണ്യം പൂകുന്ന കബറിടം

ധന്യൻ മാർ ഈവാനിയോസ്പിതാവിന്റെ അനുഗ്രഹങ്ങൾ തേടി അനേകർ ഓരോ ദിവസവും കബറിടം സന്ദർശിക്കുന്നു. എല്ലാ ദിവസവും കബറിങ്കൽ സന്ധ്യാപ്രാർത്ഥനയും ധൂപാർപ്പണവും ഉണ്ടെന്നുള്ള വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ.

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 73-ാം ഓർമപ്പെരുന്നാൾ ജൂലൈ മാസം 1 മുതൽ 15-ാം തീയതി വരെ നാം ആചരിക്കുകയാണ്. നമ്മുടെ സഭാത്മക ജീവിതത്തിന്

www.malankaralibrary.com



ആവശ്യമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്ന ഒരു അവസരമാണല്ലോ ഇത്. മുൻ വർഷങ്ങളിലെപ്പോലെ വിവിധ ആദ്ധ്യാത്മിക ശുശ്രൂഷകളിലൂടെ നമ്മൾ ഇതിനായി ഒരുങ്ങുകയാണ്. ഈ ദിവസങ്ങളിൽ ഇടമുറിയാതെ ചെറുസംഘങ്ങൾ കബർ ചാപ്പലിൽ പ്രാർത്ഥനാനിരതരായിരിക്കും. എല്ലാദിവസവും വൈകിട്ട് കബറിങ്കൽ സന്ധ്യാപ്രർത്ഥനയും വിശുദ്ധ കുർബാനയും ക്രമീകരിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥം യാചിച്ചുകൊണ്ട് നമ്മുടെ യുവജനസംഘടനയുടെ (MCYM) നേതൃത്വത്തിൽ പെരുന്നാട്ടിലെ കുരിശുമലയിൽ നിന്നുള്ള പ്രധാന തീർത്ഥാടന പദയാത്ര ജൂലൈ 10-ാം തിയതി ആരംഭിക്കുന്നതാണ്. സഭയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും ജൂലൈ 10 മുതൽ പദയാത്രകൾ കബറിങ്കലേക്ക് തിരിക്കുന്നതാണ്. ധ്യാനിച്ചും പ്രാർത്ഥിച്ചും ഭക്തിപൂർവ്വം നടത്തുന്ന ഈ പദയാത്രയിൽ ത്യാഗത്തോടും സമർപ്പണത്തോടും ആത്മീയമായ ഒരുക്കത്തോടും കൂടി പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ എല്ലാവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ജൂലൈ 14-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5.15 ന് പദയാത്രികർ കബറിങ്കൽ എത്തിച്ചേരുന്നതും ധൂപപ്രാർത്ഥന നടത്തപ്പെടുന്നതുമാണ്. തുടർന്ന് 6.30 ന് സന്ധ്യാനമസ്ക്കാരവും ആഘോഷമായ മെഴുകുതിരി പ്രദക്ഷിണവും തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരുടെ സ്നേഹാശീർവാദവും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 15-ാം തീയതി രാവിലെ 8.00 ന് പ്രഭാത നമസ്ക്കാരവും തുടർന്ന് ആഘോഷമായ വിശുദ്ധ സമൂഹബലിയും കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും.

വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ഏതവസരത്തിലും കബറിങ്കൽ പ്രാർത്ഥന നടത്താനുള്ള സൗകര്യമുണ്ടായിരിക്കും. ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും നേർച്ചകാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനും തിരുന്നാൾ ദിവസങ്ങളിലെ ചെലവ് സ്പോൺസർ ചെയ്യുന്നതിനുമുള്ള സൗകര്യവും, എല്ലാ ദിവസവും വിശുദ്ധ കുമ്പസാരം നടത്തുന്നതിനുള്ള അവസരവും കബർ ചാപ്പലിനോട് ചേർന്ന് ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ ആത്മീയമായി ഒരുങ്ങി, ധന്യൻ മാർ ഈവാനിയോസ് പിതാവിനോട് ചേർന്ന് നിന്നുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതം ഒരു സാക്ഷ്യമായി ഈ ലോകത്തിന് നല്കാം. വന്ദ്യ പിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിന് ഞാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നിങ്ങളുടെ പിതാവ്,

+Baseliosclemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com





റവ. ഡോ. ഡാനിയേൽ ചരുവിൽ

ധന്യൻ മാർ ഈവാനിയോസ്

മതത്തിനുള്ളിലെ മതാത്മകത ദർശിച്ച ദാർശനികൻ

ആധുനികലോകം സംഘർഷങ്ങളുടേയും രക്തച്ചൊരിച്ചിലിന്റെയും ഭീകരവാദത്തിന്റെയും ഭീതിജനകമായ ചിത്രമാണ് നമുക്ക് മുൻപിൽ അവതരിപ്പിക്കുന്നത്. ലോകത്തിന്റെ നാനാകോണുകളിൽ തലപൊക്കിയ ഭീകരവാദത്തിൽ നിന്നും സംഘർഷങ്ങളിൽ നിന്നും നമ്മുടെ കൊച്ചുകേരളം താരതമ്യേന വിമുക്തമായിരുന്നു. എന്നാൽ ദൈവത്തിന്റെ സ്വന്തംനാട് ചെകുത്താന്റെ തുരുത്തായി മാറുന്നുവോ എന്ന ആശങ്ക ചിന്താശീലമുള്ള ഏവരേയും ആശങ്കാകുലരാക്കുകയാണ്. നല്ലൊരളവുവരെ ഈ ഭീകര വാദികളും വിധ്വംസകപ്രവർത്തകരും തങ്ങളുടെ നിഷ്ഠൂര പ്രവർത്തികൾക്ക് സാധൂകരണം തേടുന്നത് മതവിശ്വാസത്തിലാണ് എന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. എതെങ്കിലും ഒരു മതത്തെ മാത്രം ഒറ്റതിരിഞ്ഞു കുറ്റപ്പെടുത്തിയിട്ടുകാര്യവുമില്ല. ഏറിയതോ കുറഞ്ഞതോ ആയ അളവിൽ മിക്ക മതങ്ങളും പ്രതിക്കൂട്ടിൽ തന്നെയുമാണ്. എന്നാൽ മറുഭാഗത്ത് ആരാധനാലയങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും ആൾദൈവങ്ങളുടെ അടുക്കലും അഭൂതപൂർവ്വമായ ജനതിരക്കുമാണ്. പ്രദേശങ്ങളെ നിശ്ചലമാക്കി മതകേന്ദ്രങ്ങളിൽ ശതലക്ഷങ്ങൾ കവിയുന്ന ആൾതിരക്കും, എണ്ണത്തിട്ടപ്പെടുത്തുവാൻ കഴിയാത്തത്ര നേർച്ച പണവും, ഈശ്വര കടാക്ഷത്തിന് സ്വന്തം പച്ചശരീരത്തെപോലും നിർദ്ദാക്ഷണ്യം മുറിപെടുത്തകവരെ ചെയ്യുന്ന ഭക്തിപാരവശ്യവും എന്തിന്റെ സൂചനകളാണ്? മതവിശ്വാസവും മതാചാരങ്ങളും വർദ്ധിക്കുന്നു; എന്നാൽ മതാത്മകത നഷ്ട്ടപ്പെടുന്നു. ഈശ്വരസേവ കൂടുന്നു; എന്നാൽ ഈശ്വരചൈതന്യം ചോർന്നു പോകുന്നു. മതത്തിന്റെ മൗലികതയിലേയ്ക്ക് കടന്നു ചെല്ലാതെ ഉപരിപ്ലതയിൽ ജനം സംതൃപ്തിയടയുന്നു. മതാനുഷ്ഠാനങ്ങൾ ജീവിത സ്പർശിയല്ലാതെ കടന്നുപോകുന്നു.

ഈ അപചയം മതങ്ങൾക്ക് ചരിത്രാതീത കാലംതൊട്ട് ഇന്നോളം സംഭവിക്കുന്നതാണ്. അപ്പോഴൊക്കെ മതചാരങ്ങളുടെ പുറംതോടുകളിൽ നിന്ന് മതാത്മകതയുടെ ആഴങ്ങളിലേക്ക് ജനത്തെ കൂട്ടികൊണ്ടുപോകുവാൻ തക്കവിധം ദാർശനിക ഭാവമുള്ള വിശുദ്ധന്മാരും, പ്രവാചകന്മാരും ചരിത്രത്തിൽ അങ്ങിങ്ങ് ജന്മമെടുത്തിട്ടുണ്ട്. വി. ഫ്രാൻസിസ് അസ്സീസി, കുരിശിന്റെ വി. യോഹന്നാൻ, വി. അമ്മ ത്രേസ്യ, ശ്രീരാമകൃഷ്ണ പരമഹംസൻ, ശ്രീ ശങ്കരാചാര്യർ, സ്വാമി വിവേകാനന്ദൻ, ശ്രീബുദ്ധൻ, നബി പ്രവാചകൻ തുടങ്ങിയവർ

www.malankaralibrary.com

പട്ടികയിലെ ചിലർമാത്രം. മനോഹരവും, ഭക്തിദ്യോതകവും, സ്വർഗ്ഗീയ അനുഭൂതി നല്കുന്നതുമായ പൗരാണിക അന്ത്യോക്യൻ ആരാധനക്രമം പിൻതുടരുന്ന മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയിൽ ഇപ്രകാരം ജന്മമെടുത്ത വിശുദ്ധനായ ദാർശനികനായിരുന്നു ധന്യൻ മാർ ഈവാനിയോസ് പിതാവ്. മതവിശ്വാസത്തിനപ്പുറത്ത് മതാത്മകതയിലേക്ക്, ആചാരാനുഷ്ഠാനങ്ങൾക്കപ്പുറത്ത് ദൈവാനുഭവത്തിലേക്ക്, ആരാധന ക്രമത്തിന്റെ വർണ്ണപ്രപഞ്ചത്തിനപ്പുറത്ത് മതത്തിന്റെ മൗലികതയിലേക്ക് സുറിയാനിക്രിസ്ത്യാനികളെ കൂട്ടികൊണ്ടുപോയ ക്രാന്തദർശിയായിരുന്നു മാർ ഈവാനിയോസ്.

ഇന്ന് ഏറ്റം അധികം തെറ്റിധരിക്കപ്പെടുന്ന ഒരു പദമാണ് മതമൗലികവാദം എന്നത്.



സാധാരണയായി മതത്തിന്റെ പേരിൽ ഭീകരവാദപ്രവർത്തനവും, കൊല്ലും, കൊലയും നടത്തുന്നവരെ വിശേഷിപ്പിക്കാൻ ഇന്ന് സാമാന്യേന ഉപയോഗിക്കുന്നപദമാണത്. എന്നാൽ ആ പദത്തിന്റെ അർത്ഥത്തോട് നീതി പുലർത്തുന്ന വ്യാഖ്യാനമല്ല അവയെന്നതാണ് യാഥാർത്ഥ്യം. ഒരു മതത്തിന്റെ ഏറ്റം അടിത്തട്ടിലുള്ള, ആ മതത്തിന്റെ മൗലികമായ ആദർശങ്ങളും, വിശ്വാസങ്ങളും, സത്യങ്ങളുമാണ് ആ മതത്തിന്റെ മൗലീകസിദ്ധാന്തങ്ങൾ. ഒരു മതത്തിന്റെയും മൗലീകസിദ്ധാന്തങ്ങൾ മറ്റുള്ളവരെ ഉപദ്രവിക്കാനോ, വെറുക്കുവാനോ, ദ്രോഹിക്കാനോ പഠിപ്പിക്കുന്നതല്ല; പിന്നെയോ സ്നേഹവും, കരുണയും സാഹോദര്യവും ഊട്ടിവളർത്തുന്നതാണ്. ബ്രഹ്മനും ഞാനും നീയും ഒന്നാണെന്ന ഹൈന്ദവമതത്തിന്റെ അദ്വൈതസിദ്ധാന്തവും (അഹം ബ്രഹ്മാസ്മി, തത്വമസി) മറ്റുള്ളവരെ സ്നേഹിക്കുവാൻ പഠിപ്പിച്ച പ്രവാചകനായ മുഹമ്മദ് നബിയുടെ സാരോപദേശങ്ങളും ആണ് ആ മതങ്ങളുടെ മൗലികസിദ്ധാന്തങ്ങൾ. ഇതു പാലിക്കുന്നവനാണ് ആ മതത്തിലെ മൗലിക വിശ്വാസി. ഇതിന്റെ പാരമ്യം വി. സുവിശേഷങ്ങളിലാണ് കാണുക. അന്ത്യ മൊഴിയായി ക്രിസ്തു നൽകിയ 'ഞാൻ ഒരു പുതിയ കല്പന നിങ്ങൾക്കു നൽകുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതു മൂലം ലോകം അറിയും' (യോഹ 13: 34) എന്ന കല്പനയും, 'ശത്രുക്കളെ സ്നേഹിക്കുവിൻ...' എന്നു തുടങ്ങുന്ന മലയിലെ പ്രസംഗവും ഒക്കെയാണ് ക്രിസ്തുമതത്തിന്റെ മൗലിക ഭാവങ്ങൾ. ഇത് വായിച്ചിട്ടാണ് സ്നേഹം എന്ന ഒറ്റ ശിലയിൽ പണിതുയർത്തിയിരിക്കുന്ന ഏക മതം ക്രിസ്തുമതമാണെന്ന് ഗാന്ധിജി പറഞ്ഞത്. ക്രിസ്തുമത്തിന്റെ ഈ മൗലിക സിദ്ധാന്തങ്ങളിലേയ്ക്കും ദർശനങ്ങളിലേയ്ക്കും തന്റെ സഭയെയും സമൂഹത്തെയും നയിക്കുവാൻ ജീവിതം മുഴുവൻ ഉഴിഞ്ഞുവെച്ച മഹാരഥനായിരുന്നു പിതാവ്. പരസ്നേഹത്തിലധിഷ്ഠിതമായ ദൈവരാജ്യസംസ്ഥാപനത്തിന് ഊടും പാവും നെയ്യുവാൻ യേശുക്രിസ്തു പഠിപ്പിച്ച പരിത്യാഗത്തിലധിഷ്ഠിതമായ ഒരു സന്യാസസമൂഹം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ മാർ ഈവാനിയോസ് പിതാവ് സുറിയാനി ക്രിസ്ത്യാനികൾക്ക് അന്നുവരെ അപരിചിതമായ ഒരു സന്യാസപ്രസ്ഥാനം സ്ഥാപിക്കുവാൻ മുന്നിട്ടിറങ്ങി.

'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെ

www.malankaralibrary.com



തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ' എന്ന യേശുവിന്റെ ആഹ്വാനം സർവ്വസംഗപരിത്യാഗ പൂർണ്ണമായ ഒരു ജീവതി ശൈലിക്കുള്ള ആഹ്വാനമാണ്. ഭാരതീയസംസ്ക്കാരത്തിലും സന്യാസം എന്നത് 'സംയഗ്' (സമ്പൂർണ്ണം) 'ന്യാസ' (പരിത്യാഗം) എന്നീ ധാതുക്കളുടെ സംയോജനമാണല്ലോ? മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ ക്രിസ്തീയതയുടെ ആരംഭചൈതന്യത്തിലേക്ക്, ക്രിസ്തുമതത്തിന്റെ മൗലികതയിലേക്ക്, തിരുവചനത്തിന്റെ ജീവിതാനുഭവത്തിലേക്ക്, അതിലുപരി മതാനുഷ്ഠാനങ്ങൾക്ക് അപ്പുറത്ത് മതാത്മകതയിലേക്ക് നയിക്കുവാൻ ഇപ്രകാരമുള്ള ഒരു സന്യാസ സമൂഹം ആവശ്യമാണെന്ന് മാർ ഈവാനിയോസ് പിതാവിന് ബോദ്ധ്യമുണ്ടായിരുന്നു അങ്ങനെ 1920 സെപ്റ്റംബർ മാസത്തിൽ റാന്നി മുണ്ടൻ മലയിൽ 'ബഥനി' എന്ന സന്യാസസമൂഹം സ്ഥാപിതമായി. ബഥനി സന്യാസ സമൂഹം മലങ്കരയിൽ ആത്മീയ നവോത്ഥാനത്തിന്റെ ഒരു കൊടുങ്കാറ്റ് ആയി ആഞ്ഞടിച്ചു. പിതാവ് മലങ്കരയിൽ പലയിടത്തും ആരംഭിച്ച ബഥനിപള്ളികൾ മതാത്മകതയിലേക്ക് വിശ്വാസികളെ ആനയിക്കുന്ന ഊടുവഴികളായിമാറി. മലങ്കരയിൽ അങ്ങോളമിങ്ങോളം ചുറ്റിനടന്ന് പിതാവ് നടത്തിയ ധ്യാനപ്രസംഗങ്ങൾ സുറിയാനിക്രിസ്ത്യാനി സമൂഹത്തെ വിശ്വാസത്തിന്റെ മൗലികതയിലേക്ക് കൂട്ടികൊണ്ടു പോകുന്ന പ്രവാചകശബ്ദമായി. ബഥനിക്കുന്ന് ഒരു തീർത്ഥാടന കേന്ദ്രമായി. "മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തെയും മഹാകവി ടാഗോറിന്റെ വിശ്വഭാരതിയെയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്ന് സമുദായഭക്തർക്ക് ഒരു തീർത്ഥാടനകേന്ദ്രമായി" (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്, വാല്യം 1)

എന്നാൽ മലങ്കരസഭയിലെ അന്തഃഛിദ്രവും, കലഹാന്തരീക്ഷവും, കക്ഷിമാത്സര്യവും, സമുദായ കേസുകളും, തന്റെ പ്രവർത്തനങ്ങളെ ഫലപ്രാപ്തിയിൽ എത്തിക്കില്ല എന്ന പൂർണ്ണബോധ്യം വന്നപ്പോഴാണ് സാർവ്വത്രികസഭയുമായുള്ള കൂട്ടായ്മയിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹം തീരുമാനിച്ചതും, ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യം 1930 സെപ്റ്റംബർ 20-ന് നടന്നതും. പുനരൈക്യപ്പെട്ട വിഭാഗത്തെ മുഴുവൻ തന്റെ ദർശനവഴിത്താരകളിലൂടെ നയിക്കുവാൻ അദ്ദേഹത്തിന് കഴിയുകയും ചെയ്തു.

മനോഹരമായ അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ പുറം തോടിൽ നിന്ന് ആന്തരിക ആദ്ധ്യാത്മീകതയിലേക്കും, അനുഷ്ഠാന വഴികളിൽ നിന്ന് ആത്മീയ ജീവിതത്തിലേക്കും, കർമ്മത്തിൽ നിന്ന് ഭക്തിയിലേക്കും നയിക്കുവാൻ തന്റെ മാതൃസഭയിലെ കക്ഷി വഴക്കും സംഘർഷങ്ങളും, സുവിശേഷദർശനങ്ങൾക്ക് വിപരീതമായ മത്സരങ്ങളും തടസ്സമാകുന്നു എന്ന ബോധ്യത്തിലാണ് മാർ ഇവാനിയോസ് സാർവ്വത്രിക സഭയിലേക്ക് പുനരൈക്യപ്പെട്ടത്. ബഥനിക്കുന്നും, നേടിയെടുത്ത സർവ്വതും വി. പൗലോസിന്റെ ഭാഷയിൽ "ക്രിസ്തുവിനെ നേടാൻ ഉച്ഛിഷ്ടം പോലെ ഉപേക്ഷിച്ച" ഈ യോഗിയ്ക്ക് അതിന്റെ നൂറിരട്ടി പിന്നീട് ദൈവം നൽകി എന്നത്, താൻ സ്വീകരിച്ച വഴി ദൈവനിയോഗമായിരുന്നു എന്നതിന്റെ ഉത്തമ നിദർശനം തന്നെയാണ്. സുവിശേഷ ദർശനങ്ങളിലെ നിലത്തു വീണ് അഴുകിയ ഗോതമ്പു മണിയായി മാർ ഇവാനിയോസ് തീർന്നപ്പോൾ അത് നൂറുമേനി ഫലം പുറപ്പെടുവിച്ചു എന്നത് വർത്തമാനകാല ചരിത്രം.

വന്ദ്യപിതാവിന്റെ ഈ ഓർമ്മപ്പെരുന്നാൾ ഒരു ഓർമ്മപ്പെടുത്തലാകട്ടെ. ആരാധനയിൽ നിന്ന് ജീവിതത്തിലേക്ക്, അനുഷ്ഠാനങ്ങളിൽ നിന്ന് കർമ്മത്തിലേക്ക് ആഘോഷങ്ങളിൽ നിന്ന് പരിത്യാഗത്തിലേക്ക്, ഉപരിപ്ലവതയിൽ നിന്ന് മൗലികതയിലേക്ക്, പുറംതോടിൽ നിന്ന് അകകാമ്പിലേക്ക്, വെട്ടിപ്പിടിക്കുന്നതിൽ നിന്ന് വിട്ടു കൊടുക്കലിലേക്ക്... ഒക്കെകടന്നു പോകേണ്ടവരാണ് ഈ പുണ്യതാതന്റെ മക്കളായ നാമോരോരുത്തരും എന്ന ഓർമ്മപ്പെടുത്തൽ. അപ്രകാരമുള്ള ഒരു പ്രതിജ്ഞയും തീരുമാനവുമാകട്ടെ ആ വത്സല പിതാവിന്റെ പാവനസ്മരണയ്ക്കു മുന്നിൽ നമുക്കർപ്പിക്കാവുന്ന പ്രണാമം.

www.malankaralibrary.com



ദൈവാശ്രയം കൈമുതലാക്കിയ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ
MCYM ഡയറക്ടർ,
തിരുവനന്തപുരം മേജർ അതിഭദ്രാസനം

ജറമിയ പ്രവാചകനിലൂടെ സ്രഷ്ടാവായ ദൈവം തന്റെ ജനമായ ഇസ്രായേലിന്റെ ചെയ്തികളെക്കുറിച്ച് ദു:ഖിച്ച് ഇസ്രായേൽ ജനത്തെ ഓർമ്മപ്പെടുത്തിയത് ഇപ്രകാരമാണ്: 'അരക്കച്ച അരയോട് ചേർന്നിരിക്കുംപോലെ ഇസ്രായേൽ ഭവനവും യൂദാ ഭവനവും എന്നോട് ചേർന്നിരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. ഇത് അവർ എന്റെ ജനവും കീർത്തിയും അഭിമാനവും മഹത്ത്വവുമായി നിലകൊള്ളേണ്ടതിനായിരുന്നു.' (ജറമിയ 13:11).

സാൻ ദമിയാനോയിലെ ഒരു ചെറിയ കപ്പേളയിൽ പ്രാർത്ഥനാപൂർവം നിലകൊണ്ട അസ്സീസ്സിയിലെ ഫ്രാൻസിസിനോട് ആ ക്രൂശിതരൂപം ഇപ്രകാരം മന്ത്രിച്ചു. 'എന്റെ സഭയെ പടുത്തുയർത്തുക. അതിന്റെ കുറവുകളും കേടുപാടുകളും നീക്കാൻ നീ അക്ഷീണം പരിശ്രമിക്കുക.' തിരുസഭയുടെ ചരിത്രത്തിലെ ഒരു പുത്തൻ വിപ്ലവത്തിന് അന്ന് ആ കപ്പേള ഉദ്ഘാടന വേദിയായി.

റാന്നി-പെരുന്നാട്ടിലെ മുണ്ടൻ മലയ്ക്കും ഇങ്ങനെ ഒരു ചരിത്രം പറയാനുണ്ട്. ബഥനി ആശ്രമത്തിന്റെ ചാണകം മെഴുകിയ തറയോട് പറ്റിച്ചേർന്ന് ധ്യാനപൂർവം പ്രാർത്ഥനാനിരതനായ യതിവര്യനായ മാർ ഈവാനി

www.malankaralibrary.com

യോസിനോട് അതേ ക്രൂശിതൻ മന്ത്രിച്ചു: 'തന്റെ സഭയെ കക്ഷിവഴക്കുകളിൽ നിന്നും ചേരിപോരുകളിൽ നിന്നും മോചിപ്പിച്ച് പണിതുയർത്തുക.' ക്രിസ്തു ശിഷ്യനായ മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ കേരളസഭയിൽ മലങ്കര സഭാസമൂഹത്തിൽ ഒരു പുതിയ സ്നേഹവിപ്ലവത്തിന്റെ ഉദ്ഘാടന വേദിയായി മുണ്ടൻമലയുടെ ആശ്രമ ചാപ്പൽ മാറി. തുടർന്ന് ദൈവാശ്രയം കൈമുതലാക്കിയ ഒരു സന്യാസവര്യന്റെ തീർത്ഥയാത്ര, ഒരു ഭിക്ഷാംദേഹിയെപ്പോലെ ആരംഭിച്ചു. സ്വപ്നം കണ്ടതും പടുത്തുയർത്തിയതും ആയ മുണ്ടൻമലയെ ഉപേക്ഷിച്ച് പുറപ്പെട്ട ആ യാത്രയവസാനിച്ചത് കൊല്ലം തങ്കശ്ശേരിയിലെ അരമന ചാപ്പലിൽ ആയിരുന്നു. ബഥനിമെത്രാൻ അങ്ങനെ പരിശുദ്ധ കത്തോലിക്കാ സഭയിലെ മെത്രാനായി മാറി. പിന്നീട് അങ്ങോട്ട് ക്രൂശിതന്റെ സ്വരം മാത്രം ശ്രദ്ധിച്ചുള്ള യാത്രയായിരുന്നു. ആ യാത്രയിൽ അനേകായിരങ്ങൾ പ്രാർത്ഥനാപൂർവം പങ്കുകാരായി. വിപ്ലവഗാനത്തിന്റെ പല്ലവികളും അനുപല്ലവികളും ഏറ്റുപാടി അനേകർ അനുധാവനം ചെയ്തു. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്ക സഭയായി മാറി. പുനരൈക്യമെന്ന മഹത്തായ സ്വപ്നം സഫലമായി. പുനരൈക്യത്തിന്റെ ശതാബ്ദിയിലേക്ക് നടന്നടുക്കുന്ന മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ചരിത്രം പഠിക്കുമ്പോൾ ആദ്യം ദൈവാശ്രയം കൈമുതലാക്കിയ ആ പുണ്യ പിതാവിന്റെ വഴിത്താരകളെ ധ്യാനിക്കുന്നത് ഏറെ അഭികാമ്യമാണ്.

ഒന്നാമതായി, മാർ ഈവാനിയോസ് തിരുമേനി, ദൈവാശ്രയത്തിൽ ശരണം പ്രാപിച്ച് സ്വയം ശൂന്യനായി. വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതിയ ലേഖനം രണ്ടാം അധ്യായം ഏഴാം വാക്യത്തിൽ പഠിപ്പിക്കുന്നതുപോലെ തന്നെ തന്നെ ശൂന്യനാക്കിയ ലോകത്തിന്റെ ഏക രക്ഷകനായ യേശുക്രിസ്തുവിനോട് താദാമ്യപ്പെട്ട് മുണ്ടൻമലയിലെ സകല ഭൗതികവസ്തുക്കളെയും ഉപേക്ഷിച്ചു. ആ നിശ്ചയദാർഢ്യമാണ് ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സർവൈശ്വര്യങ്ങൾക്കും കാരണം. കേരളത്തിൽ മാത്രം വളർന്നുതുടങ്ങിയ ഒരു സഭ ആഗോളകത്തോലിക്ക സഭയുടെ ഐക്യത്തിൽ ലോകമെങ്ങും ശാഖകൾ വീശിയ ഒരു മഹാവൃക്ഷമായി മാറുകയായിരുന്നു. ഈ കാലഘട്ടത്തിൽ ഐക്യത്തിന്റെ സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കാൻ സിദ്ധിയുള്ള സഭയായി മലങ്കര സുറിയാനി കത്തോലിക്ക സഭ മാറി. അതിവേഗം വളരുന്ന സഭയാണിതെന്ന് വി.



www.malankaralibrary.com



ജോൺ പോൾ മാർപാപ്പ വിശേഷിപ്പിച്ചത് ഈ സഭയുടെ ഭാഗ്യമല്ലാതെ മറ്റെന്താണ്. പൗരസ്ത്യ സഭാപാരമ്പര്യത്തിൽ അധിഷ്ഠിതമായ അന്ത്യോക്യൻ ആരാധനക്രമത്തിൽ അടിയുറച്ച ഈ സഭയെ പ്രത്യാശയോടെ ഞാൻ കാണുന്നു എന്ന് ആഗോള കത്തോലിക്ക സഭയുടെ അമരക്കാരൻ പരിശുദ്ധ ലെയോ പതിനാലാമൻ പറഞ്ഞതും ദൈവീകതയല്ലാതെ മറ്റെന്താണ്.

രണ്ടാമതായി, എവിടെ ദൈവാശ്രയ ബോധം നഷ്ടപ്പെടുന്നുണ്ടോ അവിടെ ജീർണ്ണതയുണ്ടാകും എന്ന് തിരിച്ചറിഞ്ഞ പിതാവായിരുന്നു മാർ ഈവാനിയോസ് തിരുമേനി. വളരെ സുന്ദരമായ ചണവസ്ത്രം യൂഫ്രട്ടീസ് നദീതീരത്ത് കുഴിച്ചിട്ടിട്ട് ഏതാനും നാളുകൾ കഴിഞ്ഞ് പുറത്തെടുക്കുമ്പോൾ ജറെമിയ പ്രവാചകൻ ദൈവത്തോട് പറയുന്നുണ്ട്- ആർക്കും ഉപയോഗിക്കാൻ പറ്റാത്ത വിധത്തിൽ ഈ ചണ വസ്ത്രം ജീർണ്ണിച്ച് പോയിരിക്കുന്നു. അദൃശ്യനായ ദൈവത്തിന്റെ കൃപാവരങ്ങൾ കൂദാശകളിലൂടെ കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന സത്യാരാധകർക്ക് സംലഭ്യമാക്കി കൊടുക്കേണ്ട ഒരു സഭ, യൂദാസിന്റെ കണ്ണുകളിൽ ഉടക്കിയ മുപ്പതു വെള്ളിക്കാശിനു സദൃശ്യമുള്ള ഒരു വട്ടിപ്പണത്തിലേക്ക് മാറിയപ്പോൾ ഒരു സഭയുടെ ജീർണ്ണതയാരംഭിക്കുകയായിരുന്നു. പിന്നീട് അങ്ങോട്ട് നാളിതുവരെയും തീർപ്പുകൽപ്പിക്കാൻ സാധിക്കാത്ത കോടതി വ്യവഹാരങ്ങളുടെ ഊരാകുടുക്കിൽ നിന്നും മോചിതമാകാത്ത ഒരു സഭയെ തന്റെ ഉൾക്കണ്ണിന്റെ വെളിച്ചത്തിൽ കാണുവാൻ കഴിഞ്ഞതുകൊണ്ടാണ്, ജീർണ്ണതയില്ലാത്ത ഒരു സഭയായി മലങ്കര സുറിയാനി കത്തോലിക്ക സഭ മാറിയത്.

ജീർണ്ണതയിലേക്ക് വഴുതിവീണ ഒരു സഭയുടെ ഉയിർത്തെഴുന്നേൽപ്പിന്റെ മറുപേരായിരുന്നു 'പുനരൈക്യം.' യേശുക്രിസ്തുവിന്റെ പുനരൈക്യത്തിൽ വിശ്വസിക്കാത്ത ഫരിസേയരുടേയും സദൂക്കായരുടേയും പിൻതലമുറപോലെ ചിലർ കേരളസഭയിൽ ഇപ്പോഴും ഉള്ളതുകൊണ്ടാണ്, പുനരൈക്യത്തിന്റെ ആനന്ദം അനുഭവിക്കാൻ കഴിയാതെ പോകുന്നത്. ഈ വർഷത്തെ പദയാത്രയിൽ ജീർണ്ണതയുടെ ദുർഗന്ധത്തിൽ നിന്നും മോചിതയാകുവാൻ പ്രാർത്ഥിക്കാം.

മൂന്നാമതായി, ദൈവത്തെ തിരസ്ക്കരിക്കാതെ ജീവിച്ച പുണ്യ പിതാവായിരുന്നു മാർ ഈവാനിയോസ്. 'സ്വർണ്ണമായിരുന്നു എന്റെ ആശ്രയമെങ്കിൽ, തങ്കത്തിൽ ഞാൻ എന്റെ പ്രത്യാശ അർപ്പിച്ചത് എങ്കിൽ, അത് ഉന്നതനായ ദൈവത്തെ തിരസ്ക്കരിക്കലായിരുന്നു' (ജോബ് 31: 24,28). നീതിമാനായ ജോബിനെപ്പോലെ ദൈവത്തിൽ മാത്രം പ്രത്യാശവച്ചും ദൈവത്തിൽ മാത്രം ശരണം വെച്ചും ജീവിക്കാൻ ഋഷി തുല്യനായ മാർ ഈവാനിയോസിന് സാധിച്ചു. മുണ്ടൻമലയിലെ ഏതാനും ഭൗതിക കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ച് ജീവിച്ചിരുന്നെങ്കിൽ അത് ഉന്നതനായ ദൈവത്തെ തിരസ്ക്കരിക്കുന്നതിന്, ആ ദിവ്യമായ സ്നേഹം തിരസ്ക്കരിക്കുന്നതിന് തുല്യമായി മാറിയേനെ. എന്നാൽ, ഉന്നതനായ ദൈവത്തെ തിരസ്ക്കരിക്കാൻ തയ്യാറാകാതെ ഇരുന്നതുകൊണ്ടാണ് ഇന്ത്യയിലെ ഒരു സഭ ഇന്ന് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്നത്. ഈ വർഷത്തെ പദയാത്രയിൽ നമുക്ക് പ്രാർത്ഥിക്കാം – ഓ, എന്റെ ദൈവമേ, ഒരു നിമിഷാർദ്ധത്തിൽ പോലും നിന്നെ തിരസ്ക്കരിക്കാൻ എന്നെ അനുവദിക്കരുതെ.

നാലാമതായി, ബലിപീഠത്തോട് ചേർന്ന് ജീവിച്ച പുണ്യ പിതാവായിരുന്നു, കൂദാശ ശെമ്മാശ്ശൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മാർ ഈവാനിയോസ് തിരുമേനി. എന്റെ ഗുരുവും മാർ ഈവാനിയോസ് തിരുമേനിയുടെ ശിഷ്യനുമായിരുന്ന വന്ദ്യ തൈക്കൂട്ടത്തിൽ സാമുവേൽ റമ്പാച്ചൻ ഒരിക്കൽ പറഞ്ഞു. ബലിപീഠത്തിൽ വയ്ക്കുന്ന അപ്പവും വീഞ്ഞും യേശുക്രിസ്തുവിന്റെ ശരീരവും രക്തവും ആയി

www.malankaralibrary.com



പരിണമിക്കുന്നതു പോലെ ബലിപീഠത്തിൽ ഉതിർന്നുവീഴുന്ന കണ്ണുനീർ തുള്ളികളും അനുഗ്രഹമായി പരിണമിക്കും. മാർ ഈവാനിയോസ് പിതാവ് കണ്ണുനീരിൽ ചാലിച്ച പ്രാർത്ഥന ബലിപീഠത്തിലർപ്പിച്ചതു കൊണ്ടാണ് ഈ സഭ പടർന്നു പന്തലിച്ചത്. നിത്യവും വി.കുർബാനയർപ്പിക്കാൻ ഒരു പക്ഷേ മറന്നു പോകുന്നവർക്ക് പുണ്യ പിതാവിന്റെ ദിവസേനയുള്ള ബലിയർപ്പണത്തിന്റെ മഹത്വം തിരിച്ചറിയാൻ സാധിച്ചിട്ടില്ല എന്നും നാം ഓർക്കണം. 'കുരുകിൽ പക്ഷി ഒരു സങ്കേതവും മീവൽ പക്ഷി ഒരു കൂടും അങ്ങയുടെ ബലിപീഠത്തിൽ കണ്ടെത്തുന്നു വല്ലോ. എന്നേക്കും അങ്ങയെ സ്തുതിച്ചു കൊണ്ട് അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവൻ ഭാഗ്യവാൻ. അവരുടെ ഹൃദയത്തിൽ സീയോനിലേക്കുള്ള രാജവീഥിയുണ്ട്' (സങ്കീ 84: 3 –4). ഈ കാലഘട്ടത്തിൽ സ്വർഗ്ഗീയ രാജവീഥിയിലേക്ക് അനേകരെ ആനയിക്കുന്ന സവിശേഷമായ ദൗത്യം നിർവഹിക്കുന്ന സഭയാണ് മലങ്കര സുറിയാനി കത്തോലിക്ക സഭ. ഈ പദയാത്രയിൽ നമുക്ക് പ്രാർത്ഥിക്കാം, അനുദിന ബലിയർപ്പണം മുടക്കാതിരിക്കാൻ ഒരു കൃപ തരണമെയെന്ന്.

അഞ്ചാമതായി, ദൈവത്തോട് ചേർന്നിരിക്കാൻ മനസ്സുകാട്ടിയ പുണ്യ പിതാവാണ് ധന്യൻ മാർ ഈവാനിയോസ്. അരക്കച്ച അരയോട് ചേർന്നിരിക്കും പോലെ ദൈവത്തോട് പിതാവ് ചേർന്നിരുന്നു. 2014 നവംബർ 8 ന് ഫ്രാൻസിസ് മാർപാപ്പ ഇറ്റാലിയൻ മെത്രാൻ സമിതിയോട് ഇപ്രകാരം പറഞ്ഞു. 'നല്ല ഇടയനുമായി താദാത്മ്യത്തിൽ എത്തിയ ഒരുവനുമാത്രമേ, ഏകത്വവും സമാധാനവും ബലവും ശുശ്രൂഷയിലൂടെ പ്രാപ്തമാകൂ.' നല്ലയിടയനായ ദൈവത്തോട് ചേർന്നിരിക്കാൻ മനസ്സുകാട്ടിയതുകൊണ്ടാണ് ഭാരത സഭയുടെ സമാധാനമായ പുനരൈക്യത്തിന് ചുക്കാൻ പിടിക്കാൻ മാർ ഈവാനിയോസ് പിതാവിന് സാധിച്ചത്. ഈ പദയാത്രയിൽ നമുക്ക് ഒന്ന് ചേർന്ന് ഏറ്റു പാടാം– ഭാരത സഭയുടെ സമാധാനമായ പുനരൈക്യമെ... സമാധാനത്താലെ വരുക.

ക്രൂശിത രൂപത്തിന്റെ മുമ്പിൽ ഇരുന്ന വി. ഫ്രാൻസിസ് അസ്സീസ്സിയും ധന്യൻ മാർ ഈവാനിയോസ് തിരുമേനിയും കേട്ടത് ഒരേ ക്രിസ്തുവിന്റെ സ്വരമായിരുന്നു. അതു കൊണ്ടാണ് മരണക്കിടക്കയിലും പുണ്യ പിതാവ് പറഞ്ഞത്. 'എന്റെ കട്ടിലിന്റെ ഇരുവശവും ഓരോ കുരിശ് വയ്ക്കണം, ഞാൻ ഇടത്തോട്ടൊ വലത്തോട്ടോ തിരിയുമ്പോൾ എന്റെ ശ്രദ്ധ ക്രൂശിതനിൽ തന്നെയാകണം.'

ദീർഘവീക്ഷണത്തോടെ സഭയെ നയിച്ച ആ പുണ്യ പിതാവിന്റെ ഓർമ്മ തിരുന്നാൾ അനുഗ്രഹമായി തീരട്ടെ.

www.malankaralibrary.com



പദയാത്ര ഒരു ആത്മീയ ചരിതം



റവ. ഫാ. ബെനഡിക്ട് പാലനിൽക്കുന്നതിൽ

ജൂൺ മാസത്തിലെ ഒരു ശാന്തമായ ദിനത്തിലാണ് റെയിം ക്രിസ്തൂസ് എന്ന ഞങ്ങളുടെ ബാച്ച് ഗ്രൂപ്പിലേക്ക് അവിചാരിതമായി ആ സന്ദേശം വന്നത്: "നമ്മുടെ പദയാത്ര അപ്പച്ചൻ പോയി...!"

ആ ഒറ്റ വരി എന്റെ ഓർമ്മകളെ 2 വർഷങ്ങൾ പിന്നിലേക്ക് കൂട്ടികൊണ്ടുപോയി. ഡീക്കനായിരുന്നപ്പോൾ പെരുന്നാട്ടിൽ നിന്ന് പദയാത്ര ആരംഭിച്ചപ്പോൾ ഒരു അപ്പച്ചനെ കണ്ടുമുട്ടി. ഇടുക്കി ജില്ലയിലെ ചക്കുപള്ളം സെന്റ് മേരിസ് ഇടവകാംഗമായ, എല്ലാവരും സ്നേഹത്തോടെ 'ജോയിച്ചായൻ' എന്ന് വിളിക്കുന്ന 78 വയസ്സുകാരനായ ആ വൃദ്ധൻ. അന്ന് അണക്കരയിൽ നിന്ന് ആരംഭിച്ച് തിരുവനന്തപുരം പട്ടം കബറിടം വരെയുള്ള തന്റെ ഏഴാമത്തെ പദയാത്രയിലായിരുന്നു അദ്ദേഹം. സ്വന്തം ഗ്രാമമായ അണക്കരയിൽ നിന്ന് കാൽനടയായി പെരുനാട്ടിൽ എത്തുകയും, അവിടെനിന്ന് തീർത്ഥാടകർ അണിനിരക്കുന്ന പ്രധാന പദയാത്രയോട് ചേർന്ന് പട്ടം കബറിങ്കൽ വരെ നടന്നു തീർക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ വ്രതം. തളരാത്ത ആ പാദങ്ങളിലും വാർദ്ധക്യത്തിന്റെ ജരബാധിക്കാത്ത ആത്മീയ ചൈതന്യത്തിലും ഞാൻ കണ്ടത് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമായിരുന്നു. ആധുനിക ലോകത്തിന് അവിശ്വസനീയമെന്നു തോന്നാവുന്ന എന്തുമാത്രം വലിയ ആത്മീയ സാഹസികതയായിരുന്നു ആ ജീവിതം! വ്രത ശുദ്ധിയുടെയും ത്യാഗത്തിന്റെയും പദയാത്ര ഓർമ്മകൾ സമ്മാനിക്കുന്ന പുണ്യപ്രദമായ ദിനങ്ങൾ വീണ്ടും സമാഗതമാവുകയാണ്. ചില മനുഷ്യരുടെ മുൻപിൽ തലകൾ വണങ്ങിക്കൊണ്ട് നമുക്ക് ആരംഭിക്കാം.

മനുഷ്യഹൃദയത്തിന്റെ ആഴങ്ങളിൽ വേരൂന്നിയ ബോധപൂർവ്വമായ ഒരു യാത്രയാണ് പദയാത്ര. പ്രത്യാശയുടെയും സമർപ്പണത്തിന്റെയും ആത്മീയവഴികളിലൂടെയുള്ള ഒരു ആന്തരിക പ്രയാണം. ഈ യാത്ര കേവലം ഒരു വിനോദയാത്രയോ ചരിത്ര പ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കുകയോ അല്ല; മറിച്ച്, ദൈവത്താൽ തങ്ങൾ വിളിക്ക

www.malankaralibrary.com

പ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ്, പദയാത്രികർ, ആ ദിവ്യവിളിക്ക് മറുപടിയായി നടത്തുന്ന അർത്ഥപൂർണ്ണമായ ഈശ്വരവിചാരമാണത്. വീണ്ടും നമ്മൾ പെരുനാട്ടിൽ നിന്ന് ആരംഭിക്കുമ്പോൾ ഈ ആത്മീയ വഴിയിൽ ഏറ്റവും ഉദാത്തമായ മാതൃകയായി ധന്യൻ മാർ ഈവാനിയോസ് തിരുമേനി, നമ്മുടെ പുണ്യ പിതാവ് നമുക്ക് കൂട്ടായി ഉണ്ട്. ചരിത്രപ്രസിദ്ധമായ പുണ്യ പിതാവിന്റെ 1930-ലെ പദയാത്ര ഒരു സ്ഥലംമാറ്റമായിരുന്നില്ല, ജീവസ്സുറ്റ ഒരു മാതൃകയും പ്രവാചകതുല്യമായ ഒരു ദർശനമായിരുന്നു.

II. മറ്റൊരു പറുദീസായിലേക്ക്

പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ട അന്നുമുതൽ, അങ്ങോട്ടേക്ക് തന്നെ തിരികെ പ്രവേശിക്കാനുള്ള ശ്രമത്തിലാണ് മനുഷ്യൻ. അതിനായി ദൈവം ഒരു പാതയൊരുക്കിയിട്ടുമുണ്ട്. ദൈവീകമായ ഒരു ലക്ഷ്യസ്ഥാനത്തേക്ക്, മറ്റൊരു പറുദീസയിലേക്കാണ് നമ്മുടെ പദയാത്രകൾ നീളുന്നത്.

വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യ പുസ്തകം മുതൽ തന്നെ പദയാത്രകൾ നമുക്ക് കാണാം, അതിനാൽ പദയാത്രയുടെ ആത്മീയ അടിത്തറ ബൈബിൾ വിവരണങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവകല്പന അനുസരിച്ച് തന്റെ സ്വന്തക്കാരെയും ബന്ധുക്കളെയും ഉപേക്ഷിച്ച്, ദൈവം രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ആ സ്വർഗ്ഗീയ നഗരം തേടി ഇറങ്ങിത്തിരിച്ച അബ്രാഹാമാണ് പ്രഥമ തീർത്ഥാടകനായി അറിയപ്പെടുന്നത്. 'അബ്രഹാമിന്റെ ഈ വിശ്വാസം' ദൈവജനത്തിന് ഒരു യാത്രാചരിത്രം സമ്മാനിച്ചു.

ഇസ്രായേൽ ജനത്തിന്റെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നും വാഗ്ദത്ത നാട്ടിലേക്കുള്ള പുറപ്പാട് (Exodus), ദൈവത്തിന്റെ സന്നിധിയിലേക്കുള്ള ആത്മീയ തീർത്ഥാടനത്തിന്റെ മറ്റൊരു പ്രധാന പ്രതീകമാണ്. പുതിയ നിയമത്തിൽ, ഈ ചിന്ത അതിന്റെ പൂർണ്ണതയിലെത്തുന്നത് യേശുക്രിസ്തുവിലാണ്. യേശുവിന്റെ പരസ്യജീവിതം ജറുസലേമിലേക്കുള്ള ബോധപൂർവ്വമായ ഒരു തീർത്ഥാടനമായിരുന്നു; അവിടെയാണ് കുരിശിന്റെ രഹസ്യത്തിലൂടെ അവിടുന്ന് തന്റെ ദൗത്യം പൂർത്തിയാക്കിയത്. മാർ ഈവാനിയോസ് തിരുമേനി ഈ ബൈബിൾ മാതൃകയെ സ്വന്തം ജീവിതത്തിൽ പകർത്തിയ വ്യക്തിയായിരുന്നു. മുണ്ടൻമലയിലെ സന്യാസ ആശ്രമ മുറിയിൽ നിന്ന് ആരംഭിച്ച്, ആഗോള കത്തോലിക്കാ സഭാകൂട്ടായ്മയുടെ വിശാലമായ ചക്രവാളത്തിലേക്ക് അദ്ദേഹത്തെ നയിച്ച ആ അന്വേഷണം, ആ യാത്ര അതിന്റെ തെളിവാണ്.



III. മകനേ... സാക്ഷാൽ... പള്ളി

അജ്ഞാതമായ വഴികളിലേക്ക് ധീരമായി ചുവടുവെക്കാനുള്ള വന്ദ്യ പിതാവിന്റെ സന്നദ്ധത 1930-ന് മുമ്പുതന്നെ അദ്ദേഹത്തിൽ പ്രകടമായിരുന്നു. തന്റെ പതിനാലാം വയസ്സിൽ, കഠിനമായ കാറ്റും മഴയുമുള്ള ഒരു രാത്രിയിൽ, പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനിയ്ക്ക് വേണ്ടി ദൂരെയുള്ള ഒരു പള്ളിയിൽ നിന്നും വീട്ടിനാൽ ശെമ്മാശനെ കൂട്ടിക്കൊണ്ടുവരാൻ ബാലനായ ജോർജ്ജ് (മാർ ഈവാനിയോസ്) മാത്രമേ ധൈര്യപൂർവ്വം മുന്നോട്ടുവന്നുള്ളൂ. കൊടുങ്കാറ്റിലേക്ക് ഇറങ്ങിനടക്കാനുള്ള ആ കുഞ്ഞുനാളിലെ ധൈര്യം അദ്ദേഹത്തിന്റെ പിൽക്കാല ശുശ്രൂഷകളുടെ പ്രവാചക സൂചനയായിരുന്നു.

www.malankaralibrary.com



തന്റെ വലിയ പുറപ്പാടിനുള്ള ആത്മീയ കോമ്പസ് കുട്ടിക്കാലത്തുതന്നെ അദ്ദേഹത്തിന്റെ ഉള്ളിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഒരിക്കൽ, സഹോദരിയുടെ രോഗശാന്തിക്കായി അമ്മ അന്നമ്മയോടൊപ്പം ഒരു കത്തോലിക്കാ ദേവാലയം സന്ദർശിച്ച് മടങ്ങുമ്പോൾ, ആ അമ്മ മകന്റെ ഉള്ളിൽ സഭാ ഐക്യത്തിന്റെ പ്രവാചക വിത്ത് പാകി. ആ പള്ളിയുടേ നേരെ തിരിഞ്ഞുനോക്കിക്കൊണ്ട് അമ്മ മകനോട് പറഞ്ഞു:

'മകനേ, സാക്ഷാൽ പള്ളി അതാണ്. നമുക്ക് ആ പള്ളിയിൽ ചേരണം.'

പുണ്യപിതാവിനെ സംബന്ധിച്ചിടത്തോളം, 1930-ലെ ആ ചരിത്രപ്രസിദ്ധമായ കാൽനടയാത്ര ഈ മാതൃവചനത്തിന്റെ ആത്യന്തികമായ പൂർത്തീകരണമായിരുന്നു ക്രിസ്തുവിന്റെ ശരീരത്തിന്റെ ദൃശ്യമായ ഐക്യത്തിലേക്കുള്ള ഒരു തിരിച്ചുവരവ്.

IV. ഇനിയും എങ്ങനെ തുടങ്ങാം...

പദയാത്ര പാതയിലൂടെയുള്ള ഒരു യാത്രയല്ല മറിച്ച് ഹൃദയത്തിന്റെ ഒരു ആത്മീയചലനമാണ്. ലോറൻ ആർട്രെസ് തന്റെ വോക്കിംഗ് എ സേക്രഡ് പാത്ത്' (Walking a Sacred Path) എന്ന പുസ്തകത്തിൽ ഒരു പഥികന്റെ ഹൃദയത്തിൽ നടക്കേണ്ട മൂന്ന് ചലനങ്ങളെ പറ്റി പറയുന്നുണ്ട്. ഈ പദയാത്ര ഹൃദയത്തിന്റെ ഒരു ആത്മീയ യാത്രയായി തീരണമെങ്കിൽ നമുക്ക് ഇങ്ങനെ തുടങ്ങാം.

ഒന്നാം ചലനം: ശുദ്ധീകരണം

തീർത്ഥാടന പാതയിലെ മൂന്ന് നിർണ്ണായക ആത്മീയ ഘട്ടങ്ങളിൽ ആദ്യത്തേത് ശുദ്ധീകരണമാണ് (Purgation). ഇത് അഹംഭാവത്തെ (Ego) പൂർണ്ണമായി കഴുകിക്കളഞ്ഞ്, ദൈവകൃപയാൽ ആത്മാവിനെ നിറയ്ക്കുന്ന ഒരു ദിവ്യമായ പ്രക്രീയയാണ് (Divine Detox).

നമ്മുടെ ഉള്ളിലെ ആകുലതകൾ, ഉത്കണ്ഠകൾ, നിരാശകൾ, ഭയം, സംശയങ്ങൾ, ദൗർബല്യങ്ങൾ എന്നിവയെല്ലാം ദൈവത്തിന് മുന്നിൽ പൂർണ്ണമായി സമർപ്പിക്കുന്ന നിമിഷമാണിത്. നിങ്ങളുടെ തീർത്ഥാടനം ആരംഭിക്കുമ്പോൾ ഒട്ടും ധൃതികൂട്ടരുത്. നേട്ടങ്ങൾക്കു മാത്രം മുൻഗണന നൽകുന്ന ഇന്നത്തെ നമ്മുടെ സമൂഹം എവിടെയങ്കിലും അല്പനേരം ശാന്തമായി ചെലവഴിക്കാനോ കാത്തിരിക്കാനോ ശീലിച്ചവരല്ല. ഫോണിൻറെ സ്ക്രീനിൽ ഒരുമാത്ര അമർത്തികഴിയുമ്പോൾ പൊടുന്നനെ കാണാൻ ആവശ്യമുള്ളത് കാണാൻ ആഗ്രഹിക്കുന്നതുപോലെ, ഈ യാത്രയും എത്രയും വേഗം അവസാനിപ്പിക്കണമെന്ന ഒരു സമ്മർദ്ദം നമുക്ക് തോന്നിയേക്കാം. എന്നാൽ ആ വേഗതയെ ചെറുക്കുക. തീർത്ഥാടനം എന്നത് ലക്ഷ്യബോധത്തെക്കുറിച്ചാണ്, വേഗതയെക്കുറിച്ചല്ല.

ഓരോ ചുവടിലും നമ്മുടെ ശ്രദ്ധ തിരിക്കുന്ന ലൗകിക ചിന്തകളെസഹപ്രവർത്തകരുമായുള്ള തർക്കങ്ങൾ, പങ്കാളിയുമായോ മക്കളുമായോ ഉള്ള അഭിപ്രായവ്യത്യാസങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവയെല്ലാം അകറ്റിനിർത്തുക. ഈ തീർത്ഥാടനയാത്രയിൽ ഓരോ തിരിവിലും നമ്മുടെ വ്യക്തിപരമായ പാപങ്ങളെയും ഭാരങ്ങളെയും ദൈവത്തിന് മുന്നിൽ ഇറക്കിവെക്കുക. സി. എസ്. ലൂയിസ് നിരീക്ഷിച്ചതുപോലെ, "നമ്മുടെ ഉള്ളിൽ എന്തുണ്ടാകണമായിരുന്നോ അതല്ല, മറിച്ച് ഇപ്പോൾ നമ്മുടെ ഉള്ളിൽ യഥാർത്ഥത്തിൽ എന്താണോ ഉള്ളത്, അതാണ് നാം ദൈവത്തിന് മുന്നിൽ സമർപ്പിക്കേണ്ടത്." ദൈവത്തോട് നമ്മൾ പാപങ്ങൾ ഏറ്റുപറയുകയാണെങ്കിൽ, "അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും." (1 യോഹന്നാൻ 1:9) എന്ന വി. യോഹന്നാന്റെ ആശ്വാസവചനങ്ങൾ ഇവിടെ ഓർക്കുക.

1930 ഓഗസ്റ്റ് 20-ന് മുണ്ടൻമലയിലെ ആശ്രമത്തിൽ നിന്ന് മാർ ഈവാനിയോസ് തിരുമേനി ഇറങ്ങിത്തിരിച്ചപ്പോൾ ഈ ഘട്ടം ആരംഭിച്ചു. ആശ്രമ ചാപ്പലിൽ നിന്നുകൊണ്ട് അദ്ദേഹം പ്രഖ്യാപിച്ചു:"നാം ഇവിടെ ഒന്നുമില്ലാതെ വന്നു; ഒന്നും ഇല്ലാതെ തന്നെ മടങ്ങുന്നു."

കാവിവസ്ത്രം ധരിച്ച്, ദാരിദ്ര്യവും ഒറ്റ

www.malankaralibrary.com

പ്പെടലും കഠിനമായ എതിർപ്പുകളും നിറഞ്ഞ ഒരു വലിയ 'അഗ്നിപരീക്ഷ'യിലേക്കാണ് പുണ്യപിതാവ് ചുവടുവെച്ചത്. ഈ സമർപ്പണം കേവലം ശാരീരികമായിരുന്നില്ല; മറിച്ച്, തീർത്ഥാടകൻ സ്വന്തം ആത്മവിശ്വാസത്തെ വെടിഞ്ഞ് ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയത്വം സ്വീകരിക്കുന്ന മനസ്സിന്റെ ഒരു 'ഗോഗുൽത്താ' ആയിരുന്നു അത്.

രണ്ടാം ചലനം: പ്രകാശനം

യാത്ര തുടർന്ന് 'ഇടവേളകളിലേക്ക്' കടക്കുമ്പോൾ, ലോറൻ ആർട്രെസ് പറയുന്നു, തീർത്ഥാടകൻ പ്രകാശനത്തിന്റെ (Illumination) ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇവിടെ, രാജവീഥി തന്നെ നടന്നുനീങ്ങുന്ന ഒരു ആശ്രമമായി (Walking monastery) രൂപാന്തരപ്പെടുന്നു. കാൽനടയാത്രയുടെ താളം മനസ്സിനെ ആന്തരികമായി ശാന്തമാക്കുകയും, ആധുനിക മനുഷ്യന്റെ ആത്മവിശ്വാസത്തിൽ നിന്നും ദൈവത്തിന് മുന്നിലുള്ള സമ്പൂർണ്ണ സമർപ്പണത്തിലേക്ക് തീർത്ഥാടകന്റെ പ്രപഞ്ചത്തെ മാറ്റുകയും ചെയ്യുന്നു.

ഒരു പദയാത്രികനായി മുന്നോട്ട് നടക്കുമ്പോൾ നമ്മുടെചിന്തകളെ ഏതെങ്കിലും ഒരു ബൈബിൾ വാക്യത്തിലോ, തിരുവചന വാഗ്ദാനത്തിലോ, അല്ലെങ്കിൽ ദൈവത്തിന്റെ ഏതെങ്കിലും ഒരു മഹത്വത്തിലോ കേന്ദ്രീകരിക്കുക. ഈ യാത്രയുടെ ഓരോ ചുവടും ഒരു കുഞ്ഞു ധ്യാനമായി മാറട്ടെ. നമ്മൾ തിരഞ്ഞെടുത്ത ആ വചനത്തിന്റെ ആഴം വർദ്ധിപ്പിക്കാനും നമ്മുടെ ആത്മീയ ജ്ഞാനം വികസിപ്പിക്കാനും ദൈവത്തോട് പ്രാർത്ഥിക്കുക.. ഈ പ്രകാശനം തീർത്ഥാടകന്റെ ലോകവീക്ഷണത്തെ പുനഃക്രമീകരിക്കുന്നു

"ഇല്യൂമിനേഷൻ' (Illumination) എന്ന വാക്ക് 'ലൂമൻ' (Lumen) എന്ന ലത്തീൻ പദത്തിൽ നിന്നാണ് ഉണ്ടായത്, വെളിച്ചം എന്നാണ് ഇതിനർത്ഥം. സെറാമ്പൂറിലെ പഠനകാലത്തു തന്നെ മാർ ഈവാനിയോസ് തിരുമേനി ഈ ആത്മീയ വെളിച്ചം പ്രകടിപ്പിച്ചിരുന്നു. മറ്റുള്ളവരെല്ലാം ഉറങ്ങിക്കഴിഞ്ഞും ഒരു തൂക്കുവിളക്കിന്റെ വെളിച്ചത്തിൽ അദ്ദേഹം പഠിക്കുമായിരുന്നു; തന്റെ ബൗദ്ധിക അന്വേഷണങ്ങളെപ്പോലും ഒരു ധ്യാനമായിട്ടാണ് അദ്ദേഹം കണ്ടിരുന്നത്. അദ്ദേഹത്തിന്റെ ആത്മീയ നർമ്മബോധത്തിലും ഈ ആന്തരിക വ്യക്തത പ്രകടമായിരുന്നു. 1932-ൽ റോം സന്ദർശിച്ച വേളയിൽ ഒരു കർദ്ദിനാൾ അദ്ദേഹത്തോട്,

"ഞാൻ മാർപ്പാപ്പാ ആയിരുന്നുവെങ്കിൽ നിങ്ങളെ ഒരു കർദ്ദിനാളായി നിയമിക്കുമായിരുന്നു" എന്ന് പറഞ്ഞപ്പോൾ,

ഒട്ടും പതറാതെ മാർ ഈവാനിയോസ് മറുപടി നൽകി:

"അവിടുന്നു മാർപ്പാപ്പാ അല്ലാത്തതിൽ ദൈവത്തിനു സ്തുതി."

ഈ വിശുദ്ധ പാതയിൽ, ദൈവത്തിന്റെ പൈതൽ ആയിരിക്കുക എന്നതിനേക്കാൾ മറ്റൊന്നുമില്ലെന്ന് തീർത്ഥാടകൻ തിരിച്ചറിയുന്നു.

മൂന്നാം ചലനം: കൂട്ടായ്മ (ലക്ഷ്യസ്ഥാനം)

ഈ ആത്മീയ യാത്രയുടെ ലക്ഷ്യസ്ഥാനം ദൈവവുമായുള്ള കൂട്ടായ്മയാണ് (Communion). ഇവിടെ വിശ്വാസം ഒടുവിൽ ദർശനമായി മാറുന്നു. നമ്മുടെ യാത്രയുടെ ലക്ഷ്യസ്ഥാനം പ്രധാനമാണെങ്കിലും, അവിടെ എങ്ങനെ എത്തിച്ചേരണമെന്ന് നമ്മെ പഠിപ്പിക്കുന്നത് ഈ യാത്ര തന്നെയാണ്.

നമ്മുടെ ഹൃദയത്തെ ആരാധനയ്ക്കായി ഒരുക്കുക. ഇത് ശ്വാസം പുറത്തുവിടുന്നതുപോലെയാണ്, സ്തുതിപ്പിന്റെ പരകോടിയാണത്. സങ്കീർത്തകൻ പ്രഖ്യാപിക്കുന്നതുപോലെ: "കൃതജ്ഞതാഗീതത്തോടെ അവിടുത്തെ കവാടങ്ങൾ കടക്കുവിൻ; സ്തുതികൾ ആലപിച്ചുകൊണ്ട് അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ. അവിടുത്തേക്കു നന്ദിപറയുവിൻ; അവിടുത്തെനാമം വാഴ്ത്തുവിൻ." (സങ്കീർത്തനങ്ങൾ 100:4).

ചരിത്രപരമായി ഈ കൂട്ടായ്മ അനുഭവം, 1930 സെപ്റ്റംബർ 20-ന് കൊല്ലം അരമന ചാപ്പലിൽ യാഥാർത്ഥ്യമായി, ഇത് മലങ്കര

www.malankaralibrary.com

പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉദയത്തിന് കാരണമായി.

ഇന്ന്, ആയിരക്കണക്കിന് പദയാത്രികർ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിലേക്ക് ഒഴുകിയെത്തുമ്പോൾ ഈ ഘട്ടം പുനർജനിക്കുന്നു. ഈ പുണ്യ ഭൂമി ആ പ്രവാചകന്റെ അന്ത്യകാല പ്രാർത്ഥനകളുടെ പൂർത്തീകരണമാണ്. രോഗശയ്യയിൽ കിടക്കുമ്പോൾ അദ്ദേഹത്തിന് രണ്ട് ആഗ്രഹങ്ങളാണുണ്ടായിരുന്നത്: പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന പുതിയ കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിക്കണമെന്നതും, സ്വന്തം കൈകളാൽ ഒരു സഹായ മെത്രാനെ വാഴിക്കണമെന്നതും. ദൈവകൃപയാൽ ഇവ രണ്ടും സാധിച്ച അദ്ദേഹത്തിന്റെ അന്ത്യ വിശ്രമസ്ഥലം ഐക്യത്തിന്റെ ഒരു വലിയ സ്മാരകമായി മാറി. അതുകൊണ്ട് തന്നെ പട്ടത്തെ കബറിടം ദൈവത്തിൽ പൂർത്തിയായ ഒരു തീർത്ഥാടനത്തിന്റെ ആത്യന്തിക ഭൂഗോള കേന്ദ്രമാണ്.

V. കഥയല്ലിത്...

ഈ യാത്ര അവസാനിക്കുമ്പോൾ നാം അറിയാതെ തിരിച്ചറിയും ഈ പദയാത്ര ഭൂതകാല ചരിത്രത്തിന്റെ ഒരു അനുസ്മരണമല്ല; മറിച്ച് അത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ജീവിതശൈലികൾക്കെതിരെയുള്ള ജീവസ്സുറ്റ മറുമരുന്നാണ്. യാത്ര ഇവിടെ അവസാനിക്കുന്നില്ല. മറ്റൊരു പറുദീസയിലേക്കാണ് നമ്മുടെ യാത്ര നീളുന്നത്. എന്നാൽ നാം ഇതുവരെ അവിടെ എത്തിച്ചേർന്നിട്ടില്ല. നമ്മുടെ പാദങ്ങൾക്ക് താഴെയുള്ള കല്ലും മണ്ണും ഇനിയും പൊന്നായി മാറിയിട്ടില്ല. എങ്കിലും, നമ്മുടെ വിശ്വാസം ദർശനമായി മാറുകയും, സ്വർഗ്ഗം നമ്മുടെ നിത്യഭവനമായിത്തീരുകയും ചെയ്യുന്ന ഒരു ദിവസം വരികതന്നെ ചെയ്യും, സർവ്വശക്തന്റെ നിത്യമായ കരങ്ങളാൽ നാം ആലിംഗനം ചെയ്യപ്പെടുന്ന ഒരു ദിവസം. ഇതാണ് തീർത്ഥാടകന്റെ വിശുദ്ധ പദയാത്ര! ഇപ്പോഴും പ്രീയപ്പെട്ട ആ വരികൾ കാതിൽ മുഴങ്ങുന്നു:

"...കഥയല്ലിത് പഥികന്റെ വ്യഥ മാറിയ ചരിതം..."

References:

George, Christian T. The Discipline of Christian Pilgrimage. pp. 942-944.

Inchackalodi, Thomas. Archbishop Mar Ivanios. Kottayam: Catholic Press and Book Depot, 1983.

Onakkoor, George. Mar Ivanios - Prophet of Reunion. Kottayam: Bethany Sisters' Generalate.

VACARU, C., "The Biblical Foundations of the Pilgrimage", Int. Lett. Soc. Humanist. Sci. 65 (2015) 58-67.



www.malankaralibrary.com





റവ. ഫാ. സഖറിയ പുഷ്പവിലാസം

പുനരൈക്യ ശിൽപി ധന്യൻ മാർ ഈവാനിയോസ്

യോഗീവര്യനും പുണ്യശ്ലോകനുമായ ധന്യൻ മാർ ഈവാനിയോസ് മലങ്കരയിലെ ഐക്യത്തിന്റെ പ്രവാചകനാണ്. പല കാലഘട്ടങ്ങളിലും വിവിധ മഹാന്മാർ ലോകത്തിൽ കടന്ന് വന്നിട്ടുണ്ട്. ധന്യൻ മാർ ഈവാനിയോസിനെക്കുറിച്ച് വിവിധ ഗ്രന്ഥകർത്താക്കൾ സവിസ്തരം വിവരിച്ചിട്ടുണ്ട്. എന്നാൽ എഴുതപ്പെട്ട ഗ്രന്ഥങ്ങൾക്കോ അനുഭവ സാക്ഷ്യങ്ങളിലോ ഒതുങ്ങി നിൽക്കുന്ന ഒരു വ്യക്തിത്വം അല്ല മാർ ഈവാനിയോസിന്റെത്. ഇന്നും പ്രചോദനമായി, മാർഗ്ഗദീപമായി പ്രശോഭിക്കുന്നമഹാ സൂര്യ തേജസ്സാണ് ധന്യൻ മാർ ഈവാനിയോസ്.

ഐക്യത്തിന്റെ പ്രവാചക ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം

മലങ്കരയിലെ പുരൈക്യത്തിന് പല നാൾവഴി ഉണ്ട്. അതിലൂടെ കടന്ന് പോകാം. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ പലരും പരിശ്രമിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക്.

www.malankaralibrary.com

1. ആറാം മാർത്തോമ്മാ (വലിയ മാർ ദിവാനിയോസ് നടത്തിയ പുനരൈക്യ പരിശ്രമങ്ങൾ)

1772-ൽ നിരണത്ത് വെച്ച് മെത്രാനായി അഭിഷിക്തനായ ആറാം മാർത്തോ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടാൻ ആഗ്രഹിക്കുകയും തന്റെ അപേക്ഷ വാരാപ്പുഴ മെത്രാപ്പോലീത്താ വഴി റോമിലേക്ക് അയ്ക്കുകയും ചെയ്തു. റോമിലെ കർദ്ദിനാൾ സംഘം 1971 ആഗസ്റ്റ് 21-ന് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് 'പ്രോട്ടോനോട്ടറി' എന്ന പദവിയുടെ കത്ത് ലഭിച്ചു. ആറാം മാർത്തോമ്മായ്ക്ക് യഥാർത്ഥ കൈവയ്പ് ലഭിച്ചിരുന്നില്ല. തനിക്ക് യഥാർത്ഥമായ കൈവയ്പ് ലഭിച്ചില്ല എന്ന് ജനങ്ങൾ അറിഞ്ഞാൽ ഉണ്ടാകുന്ന അപമാനത്തിൽ പ്രോട്ടോനോട്ടറി സ്ഥാനം സ്വീകരിക്കില്ല. പ്രോട്ടോനോട്ടറി എന്നത് അദ്ദേഹത്തെ ആശ്രയിച്ച് നിൽക്കുന്നവരുടേമേൽ ആത്മീയ ഭരണമൊഴിച്ചുള്ള ലൗകികാധികാരങ്ങളുമൊഴിഞ്ഞ് അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിന് റോമിലെ കകർദ്ദിനാൾ സംഘം നിശ്ചയിച്ചിരിക്കുന്നതായി പ്രസ്താവിച്ചിരുന്നു. വിദേശ മിഷണറിമാർ മുഖേനയാണ് മാർത്തോമ്മാ കത്തിടപാടുകൾ നടത്തിയിരുന്നതും, കാലതാമസവും പുനരൈക്യം എന്നതിനെ നിർജ്ജീവമാക്കി.

2. കരിയാറ്റിൽ മൽപാൻ മുഖേന നടത്തിയ പരിശ്രമം

റോമിലെ പ്രൊപ്പഗത്താ കോളേജിൽനിന്ന് ഉപരി ബിരുദം സമ്പാദിച്ചു ആലങ്ങാട്ട് സ്വദേശിയായ കരിയാറ്റിൽ ജോസഫ് മൽപാന്റെ പേർക്ക് കത്തോലിക്കാ സഭയുമായി പുനരൈക്യം പ്രപിക്കുവാൻ താൻ ആഗ്രഹിക്കുന്നു എന്നും അതിനായി നേരിൽ കണ്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നതായും ആറാം മാർത്തോമ്മാ ആഗ്രഹം പ്രകടിപ്പിച്ച് ഒരു കത്ത് നൽകി. കരിയാറ്റിൻ ജോസഫ് മൽപ്പാൻ നിരത്ത് മാർ ദിവാനിയോസിനെ നേരിൽ കണ്ട് സംസാരിച്ചു. 1778-ൽ കരിയാറ്റിൻ മൽപാൻ പാറമേൽ തോമാ കത്തനാരുമായി റോമിലേക്ക് യാത്ര തിരിച്ചു. (1778-ാം കാലം മീനം 10-ാം തീയതി എഴുതിയ കത്തിന്റെ ഇംഗ്ലീഷ് പതിപ്പ് മി. മെക്കൻസിയുടെ Christianity in Travancore എന്ന കൃതിയും Mr.T. K. Vellupilla തയ്യാറാക്കിയ The Travancore State Mannal എന്നതിന്റെ രണ്ടാം പതിപ്പിലും വിവർത്തനം കാണാവുന്നതാണ്)

മദ്രാസിൽ നിന്നും കപ്പൽ യാത്ര തിരിച്ച ഇവർ ആഫിക്ക ഭൂഖണ്ഡം ചുറ്റി പത്ത് മാസം കൊണ്ട് പോർട്ടിംഗലിൽ എത്തി. മാഹാരാജ്ഞിക്ക് ഒരു അപേക്ഷ സമർപിപിച്ചു. തുടർന്ന് 1780 ജനുവരി 3-ാം തീയതി അവർ റോമിൽ എത്തി ആറാം പിയൂസ് മാർപ്പാപ്പയെ സന്ദർശിച്ച് അപേക്ഷ സമർപ്പിച്ചു. തുടർന്ന് റോമിൽ നിന്ന് വേണ്ട് അന്വേഷണം ഉണ്ടായി.

a) ആറാം മാർത്താമ്മായ്ക്ക് യഥാർത്ഥ കൈവയ്പ്പ് ലഭിച്ചുവോ?

b) അദ്ദേഹത്തെ മെത്രാനായി വാഴിച്ച് മാർ ഗ്രിഗോറിയോസ് സാക്ഷാൽ മെത്രാൻ ആയിരുന്നോ?

c) എഴുതിയ അപേക്ഷയിലെ കാര്യങ്ങൽ ഹൃദയപൂർവ്വകമാണോ? അതോ സ്ഥാപിത താൽപ്പര്യമുണ്ടോ?

അന്വേഷിച്ച് മറുപടി നൽകാൻ ഗോവാ മെത്രാപ്പോലീത്താ വഴി 1782-ൽ കൊച്ചി മെത്രാനെ ചുമതലപ്പെടുത്തി. കൊച്ചി മെത്രാൻ മറുപടി നൽകി. പോർട്ടുഗീസ് ഗവർമെന്റും അനുകൂലമായ റിപ്പോർട്ട് നൽകി. മാർ ദിവന്നിയാസ്യോസിന് തിരുസഭയിലേക്ക് സ്വീകരിക്കാൻ ഉള്ള അധികാരം കരിയാറ്റിൽ മെത്രാപ്പോലീത്തായ്ക്ക് റോമാ സിംഹാസനം നൽകി. 1785-ൽ പോർട്ടിംഗലിൽ നിന്ന് അദ്ദേഹം ഇന്ത്യയിലേക്ക് തിരിച്ചു. 1786 മെയ് 1-ന് ഗോവയിൽ എത്തി. 1786 സെപ്റ്റംബർ 9-ാം തീയതി മാർ കരിയാറ്റിൽ ഗോവയിൽ വച്ച് നിര്യാതനായി; ആറാം മാർത്തോമ്മായുടെ മൂന്നാമത്തെ പരിശ്രമവും പരാജയപ്പെട്ടു.

3. തച്ചിൽ മാത്യു തരകന്റെ പ്രേരണയാൽ നടത്തിയ പുനരൈക്യ പരിശ്രമം

മാർ ദിവന്നിയാസ്യോസ് കത്തോലിക്കാ സഭയുമായ പുനരൈക്യപ്പെടണം എന്ന് അതിയായി ആഗ്രഹിച്ചിരുന്നു. കേരള കത്തോലിക്കരുടെ പ്രഗൽഭനായ തട്ടിൽ മാത്യു തരകന്റെ

www.malankaralibrary.com

പ്രേരണയോടെ 1796 സെപ്റ്റംബർ 19-ന് കൊല്ലത്തു വച്ച് കൊച്ചി രൂപതാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ആറാം മാർത്തോമ്മാ, പാറേമാക്കൽ തോമാ കത്തനാർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. പതിനെട്ട് വർഷം മുമ്പ് റോമാ മാർപ്പാപ്പാ അനുമതി നൽകി എന്നും അതിൻ പ്രകാരം മാർ ദിവന്നാസ്യോസിനെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കണമെന്നതും സുറിയാനിക്കാരുടെ അപേക്ഷ. കൊച്ചി മെത്രാൻ ഈ പുനരൈക്യ അപേക്ഷ തള്ളി. കാരണം, മാർത്തോമ്മായെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്ന പക്ഷം, മാർ ദിവാന്നിസ്യോസ് പഴയകൂർ സുറിയാനിക്കാരുടെ മെത്രാനായിത്തീരുമെന്ന് കൊച്ചി മെത്രാൻ ഭയപ്പെട്ടു. ഭരണമില്ലാത്ത് ഒരു മത്രാനായിരിക്കുവാൻ ആറാം മാർത്തോമ്മാ വൈമനസ്യം പ്രകടിപ്പിച്ചു. അങ്ങനെ നാലാം പുനരൈക്യ പരിശ്രമവും പരാജയത്തിൽ അവസാനിച്ചു.

അവസാനത്തെ പരിശ്രമം

ഉദയം പേരൂർ സുന്നഹദോസ് തീരുമാനങ്ങൽ താൻ സിവീകരിക്കാത്തത് അന്ന് കൊച്ചി മെത്രാൻ തന്നെ കത്തോലിക്കാ സഭയിൽ സ്വീകരിക്കുവാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നത് എന്ന് ആറാം മാർത്തോമ്മായ്ക്ക് സംശയം ഉണ്ടായി. പ്രസ്തുത നിയമങ്ങൾ അംഗീകരിക്കുന്നു എന്ന് അദ്ദേഹം പടിയോലയിൽ എഴുതി ഒപ്പിട്ടു കൊടുത്തു. (മാർത്തോമ്മാ സന്ന്യാസികളുടെ സത്യ വിശ്വാസം. പേജ് 200)

1799 ജൂൺ 22-ന് ആലപ്പുഴ തത്തംപള്ളി മാർ മിഖായേൽ ദൈവാലയത്തിൽ വച്ച് മാർത്തോമ്മായും അനുയായികളും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ആറു മാസക്കാലം അവിടെ താമസിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചിരുന്നു. എന്നാൽ ഭരണാനുമതി കൊച്ചി മെത്രാൻ നൽകിയില്ല. ഉടമ്പടിയിൽ പറഞ്ഞിരുന്ന പ്രകാരം ആറാം മാർത്തോമ്മാ സർക്കാർ നിശ്ചയിച്ച പിഴ കെട്ടിവച്ച ശേഷം പുത്തൻകുറ്റിലേക്ക് തിരിച്ചു പോയി. പുത്തൻകാവിൽ താമസിച്ചു. 1803-ൽ നിര്യതനായി.

ചേപ്പാട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യ ശ്രമം

1825-1855 വരെയുള്ള മുപ്പതു വർഷക്കാലം യാക്കോബായ സഭാ ഭരണം നയിച്ചിരുന്നത് ചേപ്പാട് ദിവന്നാസ്യോസ് ആയിരുന്നു. പുനരൈക്യത്തിന് വരാപ്പുഴ മെത്രാപ്പോലീത്തയുമായി എഴുത്തുകൾ എഴുതിയിരുന്നു. പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ 'നവീകരണ ആശയങ്ങൾ' യാക്കോബായ സഭയിൽ പ്രചരിച്ചു തുടങ്ങി. അന്നത്തെ യാക്കോബായ അന്ത്യോക്യൻ പാത്രയാർക്കീസിന്റെ കർശന ഭരണവും അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചിരുന്നു. സാഹചര്യ സമ്മർദ്ദങ്ങളാൽ വരാപ്പുഴ മെത്രാനിൽ നിന്ന് അനുകൂലമായ മറുപടി ലഭിക്കാതെ അദ്ദേഹത്തിന് പുനരൈക്യ പരിശ്രമങ്ങളിൽ നിന്ന് പിൻമാറേണ്ടി വന്നു.

പുലിക്കോട്ട് മാർ ദിവന്നാസ്യോസും പുനരൈക്യവും

1865 മുതൽ 1909 വരെ 43 വർഷം യാക്കോബായ സഭയെ നയിച്ചത് പുലിക്കോട്ട് മാർ ദിവന്നാസ്യോസ് മെത്രാൻ അന്ന് ഇദ്ദേഹം വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ മുൻഗാമി ആയിരുന്നു. പുലിക്കോസ് മാർ ദിവന്നാസ്യോസും വൈദികരിൽ ശ്രദ്ധേയനായ കൊറവിങ്ങാട്ട് നിധിയിരിക്കൽ മാണി കത്തനാരും ചേർന്ന് പഴയകൂർ, പുതിയകൂർ സിറിയാനി ക്രിസ്ത്യാനികളുടെ സഹകരണത്തോടുകൂടി നസ്രോണിജാതൈക സംഘം, സംയുക്ത മഹാ പാഠശാല (കോളേജുകളും, സ്കൂളുകളും) വൃത്താന്തപത്രിക (നസ്രാണി ദീപിക/ ദീപിക, മനോരമ) പരോപകാര



www.malankaralibrary.com

സ്ഥാപനങ്ങൾ (അനാഥ മന്ദിരങ്ങൾ, വിദ്യാലയങ്ങൾ, സഹകരണ സംഘങ്ങൾ, തൊഴിൽ ശാലകൾ) എന്നിവ മധ്യ തിരുവിതാംകൂറിൽ ആരംഭിച്ചു.

മാണിക്കത്തനാരുടെ പ്രേരണ അനുസരിച്ച് നീലഗിരി ഊട്ടിയിൽ പോയി ദലഗാദ് അപ്പസ്തോലിക്ക ആയ മോൺസിഞ്ഞോർ അയൂത്തിയെ ദിവന്നാസ്യോസ് സന്ദർശിച്ചു. പതിമൂന്നാം ലയോ മാർപ്പാപ്പയുമായി ഉള്ള ആത്മീയ ബന്ധം വർദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും പുനരൈക്യം സ്ഥാപിച്ചില്ല.

കണ്ടനാട്ടു മാർ ഈവാനിയോസ് നടത്തിയ പുനരൈക്യ പരശ്രമം

കണ്ടനാട്ടു മാർ ഈവാനിയോസ് കത്തോലിക്കാ സഭ പുനരൈക്യ പരിശ്രമവും അതിന്റെ പരാജയവും അദ്ദേഹത്തിന്റെ തന്നെ സഹോദര പുത്രനും പിന്നീട് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടവനുമായ കണ്ടനാട്ടു കാരോട്ടു സൈമൺ ഡി. കോർ എപ്പിസ്കോപ്പ 'സത്യസഭ കാഹള' (ക്രൈസ്തവ കാഹളത്തിൽ 'ചതിവു ചെയ്ത കടുംകൈ' എന്ന തലക്കെട്ടിൽ വിവരിച്ചിട്ടുണ്ട്. യാക്കോബായ ആരാധനാ ക്രമങ്ങളിൽ നിന്ന് വി. പത്രോസിന്റെ പരമാധികാരം, റോമാ സിംഹാസനം എന്നത് എന്നും പ്രശംസിക്കപ്പെട്ടിരുന്നു. എറണാകുളം അതിരൂപതാ മെത്രാപ്പോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൻ പിതാവുമായി ആശയവിനിമയം നടത്തിയിരുന്നു. സഭാപ്രവേശനവും തിയറിയും സമയവും നിശ്ചയിക്കപ്പെട്ടിരുന്നു. സഭാ ഐക്യ പ്രവർത്തനത്തെ ബന്ധുവായ കാരോട്ട് സൈമൺ എതിർത്തു. മൂക്കാഞ്ചേരി പത്രോസ് റമ്പാനോട് പുനരൈക്യ പരിശ്രമങ്ങൾ കാരോട്ട് സൈമൺ അറിയിച്ചപ്രകാരം കരമാർഗ്ഗം കാറിൽ പോയാൽ ആളുകൾ അറിയുകയും വാഹനം തടയുകയും ചെയ്യും. അതിനാൽ ഒരു വള്ളത്തിൽ യാത്ര ചെയ്യാം, പരിമല സെമിനാരിയിൽ നിന്ന് യാത്രയ്ക്കായി വള്ളത്തിൽ തിരുമേനി അറിയാതെ രഹസ്യമായി ക്രമീകരിച്ചു. പതിവിൽ കൂടുതൽ തിരുമേനി ആ യാത്രയിൽ ഉറങ്ങി. എറണാകുളത്ത് പോകുന്നതിനു പകരം വൈക്കത്തെത്തി. യാത്ര തുടർന്നു. തിരുമേനി വാവിട്ട് കരഞ്ഞു– 'നിങ്ങളുടെയെല്ലാം ഇഷ്ടം പോലെയാകട്ടെ' തുടർന്ന് പരുമലയിൽ മൂന്നു വർഷക്കാലം താമസിച്ചു. അക്കാലത്ത് ആണ് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ ആയിരുന്നുകൊണ്ട് നിരണത്തുവച്ച് ധന്യൻ മാർ ഈവാനിയോസ് പിതാവിന് മെത്രാൻ സ്ഥാനം നൽകിയത്.

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ പരിശ്രമം

കോട്ടയം എം. ഡി. സെമിനാരി പ്രിൻസിപ്പലായിരുന്നപ്പോഴും സെറാമ്പൂർ കോളേജ് പ്രൊഫസറായിരുന്നപ്പോഴും കത്തോലിക്കാ മതഗ്രന്ഥങ്ങൾ വായിച്ചിരുന്നു. താൻ സ്ഥാപിച്ച് സന്ന്യാസി മഠവും ആശ്രമസ്ഥാപനത്തിലും കത്തോലിക്കാ സഭയിലെ നിയമാവഴികൾ സ്വീകരിച്ചിരുന്നു. യാക്കോബായ സഭയിൽ മെത്രാൻ സ്ഥാനം സ്വീകരിക്കുന്നതിനു മുമ്പ് കൽക്കദോനിയ സുനഹദോസിനെയും ലയോ മാർപ്പാപ്പയെയും ശപിച്ചുകൊണ്ടുള്ള വാചകം ചൊല്ലുകയും അതിൽ ഒപ്പിടുകയും ചെയ്യണമെന്നുള്ള നിയമം അഭിവന്ദ്യ പിതാവ് നിരസിച്ചു.

മെത്രാഭിഷേകത്തിനു ശേഷം നിരണത്തുവച്ച് നടത്തിയ പ്രസംഗത്തിൽ "ഒരു സഭയും ഒരു ഇടയനും" എന്ന പ്രസംഗത്തിൽ – നമ്മുടെ ഈ തലമുറയിൽ മലങ്കര സുറിയാനി സമുദായം രണ്ടായി ഭിന്നിച്ച് പോകാൻ നാം സമ്മതിക്കരുത്. എത്രത്തോളം ക്ഷമിക്കുകയും സഹിക്കുകയും ചെയ്യാമോ അത്രത്തോളം സഹിക്കാനും ക്ഷമിക്കാനും നാം തയ്യാറാവണം. മലങ്കര സഭയിൽ ഉണ്ടായിട്ടുള്ള ഭിന്നത അവസാനിപ്പിക്കുകയും കാതോലികമായ അടിസ്ഥാനത്തിന്റെ മാർത്തോമ്മാ സഭയുമായി പുനരൈക്യം സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രം നാം സംതൃപ്തിപ്പെട്ടുകൂടാ ഇപ്പോൾ ക്രിസ്തീയ നേതാക്കളിൽ പ്രതിസ്ഥാപിതമായ ആഗ്രഹം ക്രിസ്തീയ സഭയുടെ പുനരൈക്യം കഴിവതും എളുപ്പത്തിൽ സ്ഥാപിക്കണമെന്നുള്ളതാണ്.

ഈ പുനരൈക്യാത്മാവ് ഈ കേരളത്തിൽ അനന്യ സാധാരണമായ ശക്തിയോടുകൂടി

www.malankaralibrary.com



വ്യാപിച്ചു പ്രബലപ്പെടുന്നതിനു വേണ്ട ശ്രമങ്ങൾ ഈ കാതോലിക്കാ ബാവ തിരുമേനി ചെയ്യുമെന്ന് വിശ്വസിക്കുന്നു. നമ്മുടെ സഭയിലും സമീപ സഭകളിലുമുള്ള സഭാദ്ധ്യക്ഷനുമായി സ്നേഹവിനയ പുരസ്കരം സൗഹാർദ്ദബുദ്ധ്യാ വേണ്ട ആലോചനകൾ നടത്തുന്നതിന് തിരുമേനിക്കും എല്ലാ സഭകളിലെ നേതാക്കന്മാർക്കും ഭാഗ്യമുണ്ടായാൽ അതല്ലയോ പരമാഗ്യം.' (ബഥനി മാസിക 1925 ജൂൺ ലക്കം)

റഹമാനി പാത്രിയാർക്കീസുമായുള്ള ബന്ധം

ഓർത്തഡോക്സ് സഭാ മെത്രാന്മാരുടെ സുനഹദോസ് ചേർന്ന് മാർ ഈവാനിയോസ് പിതാവിനെ അന്ത്യോക്യായിലെ റഹ്മാനി പാത്രയാർക്കീസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിന് തീരുമാനിച്ചു. 1927 ഒക്ടബർ 30-ാം തീയതിയിലും 1929 ജൂലൈ 27-നും അഭിവന്ദ്യ പിതാവ് സുദീർഘമായ മറുപടി കത്തുകൾ എഴുതുകയുണ്ടായി. പാത്രിയർക്കീസിന്റെ കീഴിൽ പുനരൈക്യപ്പെടുന്നതിനേക്കാൾ കൂടുതൽ റോമായിലെ മാർപ്പാപ്പയുമായി നേരിട്ടുള്ള പുനരൈക്യം ആണ് വേണ്ടതെന്ന് പിതാവിന് ബോധ്യപ്പെട്ടു.

എറണാകുളം അതിരൂപതയുടെ അഭിവന്ദ്യ അഗസ്റ്റിൻ കണ്ടത്തിൽ പിതാവും റോമായിലെ കത്തോലിക്കാ സഭയുമായി മലങ്കര ബഥനി തിരുമേനി മാർ ഈവാനിയോസ് ചേരാൻ പ്രോത്സാഹനം നൽകിയിരുന്നു. ചങ്ങനാശ്ശേരി രൂപത അദ്ധ്യക്ഷൻ മാർ ജയിംസ് കാളാശ്ശേരി തിരുമേനിയുടെ നിർദ്ദേശപ്രകാരം ബഥനി മെത്രാന് അപ്പസ്തോലിക് ഡലിഗേറ്റർ വഴി അല്ലാതെ നേരിട്ട് കത്തുകൾ അയ്ക്കാമെന്ന് മാർ ഈവാനിയോസ് മനസ്സിലാക്കി.

മാവേലിക്കരക്കാരൻ ഫാ. റബേര റോമിലെ പ്രോപ്പഗാന്ത കോളേജിൽ പഠിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവ് റോമാ മാർപ്പാപ്പയ്ക്ക ഫാ. റബേരയുടെ സഹായത്തോടെ കത്തുകൾ അയയ്ക്കുന്നു. കത്തിൽ ചോദിച്ച ചോദ്യങ്ങൾക്ക് മറുപടികത്ത് റോമിൽ നിന്ന് വന്നു.

1876-ൽ ഇവിടെ വന്ന യാക്കോബായ മെത്രാപ്പോലിത്താമാർക്ക് 1876-ൽ കേരളം സന്ദർശിച്ച് പത്രോസ് തൃതിയൻ പാത്രയാർക്കീസിൽ നിന്നും 1911-ൽ ഇവിടെ സന്ദർശിച്ച അബ്ദ് മിശിഹ പാത്രയർക്കീസിൽ നിന്നും ശരിയായ കൈവയ്പ്പ് ലഭിച്ചിട്ടുണ്ട് എന്ന് റോമിന് മനസ്സിലായി.

റോമിലേക്ക് അയച്ച ഒന്നാം മെമ്മോറാണ്ടം

അതിലെ പ്രധാന ആവശ്യം

1) പുരാതനമായ തങ്ങളുടെ റീത്തും ആചാരങ്ങളും സംരക്ഷിക്കണം.

2) വി. സുനഹദോസിനും അതിലെ മെത്രാന്മാർക്ക് ഓരോരുത്തർക്കും, പുനരൈക്യപ്പെടുന്ന എല്ലാ യാക്കോബായ - സുറിയാനിക്കാരുടെയും മേലുള്ള അധികാരം നൽകിക്കൊണ്ടും-

3) അപ്പസ്തോലന്മാരിൽ പ്രധാനിയായ വി. പത്രോസിന്റെ പിൻഗാമിയായി പരിശുദ്ധ സിംഹാസനത്തിൽ വാണരുളുന്ന മാർപ്പാപ്പയുടെ പരമാധികാരത്തിന് കീഴ്വഴങ്ങിക്കൊണ്ടും - ഞങ്ങളെ സ്വീകരിക്കണം.

1742 മെയ് 24-ന് പോപ്പ് ബനഡിക്ട് പതിനാലാമൻ മാർപ്പാപ്പയുടെ Etsi Pastoralin എന്ന് ചാക്രീയ ലേഖനവും 1755 ജൂലൈ 26-ന Allatae Nobis എന്ന ചാക്രീയ ലേഖനത്തിലൂടെ പാപ്പ പുനരൈക്യത്തേയും വിവിധ റീത്തുകളിലെ സവിശേഷമായ ആചാര രീതികളേയും അംഗീകരിച്ചിട്ടുണ്ട്. 1862 ജനുവരി 6-ന് ഒമ്പതാം പിയൂസ് മാർപ്പാപ്പയുടെ Romanae Pontifice എന്ന ഡിക്രിയിലും വ്യത്യസ്ത റീത്തുകളുടെ അനന്യതയെ സഭ അംഗീകരിച്ചിട്ടുണ്ട്. റോമിലേക്ക് അയച്ച പ്രഥമ മെമ്മോറാണ്ടത്തിന് ഡലഗേറ്റു വഴി വിശദീകരണം ബഥനി മെത്രാൻ സവിസ്തരം നൽകി.

ഇന്ത്യയിലെ മാർപ്പാപ്പയുടെ പ്രതിനിധിയായ ബാംഗ്ലൂരിൽ താമസിച്ചിരുന്ന ദലഗാദ് അപ്പോസ്തോലിക്കാ എഡ്വേർഡ് മൂണി, കൊല്ലം മെത്രാനായിരുന്ന ഡോ. അലോഷ്യസ് ബെൻസിഗർ എന്നിവർക്കും മാർ ഈവാനിയോസ് പുനരൈക്യ വിഷയവുമായ ബന്ധപ്പെട്ട കത്തുകൾ എഴുതി.

www.malankaralibrary.com

മറുപടിക്കത്ത്

ദലഗാദ് അപ്പോസ്തോലിക്കാ എഡ്വേർഡ് മൂണി മറുപടിയായി എഴുതി.

'അവിടുത്തെ എഴുത്തിലുള്ള സകല സംഗതികളെപ്പറ്റിയും ശ്രദ്ധാപൂർവ്വം – അനുഭാവപൂർവ്വം ഞാൻ പരിഗണിക്കുന്നതാണെന്നുള്ളതിന് ഉറപ്പു നൽകുന്നു. പക്ഷേ ഈ കാര്യങ്ങൾ റോമിലേക്ക് എഴുതി അറിയിച്ച്, അവിടെ നിന്നും ലഭിക്കുന്ന നിർദ്ദേശം അനുസരിച്ച് ഉള്ള മറുപടി അറിയിക്കേണ്ടതാകയാൽ, ആയതിന് അൽപ്പം കാലതാമസം വേണ്ടി വന്നേക്കാമെന്നുള്ള വിവരവും അവിടുന്ന് ഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.'

1927 സെപ്റ്റംബർ 17-ന് അയച്ച് കത്തിൽ മാർ ഈവാനിയോസും, മാർ തിയോഫിലോസ് തിരുമേനിയും ഏതാനും വൈദികരും ജനങ്ങളും സത്യ സഭയിലേക്ക് ചേരാൻ ആഗ്രഹിക്കുന്നു എന്നും അപ്പോസ്തോലിക് ന്യൂൺഷോയെ അറിയിച്ചു.

ബഥനി പള്ളികളോ സ്വത്തുക്കളോ ഞാൻ കൈവശം വെയ്ക്കില്ല എന്നും മാർ ഈവാനിയോസ് തന്റെ ഗുരുവായ മാർ ദിവന്നിയാസ്യോസിനെ അറിയിച്ചു.

ബഥനി വക സ്വത്തുക്കളെല്ലാം ഒരു പുതിയ ട്രസ്റ്റിന്റെ ഭരണത്തിൽ ആക്കിയ ശേഷം സകലവും ഉപേക്ഷിച്ച് അവിടെ നിന്നും ഇറങ്ങിയ ശേഷം കത്തോലിക്കാ സഭയിൽ ചേരുക.

വി. കൊച്ചുത്രേസ്യയുടെ പ്രാർത്ഥനാ സഹായം

ബഥനി മെത്രാനായിരുന്ന മാർ ഈവാനിയോസിനോട് യാത്ര പറഞ്ഞ് ക്തതോലിക്കാ സഭയിൽ ചേർന്ന രണ്ടുപേരിൽ ഒരാൾ ശൂരനാട്ടുകാരൻ കോശി ശെമ്മാശൻ മാന്നാനത്ത് എത്തി 'സാമുവേൽ' എന്ന നാമം സ്വീകരിച്ച് കർമ്മലിത്താ സഭയിൽ അംഗമായിത്തീർന്നു. മറ്റൊരാൾ ഫാ. ഗിവർഗ്ഗീസ് 1929 സെപ്റ്റംബർ 25-ാം തീയതി ചങ്ങനാശ്ശേരി അരമനയിൽ എത്തി ബിഷപ് കാളാശ്ശേരി തിരുമേനിയുടെ മുമ്പാകെ വിശ്വാസ പ്രതിജ്ഞ ചെയ്ത് സത്യ സഭയിൽ അംഗമായി. ഫാ. ഗിവ്ഗ്ഗീസ്, ചെത്തിപ്പുഴ ആശ്രമത്തിലെ സന്ന്യാസിയായിരുന്നു മർസിലിനോട്റ്റി, ഒ.സി.ഡി. മുഖേന വി. കൊച്ചുത്രേസ്യായുടെ സഹോദരി ആയിരുന്ന മദർ ആഗ്നസിന് ഒരു കത്ത് അയച്ചു. ബഥനി ആശ്രമ അദ്ധ്യക്ഷന്മാരായ വന്ദ്യ തിരുമേനിമാരുടെ പുനരൈക്യത്തിനായി വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം പ്രത്യേകം വേണം എന്ന് കത്തിൽ അഭ്യർത്ഥിച്ചിരുന്നു. മദർ ആഗ്നസും കൂടെയുള്ള കന്യാസ്ത്രീകളും ഈ വിഷയത്തിൽ പ്രത്യേകം ഒമ്പതു ദിവസം പ്രാർത്ഥനകൾ നടത്തി അവർ അയച്ച മറുപടി കത്തിൽ –'We belive that our Little Saint will obtain grae for those two prelats to enter the fold very soon-' എന്നായിരുന്നു.

ബഥനി മലയോട് യാത്ര പറച്ചിൽ

1930 ആഗസ്റ്റ് 19-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം ആശ്രമ അദ്ധ്യക്ഷൻ അഭിവന്ദ്യ തിരുമേനി ഒരു ചെറിയ പ്രസംഗം നടത്തി. "ഈ ബഥനി മലയിൽ നിന്നും നാളെ രാവിലെ തന്നെ ഇറങ്ങുവാൻ നാമും, മാർ തെയോഫിലോസും കൂടെ നിശ്ചയിച്ചു കഴിഞ്ഞു എന്ന വിവരം നിങ്ങളെ അറിയിച്ചു കൊള്ളുന്നു. ഞങ്ങളോടും ഇവിടെ നിന്നും ഇറങ്ങി കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുന്നതിന് സന്നദ്ധതയുള്ളവർ വിവരം ഈ രാത്രി പന്ത്രണ്ട് മണിക്കു മുമ്പ് നമ്മെ അറിയിക്കണം. ഞങ്ങളോടൊന്നിച്ചു വരുന്നതിനോ വരാതിരിക്കുന്നതിനോ ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ആശ്രമസ്ഥരായ നിങ്ങൾക്ക് ആശ്രമാദ്ധ്യക്ഷനായ നാം നൽകുന്നു. രാത്രി പന്ത്രണ്ടു മണിവരെ ഈ ചാപ്പലിൽ നാം ഉണ്ടായിരിക്കുന്നതാണ്."

അവരവരുടെ നിത്യോപയോഗ സാധനങ്ങൾ മാത്രം എടുത്ത് കെട്ടിവച്ച് ചാപ്പലിൽ പ്രവേശിച്ച് 'നമ്മൾ ഇവിടെ ഒന്നും ഇല്ലാത്തവരായി വന്നു, ഇതാ ഇപ്പോൾ ഒന്നുമില്ലാത്തവരായി ഇറങ്ങി പോകാം'. പെരുനാട് മടത്തും മുഴി കടവിൽ തയ്യാറാക്കിയിരുന്ന മൂന്ന് ചെറിയ വള്ളങ്ങളിൽ ഇരുപത്തിയഞ്ചു പേർ അടങ്ങുന്ന സംഘം പാറക്കൂട്ടങ്ങൽ നിറഞ്ഞ കക്കാട്ടാറിലൂടെ വടശ്ശേരിക്കരയിൽ എത്തി

www.malankaralibrary.com



ച്ചേർന്നു. അഭിവന്ദ്യ പിതാവിന്റെ ഉറ്റ മിത്രമായിരുന്ന പനച്ചിമൂട്ടിൽ മാണി ഒരു വലിയ കെട്ടു വള്ളം അവിട സജ്ജമാക്കിയിരുന്നു. അതിൽ എല്ലാവരും കയറി പമ്പാ നദിയിൽ കൂടെ കോഴഞ്ചേരിക്കടവിലേക്ക് വള്ളം വിടുകയും ചെയ്തു. യാത്രാ മദ്ധ്യേ റാന്നിയിൽ ഇറങ്ങി വെണ്ണിക്കുളത്ത് താമസിക്കാം എന്ന യാത്രികർ തീരുമാനിച്ചു. കാഞ്ഞിരത്തുമ്മൂട്ടിൽ കുട്ടി താമസിച്ചിരുന്ന ഭവനത്തിൽ ആശ്രമ അംഗങ്ങൾ താമസിച്ചു. അഭിവന്ദ്യ പിതാവ് തിരുമൂലപുരത്ത് പോയി താമസിക്കുകയും ഇടയ്ക്കിടെ വെണ്ണിക്കുളത്ത് വന്ന് ആശ്രമസ്ഥരെ സന്ദർശിക്കുകയും ചെയ്തിരുന്നു.

പുനരൈക്യ യാത്ര പൂർണ്ണതയിൽ

1930 സെപ്റ്റംബർ 18 വ്യാഴാഴ്ച കൊല്ലം ബൻസിഗർ അരമനയിലേക്ക് പുറപ്പെടുവാൻ മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഓമല്ലൂർ ചീക്കനാൽ കുഴിമേൽപ്പുറത്ത് ജോൺ അച്ചൻ, വെൺമണി ചെറിയാലുംമൂട്ടിൽ അലക്സാണ്ടർ ശെമ്മാശൻ, കിളിലേത്ത് ചാക്കോ എന്നിവർ കാറിൽ യാത്രയായി. രണ്ടു ദിവസത്തെ ധ്യാനത്തിനു ശേഷം സെപ്റ്റംബർ 20-ന് ശനിയാഴ്ച രാവിലെ 7.30-ന് എല്ലാവരും കത്തോലിക്കാ സഭാംഗങ്ങളായി സ്വീകരിക്കപ്പെട്ടു.

തുടർന്ന് കൊല്ലത്തു നിന്ന യാത്ര തിരച്ച് മാവേലിക്കരയിൽ അഭിവന്ദ്യ പിതാവിന്റെ വീടായ പണിക്കരു വീട്ടിൽ എത്തി. പിതാവായ തര്യതു തോമാപണിക്കർ അമ്മ അന്നമ്മ, സഹോദരൻ മത്തായി പണിക്കർ, മുതിർന്ന സഹോദരി ശോശാമ തോമസ്, മത്തായി പണിക്കരുടെ മകൻ തോമസ്, തോമസിന്റെ ഭാര്യ ആച്ചിയമ്മ എന്നിവരെ തിരുസഭയിലേക്ക് ചേർത്തു. തുടർന്ന് തിരുവല്ല തിരുമൂലപുരത്ത് എത്തി അവിടെ ഉണ്ടായിരുന്ന കന്യാസ്ത്രീകളേയും വേലക്കാരെയും സഭാംഗങ്ങളാക്കി.

പുനരൈക്യം ദൈവപിതാവിന്റെ പദ്ധതിയായിരുന്നു. മലങ്കരയിലെ പല മെത്രാന്മാർ ആഗ്രഹിച്ചതും എന്നാൽ ധന്യൻ മാർ ഈവാനിയോസിനാൽ പൂർത്തികരിച്ചതും തുടർന്ന സദ്ഫലങ്ങൾ നൽകാൻ ദൈവം തിരഞ്ഞെടുത്ത പ്രധാന ശ്രേഷ്ഠ ആചാര്യനായിരുന്നു മാർ ഈവാനിയോസ്. വന്ദ്യ പിതാവിന്റെ കഷ്ടതകളും ത്യാഗങ്ങളും മലങ്കര മക്കൾ ഒരിക്കലും മറക്കില്ല.

ആർക്കും തകർക്കാൻ സാധിക്കാത്ത 'പാറമേൽ ഭവനം പണിതവനും' യഥാകാലം ഇലകൾ ഉള്ളതുമായ മലങ്കര സഭ, ഫലം തരുന്ന, ചേർത്തു നിർത്തുന്ന വൃക്ഷമായി ഇന്നും നിലകൊള്ളുന്നു.

സൂര്യ പ്രഭയിൽ ധന്യൻ പ്രശോഭിക്കുന്നു. കാലങ്ങൾ കടന്നു പോയിട്ടും ഇന്നും തോൽപ്പിക്കാൻ സാധിക്കാത്ത ഉന്നത ഗോപുരമായി സഭയെ വളർത്തിയ പിതാവേ, അങ്ങ് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. അങ്ങയുടെ സഭാത്മക കൂട്ടായ്മയിൽ വിശാല മനസ്സും ഐക്യത്തിന്റെ, യോജിപ്പിന്റെ, പുനരൈക്യത്തിന്റെ പ്രവാചകനായി അങ്ങ് പരിലസിക്കട്ടെ. ദൈവമേ നന്ദി

www.malankaralibrary.com



ജനാധിപത്യത്തിന് പുതിയ അർത്ഥം

ബോബി ഏബ്രഹാം

'അങ്ങ് വടക്കൻ മണ്ണിൽ യുപിയിലോ ബിഹാറിലോ ജനിച്ചിരുന്നെങ്കിൽ തോക്കിൻ കുഴലിനു മുന്നിൽ ഗ്രാമങ്ങളെ കുനിച്ചു നിർത്തി വോട്ടുചെയ്യിച്ചും ബൂത്ത് കയ്യേറിയും കത്തിച്ചും കണക്കൊപ്പിച്ചും ജയിച്ചുകയറുന്ന ജമീന്ദാർ രാഷ്ട്രീയക്കളരികളിൽ ഇറങ്ങിയേനേ"

ഇത് ഒരു സിനിമാ ഡയലോഗ് ആണ്. രാവണപ്രഭു എന്ന സിനിമയിൽ മോഹൻലാൽ അവതരിപ്പിക്കുന്ന കാർത്തികേയൻ എന്ന കഥാപാത്രം പറയുന്നത്.

ഒരു കാലത്ത് വടക്കൻ മണ്ണിലെ രാഷ്ട്രീയം ഇങ്ങനെയൊക്കയായിരുന്നു എന്ന് ആരോപണമുണ്ടായിരുന്നു. ബൂത്ത് റിഗ്ഗിങ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കാലാപരിപാടി. ന്യൂട്ടൻ എന്ന സിനിമയിൽ അത് ഭംഗിയായി കാണിക്കുന്നുണ്ട്. ഇതൊക്കെ നടക്കുന്ന കാര്യമാണോ എന്നു സംശയിച്ചിരുന്നു. ഇന്ന് രാജ്യത്ത് നടപ്പിലായിക്കൊണ്ടിരിക്കുന്ന ജനാധിപത്യ രീതികൾ കാണുമ്പോൾ ആശങ്ക ഉയരുന്നത് ജനാധിപത്യ വിശ്വാസികളുടെ മനസ്സിലാണ്. എന്തൊക്കെയാണ് ഇവിടെ നടക്കുന്നതെന്നൊരു സംശയം ഏതൊരു ജനാധിപത്യ വിശ്വാസിയുടെയും ഉള്ളിൽ ഉയരുന്ന ദിവസങ്ങളാണ് കടന്നുപോയത്. നാല് നിയമസഭകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിന് മുന്നോടിയായി ധൃതിപിടിച്ച് എസ്.ഐ.ആർ നടപ്പാക്കാൻ തുടങ്ങിയപ്പോഴേ വലിയ ലക്ഷ്യങ്ങൾ പിന്നിലുണ്ടെന്ന് സംശയം ഉയർന്നതാണ്. ബംഗാൾ പിടിക്കുകയെന്ന ലക്ഷ്യം ഏതുവിധേനയും നേടിയെടുക്കുക എന്നതായിരുന്നു എസ്.ഐ.ആറിന്റെ പിന്നിലെ യഥാർഥ ലക്ഷ്യം എന്നു സംശയിക്കുന്നതിൽ തെറ്റില്ല. ലക്ഷക്കണ

www.malankaralibrary.com

ക്കിന് ആളുകൾ വോട്ടർപട്ടികയിൽ നിന്ന് വെട്ടിമാറ്റപ്പെട്ടു. അവരുടെ രക്ഷയ്ക്ക് കോടതിപോലും എത്തിയില്ല. തിരഞ്ഞെടുപ്പ് കമ്മിഷനുൾപ്പെടെ സർവസന്നാഹങ്ങളും ബിജെപിക്കായി നിന്നു എന്നായിരുന്നു പ്രതിപക്ഷ ആരോപണം. ഒപ്പം മമതയുടെ പാർട്ടിക്കാരുടെ ഗുണ്ടാരാജും കൂടി ആയപ്പോൾ അധികാരം ബിജെപിയിലെത്തി.

അതിനു ശേഷം പതിവു കലാപരിപാടി ബിജെപി പുറത്തെടുത്തു. തൃണമൂലിനെ ഛിന്നഭിന്നമാക്കുന്ന ദൗത്യം എളുപ്പമായിരുന്നു. തൃണമൂൽ ലേബലിൽ നിയമസഭയിലെത്തിയ എംഎൽഎമാർ പൊടുന്നനവേ മമതയെ നിരാകരിക്കുകയും എൻഡിഎ പാളയത്തിലേക്കു നീങ്ങുകയും ചെയ്യുന്നു. ലോക്സഭാംഗങ്ങളിലും ബഹുഭൂരിപക്ഷം അതേ പാതയിലായിരുന്നു. വിമതർ പെട്ടെന്ന് ത്രിപുരയിൽ നിന്നുള്ള ഒരു റജിസ്റ്റേർഡ് രാഷ്ട്രീയ പാർട്ടിയിൽ ചേരാൻ തയാറെടുക്കുന്നു. നിയമപരമായും ധാർമികമായും ശരിയല്ലെങ്കിലും ആ തീരുമാനം അംഗീകരിക്കപ്പെടും എന്നത് ഉറപ്പാണ്. അതായത് ലോക സഭയിൽ അവരും എൻ.ഡി.എ പാളയത്തിലെത്തും.

ഉദ്ധവ് താക്കറെയുടെ ശിവസേനയായിരുന്നു മറ്റൊരു ലക്ഷ്യം. അതും നിറവേറ്റപ്പെട്ടുകഴിഞ്ഞു. ഉദ്ധവിനൊപ്പം നിന്ന ആറ് എംപിമാരെ ഷിന്ദേ പാളയത്തിലെത്തിക്കുന്നതിലും അതിലൂടെ എൻഡിഎയുടെ ഭാഗമാക്കുന്നതിലും ഭരണപക്ഷം വിജയിച്ചിരിക്കുന്നു. ഭരിക്കാൻ ആവശ്യമായ ഭൂരിപക്ഷം ഉണ്ടായിട്ടും പ്രതിപക്ഷത്തെ പാർട്ടികളെ ഇങ്ങനെ തകർക്കുന്നതിൽ വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. വനിതാ സംവരണത്തിന്റെ മറവിൽ ലോക്സഭാ സീറ്റുകളുടെ എണ്ണം വർധിപ്പിക്കാനും അതിലൂടെ അധികാരം നിലനിർത്താനുമുള്ള ബിജെപി നീക്കം ലോക്സഭയിൽ പരാജയപ്പെട്ടതുമുതൽ ഇത്തരമൊരു നീക്കം പ്രതീക്ഷിച്ചതാണ്. അത് വളരെ എളുപ്പത്തിൽ സാധിക്കുകയാണ്. ഭരണസംവിധാനങ്ങളും പണവും എല്ലാം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഈ നീക്കം വിജയിക്കുന്നതോടെ ലോക്സഭയിൽ അംഗബലം വർധിപ്പിക്കാനും സീറ്റ് വർധന ബിൽ പാസാക്കിയെടുക്കാനും കഴിയുമെന്ന് ബിജെപി കരുതുന്നു. ഒപ്പം എല്ലാ ചെറുപാർട്ടികളെയും തകർത്ത് ദീർഘകാലം രാജ്യത്ത് അധികാരത്തിൽ തുടരാൻ കളമൊരുക്കുകയും ചെയ്യാം.

ഇതുകൊണ്ടൊന്നും തൃപ്തിപോരാതെയാണ് രാജ്യസഭാ സീറ്റുകളും കൈയടക്കാനുള്ള തന്ത്രപരമായ നീക്കങ്ങളും നടത്തുന്നത്. മധ്യപ്രദേശിൽ നിന്ന് ഉറപ്പായും ജയിക്കേണ്ട ഒരാൾ കോൺഗ്രസിന്റെ മീനാക്ഷി നടരാജനായിരുന്നു. പക്ഷേ, എഫ്.ഐ.ആർ പോലും ഇടാത്ത ഒരു പരാതി ഉയർത്തിക്കൊണ്ടുവന്ന് റിട്ടേണിങ് ഓഫിസർക്കു നൽകുന്നു. അദ്ദേഹം മീനാക്ഷിയുടെ പത്രിക തള്ളുന്നു. കോടതി പോലും ഇടപെടുന്നില്ല. തിരഞ്ഞെടുപ്പു കേസ് പോകാനാണ് ഉപദേശം. നമ്മുടെ നിയമസംവിധാനത്തിൽ തിരഞ്ഞെടുപ്പ് കേസുകൾ എത്ര വർഷം നീളുമെന്ന് ആർക്കും ഉറപ്പുപറയാനുമാവില്ല. ചുരുക്കത്തിൽ ഒരു സീറ്റ് കുതന്ത്രത്തിലൂടെ സ്വന്തമാക്കുന്നു. മധ്യപ്രദേശിൽ കുതന്ത്രമായിരുന്നെങ്കിൽ ജാർഖണ്ഡിൽ കൂറുമാറിയുള്ള വോട്ടിലൂടെയാണ് ഒരു സീറ്റ് കവർന്നെടുത്തത്.

പണ്ട് ബൂത്ത് കയ്യേറി വേണമായിരുന്നു സീറ്റ് പിടിച്ചെടുക്കാനെങ്കിൽ ഇപ്പോൾ അത്



www.malankaralibrary.com

വളരെ എളുപ്പത്തിൽ കുതന്ത്രത്തിലൂടെ നേടിയെടുക്കാവുന്നതായി മാറിയിരിക്കുന്നു. രാവണപ്രഭു സിനിമയിലെ സംഭാഷണം ഇപ്പോഴാണ് എഴുതുന്നതെങ്കിൽ എങ്ങനെയാകുമായിരുന്നു എന്നു ചിന്തിച്ചു നോക്കുക.

രാജ്യത്തെ ജനാധിപത്യം എവിടേക്ക് പോകുന്നു എന്ന് ആശങ്കയുണ്ടാക്കുന്നത് ഇതൊക്കെയാണ്. അസമിലൊക്കെ ഭരണാധികാരികൾ തന്നെ ജനത്തെ രണ്ടായി കണ്ടാണ് പ്രസ്താവന നടത്തുന്നതുപോലും. ഇവരൊക്കെ എങ്ങനെയാണ് ഭരണഘടനാതത്വങ്ങൾ പാലിക്കുമെന്ന സത്യപ്രതിജ്ഞ പാലിക്കുന്നതെന്നറിയില്ല.

ഒരു വശത്തുകൂടി ജനാധിപത്യത്തെ കശാപ്പ് ചെയ്യുമ്പോൾ മറുവശത്ത് യുവജനങ്ങളെയാകെ നിരാശരാക്കുന്ന കാര്യങ്ങളാണ് കാണുന്നത്. ലക്ഷക്കണക്കിന് വിദ്യാർഥികളുടെ പ്രതീക്ഷയായ നീറ്റ് പരീക്ഷയുടെ ചോദ്യക്കടലാസ് ചോർന്നു. എത്രപേരുടെ അധ്വാനമാണ് പാഴായത്. ഇരുപതോളം വിദ്യാർഥികൾ ആത്മഹത്യ ചെയ്തു. ഇതിനിടെയാണ് സിബിഎസ് ഇ പരീക്ഷാഫലം മുഴുവൻ കുളമായത്. മതിയായ പഠനമൊന്നുമില്ലാതെ ഉത്തരക്കടലാസ് പരിശോധനയിൽ വരുത്തിയ മാറ്റം ആണ് കുഴപ്പമായത്. എങ്ങനെയാണ് സിബിഎസ്ഇ പരീക്ഷാഫലം കുഴപ്പത്തിലായതെന്നും എങ്ങനെയാണ് ഒരു പ്രത്യേക കമ്പനിക്ക് ഇതു സംബന്ധിച്ച കരാർ ലഭിച്ചതെന്നും തെളിവുകൾ സഹിതം വ്യക്തമാക്കിയത് ഒരു സിബിഎസ്ഇ വിദ്യാർഥി തന്നെയായിരുന്നു. പതിനേഴുകാരനായ സാർഥക് സിദന്ത് കൃത്യമായി തട്ടിപ്പിന്റെ വഴികൾ പാർലമെന്ററി സമിതിക്കു മുന്നിൽ വെളിപ്പെടുത്തി. പ്രതിക്കൂട്ടിൽ മന്ത്രി ധർമേന്ദ്ര പ്രധാൻ ആണെങ്കിലും കേന്ദ്ര സർക്കാർ അറിഞ്ഞ മട്ടില്ല.

നീറ്റ് പരീക്ഷയുൾപ്പെടെ അവതാളത്തിലായത് രാജ്യത്തെ യുവജനങ്ങളുടെ ഭാവി പദ്ധതികൾക്കു മേൽ കരിനിഴൽ വീഴ്ത്തുന്നതാണ്. ഈ സാഹചര്യത്തിലാണ് കോക്രോച്ച് ജനതാ പാർട്ടി രംഗത്തെത്തിയത്. തൊഴിലില്ലാത്ത യുവജനങ്ങളെ പാറ്റയോടുപമിച്ച സുപ്രിം കോടതി ചീഫ് ജസ്റ്റിസിന്റെ പരാമർശത്തിൽ പ്രതിഷേധിച്ചാണ് സമൂഹ മാധ്യമങ്ങളിലൂടെ കോക്രോച്ച് ജനതാ പാർട്ടി പിറന്നുവീണത്. അമേരിക്കയിൽ ഇരുന്നുകൊണ്ട് അഭിജിത് ദീപ്കെ എന്ന യുവാവ് രൂപം കൊടുത്ത കോക്രോച്ച് ജനതാ പാർട്ടി എന്ന സിജെപി പെട്ടെന്ന് സമൂഹ മാധ്യമങ്ങളിൽ തരംഗമായി മാറി. ലക്ഷക്കണക്കിന് അനുയായികളുമായി. അവർ പറയുന്നതൊക്കെ ജനത്തിന്റെ ഉള്ളിലുള്ള ചോദ്യങ്ങളാണ്. പ്രതിപക്ഷം നിരന്തരം ഉന്നയിക്കുന്ന വിഷയങ്ങളാണ്. നീറ്റ്, സിബിഎസ് ഇ പരീക്ഷാ ക്രമേക്കേടുകൾ സിജെപി ഗൗരവമായെടുക്കുകയും പ്രതിഷേധം തുടങ്ങുകയും ചെയ്തു. പാർട്ടി സ്ഥാപകൻ അഭിജിത് അമേരിക്കയിൽ നിന്നു തിരിച്ചെത്തുകയും ഡൽഹി ജന്തർമന്ദിറിൽ പ്രതിഷേധം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ധർമേന്ദ്ര പ്രധാൻ രാജിവയ്ക്കുംവരെ സമരം എന്നാണ് ദീപ്കെയുടെ നിലപാട്. എന്നാൽ വേഷം മാറിയ വിഘടനവാദികളാണ് സമരം ചെയ്യുന്നതെന്ന വാദവുമായി മന്ത്രി ധർമേന്ദ്ര പ്രധാൻ രംഗത്തെത്തിയിട്ടുണ്ട്.

സിജെപിയുടെ പ്രതിഷേധത്തോട് പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളൊന്നും വലിയ താൽപര്യം കാണിച്ചിട്ടില്ല എന്നത് സത്യമാണ്. മൻമോഹൻ സിങ് പ്രധാനമന്ത്രിയായിരുന്ന കാലത്ത് അണ്ണാ ഹസാരെ നടത്തിയ സമരം എങ്ങനെയാണ് ബിജെപി ഹൈജാക്ക് ചെയ്തത് എന്നറിയാവുന്നതിനാലാവും സിജെപിയെ പ്രതിപക്ഷം പൂർണമായും വിശ്വസിക്കാത്തതെന്നു കരുതാം. ഏതായാലും വിദ്യാർഥികൾക്കും യുവജനങ്ങൾക്കും ഇടയിലുണ്ടായ അതൃപ്തി മുതലാക്കാൻ കോൺഗ്രസ് ശ്രമം നടത്തുന്നുണ്ട്. രാജസ്ഥാനിലെ കോട്ടയിൽ വിദ്യാർഥികളുടെ വലിയ സമ്മേളനം വിളിച്ചുകൂട്ടി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പുതിയൊരു തുടക്കമിട്ടു. വിദ്യാർഥികളുടെയും യുവജനങ്ങളുടെയും ആശങ്കകൾ രക്ഷാകർത്താക്കളുടേത് കൂടിയാണെന്നു മനസ്സിലാക്കേണ്ടതുണ്ട്.

www.malankaralibrary.com

ഇതിനിടെ രാജ്യത്ത് ജീവിതച്ചെലവ് കുതിച്ചുയരുന്നു. തൊഴിലില്ലായ്മയും വ്യാപകമായി. പുതിയ ലേബർ കോഡുകൾ കൂടി വന്നതോടെ പലയിടത്തും സേവന വേതന വ്യവസ്ഥകൾ തൊഴിലാളിവിരുദ്ധമായി മാറി. സ്ഥിര ജോലി എന്നത് സ്വപ്നമായ മാറി. ഉയരുന്ന ചെലവും കുറയുന്ന വരുമാനവും ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു. എന്നാലും ഇതിലൊന്നുമല്ല ഭരണാധികാരികളുടെ ശ്രദ്ധ. അവർ പ്രതിപക്ഷത്തെ ഭിന്നിപ്പിച്ച് എക്കാലവും അധികാരത്തിൽ തുടരാനും ഗൂഢമായ അജണ്ടകൾ നടപ്പാക്കാനുമുള്ള ഒരുക്കത്തിലാണ്. പ്രതിപക്ഷമാകട്ടെ ഛിന്നഭിന്നമായ അവസ്ഥയിലും. പണംകൊണ്ടും അധികാരം കൊണ്ടും വിലയ്ക്കെടുക്കാവുന്നരായി ജനപ്രതിനിധികൾ മാറുന്ന നിന്ദ്യമായ തലത്തിലേക്കെത്തിയിരിക്കുന്നു ജനാധിപത്യം. തങ്ങളുടെ ഓരോ എംപിമാർക്കും 50 കോടി വീതം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നാണ് ഉദ്ധവ് താക്കറെ ആരോപിച്ചത്. തൃണമൂൽ കോൺഗ്രസിൽ മമതയ്ക്കൊപ്പം നിന്ന് അധികാരം ആസ്വദിച്ചവർ ഒറ്റ രാത്രികൊണ്ടാണ് മലക്കംമറിഞ്ഞത്. പലയിടത്തും രാജ്യസഭാ തിരഞ്ഞെടുപ്പു സമയത്തൊക്കെ എം.എൽ.എമാരെ റിസോർട്ടുകളിലേക്കു മാറ്റേണ്ടിവരുന്നു. ആദർശമൊക്കെ അശ്ലീലവാക്കായി മാറി. ആയാറാം ഗയാറാം എന്നൊരു വാക്ക് പണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ടായിരുന്നു. കാലുമാറുന്നവരെപ്പറ്റിയുള്ള പരിഹാസം ആയിരുന്നു അത്. ഒരു ധാർമികതയുമില്ലാതെ സ്ഥാനത്തിനായും പണത്തിനായും മാത്രം പാർട്ടി മാറുന്നവരെക്കൊണ്ട് സഹികെട്ടാണ് കൂറുമാറ്റ നിരോധനം പ്രാബല്യത്തിലായത്. എന്നാൽ കൂറുമാറ്റ നിരോധന നിയമത്തിനൊന്നും ഒരു വിലയും ഇപ്പോഴില്ല. ഭരണപക്ഷ പിന്തുണയുണ്ടെങ്കിൽ എന്തും അട്ടിമറിക്കാം. പ്രതിപക്ഷ ശബ്ദം അടിച്ചമർത്തപ്പെടുമ്പോൾ ജനാധിപത്യത്തിന് മരണമണി മുഴങ്ങുകയും രാജ്യം ഏതാനും ചിലരുടെ ആഗ്രഹ



www.malankaralibrary.com

ങ്ങൾക്കനുസരിച്ചു മാത്രം ചലിക്കുകയും ചെയ്യും. അധികാരമേറാൻ വർഗീയ ധ്രുവീകരണം ആയുധമാക്കിയാൽ മതിയെന്ന് ആധുനിക കാല രാഷ്ട്രീയം പഠിപ്പിക്കുന്നു. ജനാധിപത്യം ഇനി എത്ര നാൾ എന്ന ചോദ്യം ബാക്കി.

മേമ്പൊടി

സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുകയാണ്. ഷിഗല്ലയാണ് ഇത്തവണത്തെ വില്ലൻ. അമീബിക് മസ്തിഷ്ക ജ്വരം ഇടയ്ക്കിടെ തലപൊക്കുന്നുണ്ട്. നിപ്പ കൃത്യമായ ഇടവേളകളിൽ തലപൊക്കുന്നു. ഷിഗല്ലയും അമിബിക് മസ്തിഷ്ക ജ്വരവും ഡെങ്കിയും മഞ്ഞപ്പിത്തവും ഒക്കെ പടരുന്നതിനു കാരണം ശുചിത്വമില്ലായ്മയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം ശേഖരിക്കാൻ ഹരിത കർമസേനയെയും ക്ലീൻ കേരള കമ്പനിയെയും ചുമതലപ്പെടുത്തിയത് നല്ലൊരു ചുവടുവയ്പായിരുന്നു. ശുചിമുറി മാലിന്യം സംസ്കരിക്കാനുള്ള ചിലവൻ പദ്ധതികളും ആവിഷ്കരിച്ചു. പക്ഷേ, ലക്ഷ്യമിട്ടതിന്റെ ചെറിയൊരു ശതമാനം പോലും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

എല്ലാ വർഷവും കേൾക്കുന്നൊരു വാക്കുണ്ട്. മഴക്കാലപൂർവ ശുചീകരണം. എന്തിനാണ് മഴക്കാല പൂർവം മാത്രം ആക്കുന്നതെന്നു മനസ്സിലാകുന്നില്ല. ശുചിത്വം നിരന്തരം വേണ്ട കാര്യമാണ്. ശുചീകരണം നിരന്തരം കൃത്യമായി നടത്തുകയാവണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല. പക്ഷേ, നേരവും കാലവും നോക്കിയേ അവരതു ചെയ്യൂ. ആഗോള പ്രശ്നങ്ങളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരുടെ ശ്രദ്ധ. അതുകൊണ്ടു തന്നെ ശുചീകരണം അവർ മറന്നുപോകും. വശങ്ങളിൽ കാട് തിങ്ങിവളരാത്ത ഒരു റോഡും നഗരങ്ങളിൽ പോലും കാണാനില്ല. ഈ കാടിനുള്ളിലേക്ക് മാലിന്യം വലിച്ചെറിയുന്ന വിരുതന്മാരാണ് ഏറെയും. തെരുവിൽ പിക്കപ് ഓട്ടോയിൽ കച്ചവടം ചെയ്യുന്നവരെ ശ്രദ്ധിച്ചാൽ അറിയാം. അവർ ബാക്കിയാവുന്ന മാലിന്യം മുഴുവൻ പ്ലാസ്റ്റിക കവറിലാക്കി ഈ കാടിനുള്ളിലേക്കും തോടുകളിലേക്കും വലിച്ചെറിയും. അത് അവിടെക്കിടന്നു ചീയും. അമീബിക് മസ്തിഷ്ക ജ്വരം ഒക്കെ എവിടെനിന്നു വരുന്നു എന്നറിയാൻ വലിയ പഠനം ഒന്നും വേണ്ട. എല്ലാവരും വികസന മുദ്രാവാക്യത്തിന്റെ തടവിലാണ്. വികസനം ഒന്നു മാറ്റിവച്ച് ശുചിത്വം ആദ്യം എന്നു പറയുകയും പ്രവർത്തിക്കുകയും ചെയ്താൽ വികസനമൊക്കെ പിന്നാലെ വരും. പക്ഷേ, ആർക്കു താൽപര്യം.!

ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com



ശ്ലോഹോ ദ് ഉർഹോ (വഴിവിളക്ക്)

മാമ്മോദീസ

(തുടർച്ച)

റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

മൂന്ന് പ്രാവശ്യമുള്ള മുങ്ങൽ

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മൂന്ന് പ്രാവശ്യം വെള്ളത്തിൽ മുക്കുന്നു. ഇത് ക്രിസ്തുവിന്റെ മൂന്ന് ദിവസത്തെ കബറടക്കത്തെയും പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു. അർത്ഥി ക്രിസ്തുവിനോടൊപ്പം മരിച്ച് അവനോടൊപ്പം ഉയർത്തെഴുന്നേൽക്കുന്നു(റോമാ 6:4) എന്നതിനെ ഇത് ദൃഷ്ടാന്തമാക്കുന്നു.

യേശുവിന്റെ ജോർദ്ദാൻ നദിയിലെ സ്നാനം

സുറിയാനി സഭാ പാരമ്പര്യത്തിൽ യേശുവിന്റെ ജോർദ്ദാൻ സ്നാനമാണ് ക്രൈസ്തവ മാമോദീസായുടെ അടിസ്ഥാന മാതൃക (Prototype). താഴെ പറയുന്നവ അതിന്റെ കാരണങ്ങളായി നിലനിൽക്കുന്നു.

1. വെള്ളത്തിന്റെ ശുദ്ധീകരണം (Sanctification of Water)

യേശു ജോർദ്ദാനിലെ വെള്ളത്തിലേക്ക് ഇറങ്ങിയപ്പോൾ, വെള്ളം യേശുവിനെ വിശുദ്ധീകരിക്കുന്നതിന് പകരം, യേശു വെള്ളത്തെ വിശുദ്ധീകരിച്ചു.

ഇതുമൂലം ലോകത്തിലെ സകല ജലാശയങ്ങളെയും മാമോദീസായ്ക്കായി ക്രിസ്തു

www.malankaralibrary.com

വിശുദ്ധീകരിച്ചു. അതുകൊണ്ടാണ് ഇന്നും മാമോദീസാ വെള്ളത്തെ 'ജോർദ്ദാൻ' എന്ന് വിളിക്കുന്നത്.

2. ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ (Theophany)

യേശു സ്നാനം ഏറ്റപ്പോൾ പിതാവായ ദൈവത്തിന്റെ ശബ്ദവും പുത്രനായ യേശുവും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്നതും നാം കാണുന്നു. ഓരോ മാമോദീസായിലും ഈ 'ത്രിത്വാനുഭവം' ആവർത്തിക്കപ്പെടുന്നു.

3. സ്വർഗ്ഗം തുറക്കപ്പെടൽ

യേശു സ്നാനം ഏറ്റപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ആദാം പാപം ചെയ്തപ്പോൾ അടഞ്ഞുപോയ സ്വർഗ്ഗവാതിൽ മാമോദീസായിലൂടെ ഓരോ വിശ്വാസിക്കും വേണ്ടി വീണ്ടും തുറക്കപ്പെടുന്നു.

4. തേജസ്സിന്റെ വസ്ത്രം നിക്ഷേപിക്കൽ

വിശുദ്ധ അപ്രേമിന്റെ പഠനമനുസരിച്ച്, യേശു ജോർദ്ദാനിലെ വെള്ളത്തിൽ തന്റെ 'തേജസ്സിന്റെ വസ്ത്രം' നിക്ഷേപിച്ചു. മാമോദീസാ മുങ്ങുന്ന ഓരോ വ്യക്തിയും യേശു വെള്ളത്തിൽ നിക്ഷേപിച്ച ആ പ്രകാശത്തിന്റെ വസ്ത്രം ധരിച്ചുകൊണ്ടാണ് പുറത്തുവരുന്നത്.

5. മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും നിഴൽ

യേശു വെള്ളത്തിൽ മുങ്ങിയത് വരാനിരിക്കുന്ന തന്റെ കബറടക്കത്തിന്റെ സൂചനയായിരുന്നു. വെള്ളത്തിൽ നിന്ന് കയറിയത് പുനരുത്ഥാനത്തിന്റെയും ദൃഷ്ടാന്തമാണ്.

ഓരോ ക്രിസ്ത്യാനിയും മാമോദീസായിലൂടെ ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും പങ്കാളികളാകുന്നു (റോമാ 6:3–4).

6. ഊതൽ ചടങ്ങ്

മലങ്കര സുറിയാനി മാമോദീസാ ക്രമത്തിൽ കാർമ്മികൻ കുഞ്ഞിന്റെ മുഖത്തേക്ക് പ്രതീകാത്മകമായി ഊതുന്ന ഒരു ഭാഗമുണ്ട്. ഇതിനെ സുറിയാനിയിൽ 'നഫ്കോ' (Blowing/Insufflation) എന്ന് വിളിക്കുന്നു. ആദ്യസൃഷ്ടി കർമ്മമായും ആത്മീയമായ ഉണർവുമായും ബന്ധപ്പെട്ട വലിയൊരു ദൈവശാസ്ത്രമാണ് ഇതിന് പിന്നിലുള്ളത്.

മാമോദീസാ ക്രമത്തിൽ രണ്ട് തരം 'ഊതൽ' ആണ് സംഭവിക്കുന്നത്.

1. വെള്ളത്തിന്മേൽ ഊതുന്നത്: വെള്ളം വാഴ്ത്തുന്ന സമയത്ത് കാർമ്മികൻ കുരിശുരൂപത്തിൽ വെള്ളത്തിന്മേൽ ഊതുന്നു. ഇത് പരിശുദ്ധാത്മാവ് വെള്ളത്തെ വിശുദ്ധീകരിക്കാൻ വേണ്ടി നടത്തുന്ന പ്രതീകാത്മകമായ പ്രവൃത്തിയാണ്. സൃഷ്ടിയുടെ സമയത്ത് ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ ചലിച്ചതിനെ ഇത് സൂചിപ്പിക്കുന്നു.

2. കുഞ്ഞിന്റെ മുഖത്ത് ഊതുന്നത്: കുഞ്ഞിനെ ദൈവത്തിന് സമർപ്പിക്കുന്ന സമയത്ത് അവന്റെ മുഖത്തേക്ക് കുരിശുരൂപത്തിൽ മൂന്ന് പ്രാവശ്യം ഊതുന്നു. ഇതിലൂടെ കുഞ്ഞ് ദൈവത്തിന്റെ ശ്വാസം പ്രാപിച്ചവനായി മാറുന്നു.

ഇതിന്റെ വ്യത്യസ്തമായ അർത്ഥങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജീവശ്വാസം നൽകൽ (The Breath of Life)

ഉല്പത്തി പുസ്തകത്തിൽ ദൈവം ആദാമിനെ മണ്ണിൽ നിന്ന് സൃഷ്ടിച്ച ശേഷം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് 'ജീവശ്വാസം' ഊതി എന്നും അവൻ ഒരു ജീവനുള്ളവനായി തീർന്നു എന്നും നാം വായിക്കുന്നു (ഉത്പ 2:7). പാപം വഴി ആത്മീയ മൃത്യു വരിച്ച അവസ്ഥയിലുള്ള മനുഷ്യന്, മാമോദീസായിലൂടെ ദൈവം വീണ്ടും തന്റെ ശ്വാസം (പരിശുദ്ധാത്മാവിനെ) നൽകി അവനെ ആത്മീയമായി പുനർജീവിപ്പിക്കുന്നു. അതായത് ഒരു 'പുതിയ സൃഷ്ടി' (New Creation) ആക്കുന്നു.

2. പരിശുദ്ധാത്മാവിന്റെ ആഗമനം

യേശു ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാരുടെ മേൽ 'ഊതിക്കൊണ്ട്' നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ എന്ന് കൽപ്പിച്ചു(യോഹ 20:22). മാമോദീസായിൽ പുരോഹിതൻ ഊതുന്നത് ക്രിസ്തുവിന്റെ ആ

www.malankaralibrary.com

പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്നു. പരിശുദ്ധാത്മാവ് കുഞ്ഞിന്റെ ഉള്ളിലേക്ക് പ്രവേശിക്കുന്നു.

3. തിന്മയുടെ ശക്തികളെ പുറത്താക്കൽ (Exorcism)

സുറിയാനി ആരാധന ക്രമത്തിൽ, ഊതുന്ന പ്രക്രിയയ്ക്ക് ഒരു ശുദ്ധീകരണ സ്വഭാവം കൂടിയുണ്ട്. കുഞ്ഞിന്റെ ഉള്ളിലോ ചുറ്റിലുമോ ഉള്ള അശുദ്ധമായ ശക്തികളെയും പാപത്തിന്റെ സ്വാധീനത്തെയും പരിശുദ്ധാത്മാവിന്റെ ശ്വാസത്താൽ പുറന്തള്ളുന്നു. ചുരുക്കത്തിൽ, ഊതൽ എന്നത് പരിശുദ്ധാത്മാവിന്റെ ജീവൻ നൽകുന്ന പ്രവൃത്തിയുടെ (Life-giving act of the Holy Spirit) അടയാളമാണ്.

പുതിയൊരു പേര്

മലങ്കര സുറിയാനി പാരമ്പര്യത്തിൽ മാമോദീസായിൽ പുതിയൊരു പേര് നൽകുന്നത് വലിയ ദൈവശാസ്ത്രപരമായ മാറ്റത്തിന്റെ (Ontological Change) അടയാളമാണ്. ബൈബിളിലെ പുരാതന പാരമ്പര്യങ്ങളോട് ചേർന്നുനിൽക്കുന്ന ഒന്നാണിത്.

1. പുതിയ ജീവിതം / പുതിയ വ്യക്തിത്വം (New Life/New Identity)

ബൈബിളിൽ ദൈവം ഒരാളെ വലിയൊരു ദൗത്യത്തിനായി തിരഞ്ഞെടുക്കുമ്പോൾ അവർക്ക് പുതിയൊരു പേര് നൽകുന്നതായി നാം കാണുന്നു (ഉദാഹരണം: അബ്രാം അബ്രഹാമായും ശിമയോൻ, പത്രോസായും സാവുൾ, പൗലോസായും മാറി). മാമോദീസയിൽ ഒരാൾ പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനായി ജനിക്കുമ്പോൾ, ആ വ്യക്തിക്ക് ഒരു പുതിയ സ്വത്വം(Identity) ലഭിക്കുന്നു.

2. വിശുദ്ധന്മാരുമായുള്ള ബന്ധം (Communion with Saints)

സാധാരണയായി ഒരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ പേരാണ് മാമോദീസായിൽ നൽകുന്നത്. ആ വിശുദ്ധൻ ആ വ്യക്തിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനും മാതൃകയുമായി മാറുന്നു. ആ വിശുദ്ധന്റെ ഗുണങ്ങൾ അനുകരിക്കാനും സഭയാകുന്ന വലിയ കുടുംബത്തിലെ വിശുദ്ധരുടെ കൂട്ടായ്മയിൽ (Communion of Saints) ഈ വ്യക്തി അംഗമാണെന്ന് ഓർമ്മിപ്പിക്കാനും ഇത് സഹായിക്കുന്നു.

3. ദൈവത്തിന്റെ പുസ്തകത്തിൽ പേര് എഴുതപ്പെടുക

സുറിയാനി ആരാധന ക്രമമനുസരിച്ച്, മാമോദീസായിൽ പേര് ചൊല്ലി വിളിക്കുന്നത് ആ വ്യക്തിയുടെ പേര് 'ജീവന്റെ പുസ്തകത്തിൽ' (Book of Life) രേഖപ്പെടുത്തുന്നതിന് തുല്യമാണ്.

പടിഞ്ഞാറോട്ടും കിഴക്കോട്ടുമുള്ള തിരിയൽ

1. പടിഞ്ഞാറോട്ട് തിരിയലും പിശാചിനെ ഉപേക്ഷിക്കലും (Turning Westward)

കാർമ്മികൻ കുട്ടിയെ (അല്ലെങ്കിൽ തലതൊട്ടപ്പനെ) പടിഞ്ഞാറോട്ട് തിരിച്ചുനിർത്തി പിശാചിനെ ഉപേക്ഷിക്കുന്ന വാചകങ്ങൾ ഏറ്റുചൊല്ലിക്കുന്നു. സൂര്യൻ അസ്തമിക്കുന്ന ദിശയാണ് പടിഞ്ഞാറ്. ഇത് ഇരുട്ടിനെയും മരണത്തെയും തിന്മയെയും സൂചിപ്പിക്കുന്നു. 'പിശാചേ, ഞാൻ നിന്നെ ഉപേക്ഷിക്കുന്നു, നിന്റെ സകല സൈന്യങ്ങളെയും നിന്റെ സകല ഭയത്തെയും ഞാൻ തള്ളിക്കളയുന്നു' എന്ന് മൂന്ന് പ്രാവശ്യം പറയുന്നു. തിന്മയുമായുള്ള എല്ലാ ബന്ധങ്ങളും വേർപെടുത്തുന്നു. മാമോദീസാ മുങ്ങുന്നവൻ ഇനി സാത്താന്റെ അടിമയല്ല എന്ന പ്രഖ്യാപനമാണിത്.

2. കിഴക്കോട്ട് തിരിയലും ക്രിസ്തുവിനെ സ്വീകരിക്കലും (Turning Eastward)

തുടർന്ന് കുഞ്ഞിനെ കിഴക്കോട്ട് തിരിച്ചുനിർത്തി ക്രിസ്തുവിനോടുള്ള വിശ്വസ്തത പ്രഖ്യാപിക്കുന്നു. സൂര്യൻ ഉദിക്കുന്ന ദിശയാണ് കിഴക്ക്. ബൈബിൾ പ്രകാരം ക്രിസ്തു 'നീതിസൂര്യനാണ്'. കിഴക്ക് പറുദീസയുടെയും പ്രകാശത്തിന്റെയും



www.malankaralibrary.com

ദിശയായി കരുതപ്പെടുന്നു. 'ക്രിസ്തുവേ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു, നിന്റെ സകല സത്യങ്ങളിലും നിന്റെ സകല കല്പനകളിലും ഞാൻ വിശ്വസിക്കുന്നു' എന്ന് ഏറ്റുചൊല്ലുന്നു.

3. വിശ്വാസപ്രമാണം ചൊല്ലൽ (Profession of Faith)

കിഴക്കോട്ട് തിരിഞ്ഞുനിന്ന് വിശ്വാസ പ്രമാണം (Nicene Creed) ചൊല്ലുന്നത് വളരെ പ്രധാനമാണ്. പിശാചിനെ ഉപേക്ഷിച്ചതു കൊണ്ട് മാത്രം കാര്യമായില്ല, പകരം ആ ഒഴിവിലേക്ക് ക്രിസ്തുവിനെ പ്രതിഷ്ഠിക്കണം. വിശ്വാസപ്രമാണം ചൊല്ലുന്നതിലൂടെ സഭയുടെ വിശ്വാസത്തിലേക്ക് ഈ വ്യക്തി ഔദ്യോഗികമായി പ്രവേശിക്കുന്നു. ഇത് ദൈവവുമായുള്ള പുതിയ ഉടമ്പടിയുടെ (New Covenant) ഒപ്പിടൽ ചടങ്ങാണ്. ഈ ശുശ്രൂഷയിലൂടെ ഒരു വ്യക്തി ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് പ്രകാശത്തിന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുന്നു(കോളോ 1:13). ഇത് ഒരു ആത്മീയ യാത്രയാണ് പടിഞ്ഞാറ് നിന്ന് കിഴക്കോട്ടുള്ള യാത്ര.

ആനന്ദത്തിന്റെ തൈലം (Oil of Gladness)

മലങ്കര സുറിയാനി മാമോദീസാ ക്രമത്തിൽ, വെള്ളത്തിൽ മുങ്ങുന്നതിന് തൊട്ടുമുൻപ് കുഞ്ഞിനെ എണ്ണ കൊണ്ട് അഭിഷേകം ചെയ്യുന്നു. ഇതിനെ സാധാരണയായി 'ആനന്ദ തൈലം'(Oil of Gladness / Mes'ho d-Hadvutho) എന്നാണ് വിളിക്കുന്നത്.

ഈ എണ്ണയുടെ (Pre-baptismal Anointing) പ്രധാന ദൈവശാസ്ത്ര വശങ്ങൾ താഴെ പറയുന്നവയാണ്:

1. ആത്മീയ ഗുസ്തിക്കാരന്റെ ഒരുക്കം (The Spiritual Athlete)

പുരാതന കാലത്ത് ഗ്രീക്ക്-റോമൻ ലോകത്ത് ഗുസ്തിക്കാർ (Wrestlers) മത്സരത്തിന് ഇറങ്ങുന്നതിന് മുൻപ് ശരീരം മുഴുവൻ എണ്ണ തേക്കുമായിരുന്നു. ഇതിന് രണ്ട് കാരണങ്ങളുണ്ടായിരുന്നു: പിടിയിൽ നിന്ന് വഴുതി മാറാനും ശത്രുവിന് തന്നെ എളുപ്പത്തിൽ പിടിക്കാൻ കഴിയാതിരിക്കാനുള്ള കരുത്ത് ലഭിക്കുവാനും പേശികൾക്ക് വഴക്കവും ബലവും ലഭിക്കുവാനും അത് സഹായകമായിരുന്നു.

മാമോദീസാ സ്വീകരിക്കുന്ന വ്യക്തിയെ ഒരു 'ആത്മീയ ഗുസ്തിക്കാരനായി' ഇവിടെ സഭ ഒരുക്കുന്നു. പിശാചിന്റെ പരീക്ഷകളാകുന്ന കൈകളിൽ നിന്ന് വഴുതി മാറാനും പാപത്തിനെതിരെ പോരാടാൻ ആത്മീയ കരുത്ത് നേടാനും ഈ എണ്ണ സഹായിക്കുന്നു എന്ന് സഭ പഠിപ്പിക്കുന്നു.

2. പാപത്തിന്മേലുള്ള വിജയം

ഈ എണ്ണ തേക്കുന്നതിലൂടെ പിശാചിന്റെ മേൽ വിജയം നേടാനുള്ള അധികാരം കുട്ടിക്ക് ലഭിക്കുന്നു. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വിമോചിപ്പിക്കപ്പെട്ട്, ക്രിസ്തുവിന്റെ സൈനികനായി മാറുന്നതിനുള്ള ഒരുക്കമാണിത്.

3. കാട്ടൊലിവിൽ നിന്ന് നല്ലൊലിവാകൽ

വിശുദ്ധ പൗലോസ് അപ്പസ്തോലൻ റോമക്കാർക്ക് എഴുതിയ ലേഖനത്തിൽ (11:17 24) മനുഷ്യനെ കാട്ടൊലിവ് മരത്തിനോടാണ് ഉപമിക്കുന്നത്. മാമോദീസായ്ക്ക് മുൻപുള്ള ഈ എണ്ണ തേക്കൽ വഴി, ഒരു വ്യക്തി തന്റെ കാട്ടൊലിവ് സ്വഭാവം (പാപാവസ്ഥ) വെടിഞ്ഞ് ക്രിസ്തുവാകുന്ന നല്ല ഒലിവ് മരത്തിലേക്ക് ഒട്ടിക്കപ്പെടാൻ തയ്യാറെടുക്കുന്നു.

മാമോദീസാ തൊട്ടി (Baptismal Font)

മാമോദീസാ തൊട്ടിക്ക് നൽകപ്പെടുന്ന വിശേഷങ്ങൾ ഇവയാണ്.

1. 'ആത്മീയ ഗർഭപാത്രം' (Spiritual Womb)

യേശു നിക്കോദേമോസിനോട് പറഞ്ഞത്, 'ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലായെങ്കിൽ ഒരുവന് ദൈവ രാജ്യത്തിൽ പ്രവേശിക്കാൻ കഴിയുകയില്ല' (യോഹ 3:5) എന്നാണ്. മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് നാം ശാരീരികമായി ജനിച്ചു. എന്നാൽ മാമോദീസാ തൊട്ടിയാകുന്ന ആത്മീയ ഗർഭപാത്രത്തിൽ നിന്ന് ആത്മീയമായി നാം വീണ്ടും ജനിക്കുന്നു. അതുകൊണ്ടാണ് ഇതിനെ 'പുനർജന്മത്തിന്റെ തൊട്ടി' എന്ന് വിളിക്കുന്നത്.

www.malankaralibrary.com

2. കല്ലറയും ഗർഭപാത്രവും (Tomb and Womb)

കല്ലറ (Tomb): വെള്ളത്തിൽ മുങ്ങുമ്പോൾ പാപിയായ പഴയ മനുഷ്യൻ മരിച്ച് അടക്കപ്പെടുന്നു.

ഗർഭപാത്രം (Womb):

വെള്ളത്തിൽ നിന്ന് ഉയരുമ്പോൾ പരിശുദ്ധാത്മാവിനാൽ പുതുക്കപ്പെട്ട ഒരു പുതിയ ശിശുവായി വിശ്വാസി ജനിക്കുന്നു.

അതായത്, പഴയ ആദാമിന് ഇതൊരു കല്ലറയും പുതിയ ആദാമിന് (ക്രിസ്ത്യാനിക്ക്) ഇതൊരു ഗർഭപാത്രവുമാണ്.

3. സഭയാകുന്ന മാതാവ് (Mother Church)

സുറിയാനി പാരമ്പര്യത്തിൽ സഭയെ ഒരു 'മാതാവായാണ്'(Mother Church) കാണുന്നത്.

ഒരു അമ്മ തന്റെ ഗർഭപാത്രത്തിലൂടെ കുഞ്ഞിന് ജന്മം നൽകുന്നതുപോലെ, സഭയാകുന്ന മാതാവ് മാമോദീസാ തൊട്ടിയാകുന്ന തന്റെ ഗർഭപാത്രത്തിലൂടെ ദൈവമക്കളെ പ്രസവിക്കുന്നു. മാമോദീസാ മുങ്ങിയ ഓരോ വ്യക്തിയും സഭയുടെ മകനും മകളും ആണ്.

4. മാമോദീസാ തൊട്ടിയും ജോർദ്ദാൻ നദിയും.

മാമോദീസാ സമയത്ത് വെള്ളം വാഴ്ത്തുമ്പോൾ, ആ തൊട്ടിയിലെ വെള്ളം പ്രതീകാത്മകമായി യേശു സ്നാനം ഏറ്റ ജോർദ്ദാൻ നദിയായി മാറുന്നു.

'തലതൊട്ടപ്പൻ' അല്ലെങ്കിൽ 'തലതൊട്ടമ്മ' (Sponsor/Godparent)

ഇവരെ സുറിയാനിയിൽ 'ഖരീബോ' (Qaribo - അർത്ഥം: അടുത്തവൻ/അടുത്ത് നിൽക്കുന്നവൻ) എന്ന് വിളിക്കുന്നു. ആത്മീയമായ ഒരു വലിയ ഉത്തരവാദിത്തമാണ് ഇവർ ഏറ്റെടുക്കുന്നത്.

പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്:

1. കുഞ്ഞിന് വേണ്ടി ഏറ്റുപറയുന്നവൻ (Spokesperson).

ശിശുക്കൾക്ക് സ്വന്തമായി വിശ്വാസം ഏറ്റുപറയാൻ സാധിക്കാത്തതിനാൽ, അവർക്ക് വേണ്ടി സ്പോൺസറാണ് പിശാചിനെ ഉപേക്ഷിക്കുന്നതും ക്രിസ്തുവിനോടുള്ള വിശ്വസ്തത പ്രഖ്യാപിക്കുന്നതും. സ്പോൺസറുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് കുട്ടിക്ക് സഭ മാമോദീസാ നൽകുന്നത്. കുഞ്ഞിനെ കയ്യിലേന്തിക്കൊണ്ട് 'ഞാൻ ഇവന്/ഇവൾക്ക് വേണ്ടി സാക്ഷ്യം നിൽക്കുന്നു' എന്നാണ് സ്പോൺസർ ഇതിലൂടെ വ്യക്തമാക്കുന്നത്.

2. ആത്മീയ രക്ഷകർത്താവ് (Spiritual Parent)

മാമോദീസായിലൂടെ കുട്ടിക്ക് ഒരു പുതിയ ജന്മം ലഭിക്കുമ്പോൾ, ആത്മീയ ജീവിതത്തിൽ കുട്ടിയെ വളർത്താനുള്ള ഉത്തരവാദിത്തം സ്പോൺസറാണ് ഏറ്റെടുക്കുന്നത്.

കുട്ടിയുടെ മാതാപിതാക്കൾക്ക് എന്തെങ്കിലും സംഭവിച്ചാലോ അല്ലെങ്കിൽ അവർ വിശ്വാസത്തിൽ നിന്ന് അകന്നുപോയാലോ, കുട്ടിയെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തേണ്ടത് സ്പോൺസറുടെ കടമയാണ്.

3. സഭയുടെ പ്രതിനിധി (Representative of the Church)

സഭ എന്ന വലിയ കുടുംബത്തിലേക്ക് ഒരു പുതിയ അംഗത്തെ സ്വാഗതം ചെയ്യുന്ന സഭയുടെ തന്നെ പ്രതിനിധിയാണ് സ്പോൺസർ. സഭ ആ കുഞ്ഞിനെ കൈനീട്ടി സ്വീകരിക്കുന്നു എന്നതിന്റെ അടയാളമാണിത്.

സ്പോൺസറാകാനുള്ള യോഗ്യതകൾ

1. വിശ്വാസി ആയിരിക്കണം: സഭയിലെ പൂർണ്ണ അംഗത്വമുള്ള (വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്ന) വ്യക്തിയായിരിക്കണം.

2. വിശ്വാസത്തിൽ അറിവുള്ളവൻ: കുട്ടിയെ പഠിപ്പിക്കാൻ പാകത്തിന് ക്രൈസ്തവ തത്വങ്ങളിൽ ധാരണയുള്ളവനായിരിക്കണം.

3. ലിംഗഭേദം: സാധാരണയായി ആൺകുട്ടിക്ക് പുരുഷനും പെൺകുട്ടിക്ക് സ്ത്രീയും സ്പോൺസറാകുന്നു (ഇതിൽ പ്രാദേശികമായ മാറ്റങ്ങൾ ഉണ്ടാകാം).

ആത്മീയ ബന്ധം (Spiritual Kinship)

സുറിയാനി സഭയിൽ സ്പോൺസറും കുട്ടിയും തമ്മിലുള്ള ബന്ധം വളരെ പവിത്രമായി കണക്കാക്കപ്പെടുന്നു. പല പാരമ്പര്യങ്ങളിലും ഇത് ഒരു രക്തബന്ധത്തിന് തുല്യമായിട്ടാണ് കാണുന്നത്.

www.malankaralibrary.com

ചൂടുവെള്ളവും പച്ചവെള്ളവും (Hot and Cold Water) തമ്മിൽ കലർത്തുന്നു

1. യോർദ്ദാൻ നദിയുടെ പ്രതീകം

മാമ്മോദീസായിൽ ചൂടുവെള്ളവും തണുത്ത വെള്ളവും ചേർത്ത് ഇളംചൂടുള്ള (Luke-warm) വെള്ളമാണ് ഉപയോഗിക്കുന്നത്. ഇത് യേശു സ്നാനമേറ്റ യോർദ്ദാൻ നദിയിലെ വെള്ളത്തെ പ്രതീകപ്പെടുത്തുന്നു. ഒഴുകുന്ന നദിയിലെ വെള്ളത്തിന് പ്രകൃത്യാലുള്ള ഒരു ഊഷ്മാവുണ്ട് (Living water). അത് സ്നാനാർത്ഥിക്ക് പുതുജീവൻ നൽകുന്നതിനെ സൂചിപ്പിക്കുന്നു.

2. യേശുവിന്റെ പാർശ്വത്തിൽ നിന്നൊഴുകിയ രക്തവും വെള്ളവും

യേശു കുരിശിൽ മരിച്ചതിനുശേഷം ഒരു പടയാളി അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തിയപ്പോൾ അവിടെനിന്ന് രക്തവും വെള്ളവും പുറപ്പെട്ടു എന്ന് സുറിയാനി പിതാക്കന്മാർ പഠിപ്പിക്കുന്നു(യോഹ 19:34).

ചൂടുവെള്ളം: ഇത് ക്രിസ്തുവിന്റെ ജീവനുള്ള രക്തത്തെ (Blood) സൂചിപ്പിക്കുന്നു. ചൂട് ജീവന്റെ അടയാളമാണ്.

തണുത്ത വെള്ളം: ഇത് ശുദ്ധീകരണത്തിനായുള്ള വെള്ളത്തെ (Water) സൂചിപ്പിക്കുന്നു.

ഈ രണ്ട് വെള്ളവും കലർത്തുന്നതിലൂടെ, മാമോദീസാ എന്നത് ക്രിസ്തുവിന്റെ മരണത്തോടും അവന്റെ ജീവൻ നൽകുന്ന ബലിയോടും ചേർന്നുനിൽക്കുന്ന ഒന്നാണെന്ന് സഭ പ്രഖ്യാപിക്കുന്നു.

3. ദൈവീകതയും മനുഷ്യത്വവും (Divinity and Humanity)

സുറിയാനി ലിറ്റർജിയിൽ ചൂടും തണുപ്പും ക്രിസ്തുവിന്റെ സ്വഭാവങ്ങളെ സൂചിപ്പിക്കുന്നു:

ചൂടുവെള്ളം: ഇത് ക്രിസ്തുവിന്റെ ദൈവീകതയെ (Divinity) സൂചിപ്പിക്കുന്നു. ദൈവം ഭസ്മീകരിക്കുന്ന അഗ്നിയാണെന്ന് ബൈബിൾ പറയുന്നു.

തണുത്ത വെള്ളം: ഇത് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ (Humanity) സൂചിപ്പിക്കുന്നു.

ഇവ രണ്ടും കലർത്തുന്നത് ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും വേർപിരിക്കാനാവാത്തവണ്ണം ഒന്നായിരിക്കുന്നു എന്ന വിശ്വാസ സത്യത്തെ (Christology) ഉയർത്തിപ്പിടിക്കുന്നു.

4. പരിശുദ്ധാത്മാവിന്റെ അഗ്നി (The Fire of the Spirit)

മാമോദീസാ വെള്ളത്തെ വെറുമൊരു ജലമായല്ല സഭ കാണുന്നത്. വിശുദ്ധ അപ്രേം വെള്ളത്തെ 'അഗ്നിയും ആത്മാവും' (Fire and Spirit) എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.



ചൂടുവെള്ളം പരിശുദ്ധാത്മാവിന്റെ അഗ്നിയെയും തണുത്ത വെള്ളം കഴുകി വെളുപ്പിക്കുന്ന ജലത്തെയും സൂചിപ്പിക്കുന്നു.

സ്നാപക യോഹന്നാൻ പറഞ്ഞതുപോലെ, 'അവൻ നിങ്ങൾക്ക് പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം നൽകും' (മത്താ 3:11).

www.malankaralibrary.com



ചുരുക്കത്തിൽ, മാമോദീസാ തൊട്ടിയിലെ ജലം കേവലം H2O അല്ല, മറിച്ച് അത് ക്രിസ്തുവിന്റെ ജീവൻ തുടിക്കുന്ന, ആത്മാവ് വസിക്കുന്ന ഒരു 'ആത്മീയ മിശ്രിതമാണ്'.

മാമോദീസ വെള്ളം ഒഴിക്കുമ്പോൾ വലതു കയ്യിൽ ചൂടുവെള്ളവും ഇടതു കയ്യിൽ പച്ചവെള്ളവും (തണുത്ത വെള്ളം) പിടിക്കുന്നു. ഇത് പ്രധാനമായും ക്രിസ്തുവിന്റെ ക്രൂശീകരണ സമയത്ത് നടന്ന സംഭവങ്ങളെയും അവന്റെ സ്വഭാവത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്.

1. വലതുഭാഗത്തിന്റെ പ്രാധാന്യം (The Side of Life)

സുറിയാനി ലിറ്റർജിയിൽ 'വലതുഭാഗം' എപ്പോഴും ഉന്നതമായ പദവിയെയും ജീവനെയും ദൈവീകതയെയും സൂചിപ്പിക്കുന്നു.

ചൂടുവെള്ളം വലതു കയ്യിൽ പിടിക്കുന്നു: ചൂട് ജീവന്റെ ലക്ഷണമാണ്. യേശു ക്രൂശിൽ മരിച്ചു കിടക്കുമ്പോൾ പടയാളി അവന്റെ വലതു പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തിയെന്നും അവിടെനിന്ന് ചൂടുള്ള രക്തവും വെള്ളവും ഒഴുകി എന്നും സുറിയാനി പിതാക്കന്മാർ (പ്രത്യേകിച്ച് സാറുഗിലെ മോർ യാക്കോബ്) പഠിപ്പിക്കുന്നു.

വലതു കയ്യിൽ പിടിച്ചിരിക്കുന്ന ചൂടുവെള്ളം ക്രിസ്തുവിന്റെ ജീവനുള്ള രക്തത്തെയും (Blood) അവന്റെ ദൈവത്വത്തെയും (Divinity) സൂചിപ്പിക്കുന്നു.

2. ഇടതുഭാഗത്തിന്റെ പ്രതീകാത്മകത

ഇടതുഭാഗം മനുഷ്യത്വത്തെയും ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു. പച്ചവെള്ളം ഇടതു കയ്യിലാണ് പിടിക്കുന്നത്: പച്ചവെള്ളം (തണുത്ത വെള്ളം) ശുദ്ധീകരണത്തിനായി ഉപയോഗിക്കുന്ന ജലത്തെ (Water) സൂചിപ്പിക്കുന്നു. ഇത് ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ (Humanity) പ്രതീകമാണ്.

3. രണ്ടും കൂടി കലർത്തുന്നത് (The Mixing)

പുരോഹിതൻ വലതു കയ്യിലെ ചൂടുവെള്ളവും ഇടതു കയ്യിലെ പച്ചവെള്ളവും ഒഴിക്കുന്നു . ഇത് ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യത്തെ കാണിക്കുന്നു.

കൂടാതെ, ക്രൂശിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും മാമോദീസാ തൊട്ടിയിൽ ഒന്നിക്കുന്നു എന്നതിനെ ഇത് അർത്ഥമാക്കുന്നു. 'രക്തം ജീവനെയും വെള്ളം ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു' എന്നതാണ് സുറിയാനി സങ്കൽപ്പം.

4. മരണം ജീവനെ പുൽകുന്നു

തണുത്ത വെള്ളത്തിലേക്ക് (മരണത്തിന്റെ നിഴൽ) ചൂടുവെള്ളം(ജീവന്റെ ഉറവിടം) ഒഴിക്കുമ്പോൾ ആ ജലം 'ജീവനുള്ള ജലമായി' (Living Water) മാറുന്നു. മാമോദീസാ സ്വീകരിക്കുന്ന വ്യക്തിക്ക് പാപമോചനവും (വെള്ളം) നിത്യജീവനും (രക്തം) ലഭിക്കുന്നു എന്നത് ഇതിലൂടെ പ്രഖ്യാപിക്കപ്പെടുന്നു.

'ആദ്ധ്യാത്മിക ഉദരം' (Spiritual Womb) അനശ്വരതയെ വാർക്കുന്ന മൂശ (Crucible/Mould of Immortality).

വിശുദ്ധ അപ്രേമിനെപ്പോലുള്ള സുറിയാനി പിതാക്കന്മാരുടെ ദർശനമാണിത്:

1. ആദ്ധ്യാത്മിക ഉദരം (Spiritual Womb)

മാതാവിന്റെ ഉദരത്തിൽ നിന്ന് നാം ശാരീരികമായി ജനിച്ചുവെങ്കിൽ, സഭയാകുന്ന മാതാവിന്റെ ഉദരമാണ് മാമോദീസാ തൊട്ടി.

ഇത് പുനർജന്മത്തിന് സാക്ഷിയാകുന്നു: 'ഒരുവൻ ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ല'(യോഹ 3:5) എന്ന യേശുവിന്റെ വചനം ഇവിടെ അർത്ഥവത്താകുന്നു.

ഇവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഏറെ അനിവാര്യമാണ്: ഒരു ശിശു മാതാവിന്റെ ഗർഭപാത്രത്തിൽ രൂപപ്പെടുന്നതു പോലെ, പരിശുദ്ധാത്മാവ് ഈ വെള്ളത്തെ 'ഗർഭപാത്രമാക്കി' മാറ്റി നമ്മെ ദൈവമക്കളായി പുനർജനിപ്പിക്കുന്നു.

അത് കല്ലറയും ഉദരവുമായി രൂപാന്തരപ്പെടുന്നു: ഈ വെള്ളം പഴയ മനുഷ്യന് (പാപത്തിന്) കല്ലറയായും പുതിയ മനു

www.malankaralibrary.com

ഷ്യന് (ജീവന്) ഉദരമായും വർത്തിക്കുന്നു.

2. അനശ്വരതയെ വാർക്കുന്ന മൂശ (Mould of Immortality)

'മൂശ' (Crucible/Mould) എന്നത് ലോഹങ്ങൾ ഉരുക്കി പുതിയ രൂപങ്ങൾ വാർത്തെടുക്കുന്ന ഒന്നാണ്. ഈ സങ്കല്പം മാമോദീസായിലെ രൂപാന്തരീകരണത്തെ (Transformation) സൂചിപ്പിക്കുന്നു.

പാപം മൂലം വികൃതമാക്കപ്പെട്ട ആദാമ്യ സാദൃശ്യത്തെ (Image of Adam) ഈ മാമോദീസാ വെള്ളമാകുന്ന മൂശയിൽ ഉരുക്കി, ക്രിസ്തുവിന്റെ തേജസ്സുള്ള രൂപമാക്കി പുനർനിർമ്മിക്കുന്നു.

ഇത് അക്ഷയത (Incorruptibility) പ്രദാനം ചെയ്യുന്നു: നശ്വരമായ(മണ്ണായ) ശരീരത്തെ അനശ്വരമായ (സ്വർഗ്ഗീയമായ) ജീവിതത്തിലേക്ക് വാർത്തെടുക്കുന്നത് ഈ കൂദാശയിലൂടെയാണ്. അതുകൊണ്ടാണ് ഇതിനെ 'അനശ്വരതയുടെ മൂശ' എന്ന് വിളിക്കുന്നത്.

ലോഹത്തിലെ മാലിന്യങ്ങൾ മൂശയിൽ വച്ച് അഗ്നിയിലൂടെ നീക്കം ചെയ്യപ്പെടുന്നതുപോലെ, ആത്മാവിന്റെ മാലിന്യങ്ങൾ പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ ഈ വെള്ളത്തിൽ വച്ച് നീക്കം ചെയ്യപ്പെടുന്നു.

ഈ പ്രക്രിയയിലൂടെ വിശ്വാസി മർത്യതയിൽ നിന്ന് അമർത്യതയിലേക്കും (Mortality to Immortality), ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കും ആത്മീയമായി പറിച്ചു നടപ്പെടുന്നു.

(തുടരും)



വാർത്ത

പത്തനംതിട്ട ഭദ്രാസനാംഗമായ റവ. ഫാ. ജോൺ കമ്പാറ സമ്പൂർണ്ണ ബൈബിളിലെ 35,157 വാക്യങ്ങളും സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതി തന്റെ എളിയ ശ്രമം വിജയകരമായി പൂർത്തീകരിച്ചു. ദൈവാനുഗ്രഹത്താലും അവിടുത്തെ അനന്തമായ കരുണയാലുമാണ് ഈ ദൗത്യം പൂർത്തിയാക്കാൻ സാധിച്ചതെന്ന് അദ്ദേഹം അറിയിച്ചു. ഏകദേശം 1303 മണിക്കൂറുകൾ എടുത്താണ് ഈ അക്ഷരവിസ്മയം അദ്ദേഹം പൂർത്തിയാക്കിയത്. 2024 ഒക്ടോബർ 31-നാണ് അദ്ദേഹം പഴയനിയമം എഴുതിത്തുടങ്ങിയത്. ഇത് 2025 ഡിസംബറിൽ പൂർത്തീകരിച്ചു. തുടർന്ന് 2026 ഫെബ്രുവരി മാസത്തിൽ പുതിയനിയമം എഴുതിത്തുടങ്ങുകയും, 2026 മെയ് മാസം 30-ഓടെ അത് പൂർണ്ണമായിഎഴുതിത്തീർക്കുകയുമായിരുന്നു.

ബൈബിളിലെ ഓരോ അക്ഷരത്തിലും വാക്കുകളിലും വാക്യങ്ങളിലും തന്റെ കണ്ണുകളും പ്രാർത്ഥനാപൂർവ്വമായ ശ്രദ്ധയും പതിപ്പിക്കാൻ സാധിച്ചത് വലിയ ദൈവകൃപയാണെന്ന് ഫാ. ജോൺ കമ്പാറ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഒരുപാട് പേരുടെ പ്രാർത്ഥനാ നിയോഗങ്ങളും അപേക്ഷകളും സമർപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഈ സൽക്കർമ്മം നിർവഹിച്ചത്. കഴിഞ്ഞ 24 വർഷമായി മാരകമായ രോഗത്തിന്റെ പരിണതഫലമായുള്ള കടുത്ത ശാരീരിക ബുദ്ധിമുട്ടുകളും പരിമിതികളും അലട്ടുന്നുണ്ടായിരുന്നിട്ടും, അതൊന്നും വകവയ്ക്കാതെ അതീവ സമർപ്പണത്തോടെയും അചഞ്ചലമായ പ്രാർത്ഥനാ ചൈതന്യത്തോടെയുമാണ് ഫാ. ജോൺ കമ്പാറ ഈ മഹത്തായ ദൗത്യം പൂർത്തിയാക്കിയത്. ജോൺ അച്ചന്റെ ഈ സമർപ്പിത പ്രയത്നം വരുംതലമുറകൾക്ക് വലിയൊരു പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു; ഒപ്പം അഭിനന്ദനങ്ങളും!

www.malankaralibrary.com



സീറോ-മലങ്കര സഭയുടേത് അമൂല്യമായ വ്യക്തിത്വം

ലിയോ പതിനാലാമൻ മാർപാപ്പ യൂറോപ്പിലെ സീറോ-മലങ്കര കത്തോലിക്കാ സഭയിലെ തീർത്ഥാടകർക്ക് നൽകിയ പ്രസംഗത്തിന്റെ മലയാളം പരിഭാഷ

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ.
നിങ്ങൾക്ക് സമാധാനം ഉണ്ടായിരിക്കട്ടെ!

Your Beatitude മേജർ ആർച്ച്ബിഷപ്പ്, പിതാക്കന്മാരേ,
പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

യൂറോപ്പിൽ വസിക്കുന്ന നിങ്ങളുടെ വൈദികരുടെയും അൽമായരുടെയും പ്രഥമ കൺവെൻഷന്റെ ഭാഗമായി, സീറോ-മലങ്കര സഭയുടെ ഈ സുപ്രധാന പ്രതിനിധിസംഘത്തെ സ്വാഗതം ചെയ്യുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. നിങ്ങളുടെ മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് മാർ ക്ലിമ്മീസ് കാതോലിക്കാ ബാവായ്ക്ക് ഇന്ന് 67 വയസ്സ് തികയുകയാണ്. Your Beatitude, ജന്മദിനാശംസകൾ! ആഗസ്റ്റ് മാസത്തിൽ നടക്കാനിരിക്കുന്ന അങ്ങയുടെ മെത്രാൻ പദവിയുടെ രജതജൂബിലിയെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള പ്രാർത്ഥനാപൂർവ്വമായ ആശംസകളും ഞാൻ നേരുന്നു; ഇതിന്റെ ആഘോഷങ്ങൾക്ക് ഇന്നലെ ഇവിടെ റോമിൽ നടന്ന പ്രത്യേക തിരുക്കർമ്മങ്ങളോടെ തുടക്കമായിക്കഴിഞ്ഞുവല്ലോ.

www.malankaralibrary.com



ഈ കൺവെൻഷൻ സംഘടിപ്പിച്ച, യൂറോപ്പിൽ വസിക്കുന്ന സീറോ-മലങ്കര വിശ്വാസികൾക്കായുള്ള പുതിയ അപ്പസ്തോലിക് വിസിറ്റേറ്റർ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയ്ക്ക് എന്റെ പ്രത്യേക ആശംസകൾ.

പ്രിയ സഹോദരീസഹോദരന്മാരേ, നിങ്ങളുടെ സ്വയംഭരണ (sui iuris) സഭ ഒന്നടങ്കം അതിന്റെ ശതാബ്ദി ആഘോഷങ്ങൾക്കായുള്ള ഒരുക്കമായി, ആത്മീയ നവീകരണത്തിന്റെ തീവ്രമായ ഒരു ബഹുവർഷ തീർത്ഥാടനത്തിലേക്ക് പ്രവേശിക്കുകയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. 1932 ജൂൺ 11-ന് പീയൂസ് പതിനൊന്നാമൻ മാർപാപ്പയുടെ 'ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി' (Christo Pastorum Principi) എന്ന അപ്പസ്തോലിക പ്രമാണ രേഖയിലൂടെ നിങ്ങളുടെ സഭയിലെ മെത്രാൻ സമിതി (Hierarchy) സ്ഥാപിതമായതിന്റെ 95-ാം വർഷത്തിലേക്ക് നാം പ്രവേശിച്ച ഈ വേളയിൽ, ഇടയന്മാരുടെ നാഥനായ ക്രിസ്തുവിനോടുള്ള നന്ദിപ്രകാശനത്തോടെ ആരംഭിക്കുന്ന എന്റെ ആദരണീയനായ മുൻഗാമിയുടെ ആ തിരുവെഴുത്ത് അനുസ്മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവിനെ ഓർത്ത് നാമും ദൈവത്തിന് 'ഏറ്റവും വിനീതവും തീക്ഷ്ണവുമായ നന്ദി അർപ്പിക്കുന്നു'. ക്രിസ്തീയ വിശ്വാസം ജീവിക്കുന്നതിന്റെ സുപ്രധാന ഭാഗമായി അപ്പസ്തോലനായ പത്രോസിന്റെ പിൻഗാമിയുമായുള്ള സഭാത്മക കൂട്ടായ്മ വീണ്ടെടുക്കാൻ മാർ തിയോഫിലോസിനൊപ്പം നിരവധി വൈദികരെയും വലിയൊരു വിഭാഗം വിശ്വാസികളെയും, ബെഥനി സന്യാസ സമൂഹങ്ങളിലെ സമർപ്പിതരെയും നയിച്ചത് അദ്ദേഹമായിരുന്നു. തിരുവനന്തപുരത്തിന്റെ പ്രഥമ സീറോ-മലങ്കര മെത്രാപ്പോലീത്ത, യേശുവിന്റെ ഹൃദയത്തിനൊത്ത ഒരു യഥാർത്ഥ ഇടയനായിരുന്നു; അദ്ദേഹത്തിലൂടെയാണ് പരിശുദ്ധാത്മാവ് ദൈവജനത്തെ നയിച്ചത്.

എന്റെ സ്ഥാനാരോഹണ ബലിമധ്യേ ഞാൻ പങ്കുവെച്ച, 'ഒരു അനുരഞ്ജിത ലോകത്തിന് പുളിച്ചമാവായി മാറുന്ന, ഐക്യത്തിന്റെയും കൂട്ടായ്മയുടെയും അടയാളമായ ഒരൊറ്റ സഭയ്ക്കായുള്ള വലിയ ആഗ്രഹം' (ഔശഹ്യ, 18 ങമ്യ 2025) അദ്ദേഹം തന്റെ ജീവിതത്തിലൂടെ മനോഹരമായി സാക്ഷ്യപ്പെടുത്തി.

ഒരു യുവവൈദികനായിരുന്നപ്പോൾത്തന്നെ, മാർ ഈവാനിയോസ് കേരളത്തിലെ തന്റെ ക്രിസ്തീയ സമൂഹത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് നോക്കുകയും, തോമാശ്ലീഹായുടെ പ്രസംഗത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും ഭാരതത്തിൽ നട്ടുവളർത്തിയ നല്ല വിത്തിന്റെ ചൈതന്യം വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായി കാണുകയും ചെയ്തു. മിഷനറി പ്രവർത്തനം വാക്കുകളിൽ മാത്രം ഒതുങ്ങരുതെന്നും, മറിച്ച് സുകൃതസമ്പന്നമായ ജീവിതത്തിലൂടെയും ആത്മാർത്ഥമായ കാരുണ്യപ്രവർത്തികളിലൂടെയും ആയിരിക്കണമെന്നും അദ്ദേഹം നിർബന്ധം പിടിച്ചു. ഇക്കാരണത്താൽ, അതിന്റെ തുടക്കം മുതൽത്തന്നെ നിങ്ങളുടെ സഭ സുവിശേഷ ചൈതന്യത്തിന്റെയും അപ്പസ്തോലിക കാരുണ്യത്തിന്റെയും ഒരു വിളക്കുമാടമാണ്; സമൂഹത്തിന്റെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമൂഹിക നീതിയും വിദ്യാഭ്യാസവും സമഗ്ര മാനവവികസനവും അത് ഉറപ്പാക്കുന്നു. എന്റെ ആദരണീയനായ മുൻഗാമി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞതുപോലെ, ഈ രീതിയിലാണ് സുവിശേഷം പടരുന്നത്: 'ആകർഷണത്തിലൂടെ: ക്രിസ്തു കുരിശിലെ ബലിയിലൂടെ തന്റെ സ്നേഹത്തിന്റെ ശക്തിയാൽ' എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുന്നത്' പോലെ' (Homily for the opening of the Aparecida Conference, 13 May 2007). അങ്ങനെ സീറോ-മലങ്കര സഭ വംശീയമോ ഭാഷാപരമോ ആയ അതിരുകൾക്കപ്പുറത്തേക്ക് അതിവേഗം വളരാൻ തുടങ്ങി,

www.malankaralibrary.com

ഇതിന്റെ ആദ്യഫലമെന്നോണം 1934-ൽ തമിഴ് നാട്ടിൽ സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മെത്രാൻ സമിതിയുടെ പ്രതിബദ്ധത കൊണ്ടും, 'ഡോട്ടേഴ്സ് ഓഫ് മേരി' (Daughters of Mary) സന്യാസിനീ സമൂഹത്തിലെ സമർപ്പിതരുടെ ആത്മാർത്ഥമായ സേവനം കൊണ്ടും ആ സജീവ മലങ്കര കത്തോലിക്കാ സമൂഹങ്ങൾ അവിടെ തഴച്ചുവളർന്നു. ഭാരതത്തിൽ അടുത്തിടെ രൂപീകൃതമായ പുതിയ അതി രൂപതകളോടും രൂപതകളോടും, പ്രത്യേകിച്ച് ഖഡ്കിയിലെ സെന്റ് എഫ്രേം രൂപതയോടും



ഗുഡ്ഗാവിലെ സെന്റ് ജോൺ ക്രിസോസ്റ്റം രൂപതയോടും സമാനമായ പ്രതിബദ്ധത കാണിക്കാൻ മെത്രാൻ സിനഡിനെയും സന്യാസ സമൂഹങ്ങളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ഭാവിയിലേക്കുള്ള ഒരു നല്ല ശുഭസൂചന നമുക്കിവിടെ കാണാൻ സാധിക്കുന്നുണ്ട്.

അതേസമയം, പ്രവാസി സമൂഹങ്ങളിൽ, പ്രത്യേകിച്ച് വളർന്നുവരുന്ന ഡയസ്പോറകളിൽ, പൗരസ്ത്യ സഭകളുടെ വിലമതിക്കാനാവാത്ത നിധികൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സമാനമായ അടിയന്തിര ശ്രദ്ധ ആവശ്യമാണ്.

എന്റെ പാപ്പൽ തിരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾക്ക് ശേഷം വന്ന നിങ്ങളുടെ ജൂബിലി വേളയിൽ ഞാൻ ഇത് സൂചിപ്പിച്ചിരുന്നു (cf. Address, 14 May 2025). ഈ പശ്ചാത്തലത്തിൽ, വടക്കേ അമേരിക്കയിലെ നിരവധി സീറോ-മലങ്കര വിശ്വാസികളുടെ സാന്നിധ്യം കണക്കിലെടുത്ത്, ബെനഡിക്ട് പതിനാറാമൻ മാർപാപ്പ യുണൈറ്റഡ് സ്റ്റേറ്റ്സിലെ സീറോ-മലങ്കര വിശ്വാസികൾക്കായി ഒരു അപ്പസ്തോലിക എക്സാർക്കേറ്റ് സ്ഥാപിച്ചു. പത്ത് വർഷം മുമ്പ്, ആ എക്സാർക്കേറ്റിനെ രൂപതയായി ഉയർത്തിക്കൊണ്ട്, എന്റെ ആദരണീയനായ മുൻഗാമി ഫ്രാൻസിസ് മാർപാപ്പ ആ രൂപതാ മെത്രാന്റെ ആത്മീയ പരിചരണം കാനഡയിലെ എല്ലാ സീറോ-മലങ്കര വിശ്വാസികളിലേക്കും വ്യാപിപ്പിച്ചു.

സമാനമായ ലക്ഷ്യങ്ങളോടെ, എന്റെ പാപ്പാ ഭരണത്തിന്റെ ഒന്നാം വർഷത്തിൽത്തന്നെ, യൂറോപ്പിലുടനീളമുള്ള സീറോ-മലങ്കര കത്തോലിക്കർക്കായി ആദ്യത്തെ പൂർണ്ണ സമയ അപ്പസ്തോലിക് വിസിറ്റേറ്ററായി അഭിവന്ദ്യ മാർ ഒസ്താത്തിയോസ് പിതാവിനെ ഞാൻ നിയമിച്ചു. വിശ്വാസികളുടെ ആത്മീയ നന്മയ്ക്കായി പ്രാദേശിക മെത്രാന്മാർക്കും പരിശുദ്ധ സിംഹാസനത്തിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി, നിലവിലുള്ള ഇടയപരിപാലനത്തിന്റെ അവസ്ഥ വിലയിരുത്തുക എന്നതാണ് അദ്ദേഹത്തിന്റെ ചുമതല. ഇക്കാര്യത്തിൽ, പൗരസ്ത്യ സഭകൾക്കായുള്ള ഡികാസ്റ്ററിയോട് എന്നെ സഹായിക്കാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്: 'ലത്തീൻ രൂപതാ മെത്രാന്മാർക്ക് ഡയസ്പോറയിലുള്ള പൗരസ്ത്യ കത്തോലിക്കരെ അവരുടെ ജീവസ്സുറ്റ പാരമ്പര്യങ്ങൾ നിലനിർത്താൻ എങ്ങനെ യാഥാർത്ഥ്യബോധത്തോടെ പിന്തുണയ്ക്കാമെന്നും, അതിലൂടെ അവരുടെ സവിശേഷമായ സാക്ഷ്യം വഴി അവർ ജീവിക്കുന്ന സമൂഹങ്ങളെ എങ്ങനെ സമ്പന്നമാക്കാമെന്നുമുള്ള തത്ത്വങ്ങളും നിയമങ്ങളും

www.malankaralibrary.com

മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കാൻ' അത് സഹായിക്കും. സീറോ-മലങ്കര വിശ്വാസികളുടെ വരുംതലമുറകൾ തങ്ങളുടെ സവിശേഷ പാരമ്പര്യങ്ങളിലൂടെ കർത്താവായ യേശുവുമായുള്ള സൗഹൃദം ആഴപ്പെടുത്തുന്നത് തുടരുന്നതിനും, അങ്ങനെ കത്തോലിക്കാ സഭയ്ക്ക് മുഴുവൻ പ്രയോജനപ്രദമാകുന്ന രീതിയിൽ ശക്തവും ശാശ്വതവുമായ അടിത്തറ പാകുന്നതിനുള്ള മികച്ച വഴികൾ വിലയിരുത്താൻ ഇതേ കൂരിയൽ സ്ഥാപനം എന്നെ സഹായിക്കും.

പ്രിയ സഹോദരീസഹോദരന്മാരേ, സീറോ-മലങ്കര സഭയുടെ അമൂല്യമായ വ്യക്തിത്വത്തെക്കുറിച്ചും അതിനോടുള്ള നിങ്ങളുടെ ആത്മബന്ധത്തെക്കുറിച്ചും കൂടുതൽ അവബോധം വളർത്താൻ ഞാൻ നിങ്ങളോടെല്ലാവരോടും ആവശ്യപ്പെടുന്നു. നിങ്ങളുടെ വലിയ അന്തസ്സിനെക്കുറിച്ച് ബോധവാന്മാരായിരിക്കുമ്പോൾത്തന്നെ, മേജർ ആർച്ച്ബിഷപ്പിനോടും മെത്രാൻ സിനഡിനോടും ചേർന്നുനിന്ന്, സഭാജീവിതത്തിൽ പങ്കുചേരുകയും നിങ്ങളുടെ സവിശേഷമായ പാരമ്പര്യം അനുഭവിച്ചറിയുകയും ചെയ്യുക. ഭാരതത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾക്ക്, വൈദിക-സന്യാസ വിളവുകൾ പുറപ്പെടുവിക്കുന്ന ഭക്തരായ കുടുംബങ്ങൾ എന്ന സുഖ്യാതി ഉള്ളതിനാൽ, നിങ്ങളുടെ ഭവനങ്ങളിലും ഹൃദയങ്ങളിലും, പ്രത്യേകിച്ച് യുവാക്കളുടെ ഉള്ളിൽ, ശക്തമായ വിശ്വാസം തുടർന്നും വളരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.



നിങ്ങളോടൊപ്പം ഈ സന്തോഷകരമായ അവസരത്തിൽ പങ്കുചേരുന്ന എല്ലാവരുടെയും മേൽ സർവ്വശക്തനായ ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ യാചിക്കുന്നു; അതുവഴി നിങ്ങൾക്ക് ഓരോ ദിവസവും ക്രിസ്തുവിനെ കൂടുതൽ അടുത്തനുഗമിക്കാനും എല്ലാവർക്കും പ്രത്യാശയുടെ ദൂതരാകാനും സാധിക്കട്ടെ. ഞാൻ നിങ്ങൾക്ക് അപ്പസ്തോലിക ആശീർവാദം സ്നേഹപൂർവ്വം നൽകുന്നു. സമാധാനത്തിന്റെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയവും, അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായും, നിങ്ങളുടെ എല്ലാ സ്വർഗ്ഗീയ മധ്യസ്ഥരും, പ്രത്യേകിച്ച് ധന്യൻ മാർ ഈവാനിയോസ് പിതാവും നിങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ! വളരെയധികം നന്ദി.



www.malankaralibrary.com

നിലാമഴ



ഫാ. ബിജോയ് ഊരാളിവിള

കൈകുമ്പിളിൽ സൂര്യന്റെ വെളിച്ചം വാങ്ങി പൂശീട്ട്
വെളുത്തിരിക്കുന്ന നിലാച്ചന്ദ്രനെപ്പോലെ
തിളങ്ങുന്നുണ്ടീക്കരയിൽ സർവ്വതേജസ്സാമീശന്റെ
ഛായയായി, സാദൃശ്യമായ് മാർ ഈവാനിയോസ്

ഒരു കാതം നടക്കാനായ് ക്ഷണിച്ചവർക്കൊപ്പമയാൾ
ഇരു കാതം നടന്നെന്നും, എട്ടു ദിക്കിലും
പരന്നൊഴുകി ആ നദി സ്വച്ഛതയും തെളിനീരും
നല്കിയതിലിറങ്ങിയോർക്കാർദ്രഭാവവും.
ഒഴുകിയൊഴുകിയയാൾ മലങ്കര സിരയിലൂ-
ടൊഴുക്കു നിലച്ചിടാതിന്നൊഴുകുന്നുണ്ട്

'ആഴ്ച'യുടെ ഒന്നാം നാളിൽ രോഗമിരുട്ടെന്ന പോലെ
ആധി തൂകി, ഖിന്നയായ്, ഒളിച്ചിരുന്നു
ദുഃഖവെള്ളിയടുക്കാറായ് ശ്വാസതാളം നിലയ്ക്കാറായ്
കുരിശു മുത്തിച്ചുകൊണ്ടേയവർ ജപിച്ചു.
മിന്നലൊളി ഇരുട്ടിനെ പകുത്തു മാറ്റുന്ന പോലെ
കണ്ണു തുറന്നയാൾ ചൊല്ലി : 'സുസ്വാഗതം.'
ആശീർവാദപ്പൊലിമയിൽ മഹാഭാഗ്യമെന്ന് മഹാൻ;
'തിരുമേനി അർഹിക്കുന്നു'- റോമിൻ സ്ഥാനപതി.

കിടക്കവിട്ടെഴുന്നേല്ക്കാൻ കഴിയാത്ത നാളിൽ നാവിൽ
കവിതകൾ കളിച്ചെത്തി, മഹാകാവ്യം പോൽ
പ്രാർത്ഥനകൾ കുറിച്ചിട്ടു, വലത്തുമിടത്തും വച്ചു
ക്രൂശിതന്റെ രൂപം കണ്ണിൽ വിളങ്ങിനില്ക്കാൻ.

പുനരൈക്യബലിക്കല്ലിൽ ജീവിതത്തെ ഹോമിച്ചവൻ
ബലിക്കല്ലിൻ വേരാഴത്തിൽ വിശ്രമിക്കുന്നു
ഇന്ന് മരമായി വളരുന്നു, പുനരൈക്യപ്പൂക്കൾ ചൂടി,
സൂര്യനെ നമസ്കരിച്ച് തണലേകുന്നു.





മലങ്കര സുറിയാനി കത്തോലിക്കാ സഭ

ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ

73-ാം ഓർമ്മപ്പെരുന്നാൾ

സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ, പട്ടം



2026 ജൂലൈ 1 മുതൽ 15 വരെ

സ്നേഹമുള്ളവരേ,

മലങ്കര സഭയുടെ പുണ്യപിതാവ് ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 73-ാം ഓർമ്മപ്പെരുന്നാൾ 2026 ജൂലൈ 15 ന് നാം ആഘോഷിക്കുകയാണല്ലോ. ഇതിന് ഒരുക്കമായി ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രലിൽ വൈകിട്ട് 5.00 ന് സന്ധ്യാനമസ്കാരവും വി. കുർബാനയും അവിടുത്തെ മധ്യസ്ഥതയിൽ – കണ്ണീർ ചാപ്പലിൽ അനുസ്മരണ ശുശ്രൂഷകളും ക്രമീകരിച്ചിരിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. 2026 ജൂലൈ 15 ന് സഭയുടെ തലവനും പിതാവുമായ അത്യുദ്ദിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും സഹകാരികളും പങ്കുചേരും. ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ സിബിസിഐ പ്രസിഡന്റും ഹൈദരാബാദ് ആർച്ചുബിഷപ്പുമായ അത്യുന്നത കർദ്ദിനാൾ ആന്റണി പൂള മെത്രാപ്പൊലീത്ത മുഖ്യകാർമ്മികനായിരിക്കും. ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു നടക്കുന്ന തിരുകർമ്മങ്ങളിൽ പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കുന്നതിന് എവരെയും സ്വാഗതം ചെയ്യുന്നു.

തിരുക്കർമ്മങ്ങൾ

ജൂലൈ 1 ബുധൻ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
മെയ്ൻ റവ. ഡോ. യൂഹാനോൻ മാർ തെയഫിലോസ്
(സഹായമെത്രാൻ, തിരുവനന്തപുരം മേജർ അതിരൂപതാ)
വിഷയം : കൃപാവര വെളിച്ചമായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 2 വ്യാഴം 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
വെരി റവ. ഫാ. ജോസ് കോണത്തുവിള
(വികാരി ജനറൽ, പാളയം അതിരൂപത)
വിഷയം : ദാരിദ്ര്യത്തെ പുൽകിയ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 3 വെള്ളി : ദുക്റോനോ തിരുന്നാൾ
5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
മെയ്ൻ റവ. ഡോ. ആന്റണി മാർ നിരവേലനോസ്
(മേജർ ആർക്കി എപ്പാർക്കിയൽ കൂരിയ മെത്രാൻ)
വിഷയം : വിശുദ്ധ പദവിയിലേക്കായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 4 ശനി 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
വെരി റവ. ഫാ. ജോസ് കല്ലുവിള
(വികാരി ജനറൽ, മേജർആർക്കി എപ്പാർക്കി)
വിഷയം : പുനരൈക്യ ശില്പിയായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 5 ഞായർ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
വെരി റവ. ഫാ. തോമസ് കല്ലുവിലകത്ത്
(വികാരി ജനറൽ, തിരുവനന്തപുരം മേജർ അതിരൂപതാ)
വിഷയം : ദൈവസ്നേഹം അനുഭവമാക്കി കരുതിയ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 6 തിങ്കൾ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
വെരി റവ. ഡോ. ജിജി ഫിലിപ്പ് ചമ്പിയപുരയിടം
(റെക്ടർ, മേജർ മേജർ സെമിനാരി)
വിഷയം : വൈദിക പരിശീലകനായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 7 ചൊവ്വ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
മെയ്ൻ റവ. ഫാ. തോമസ് തോമ്പാറ കോനൂപ്പിൽകാപ്പേൽ
(വികാരി ജനറൽ, തൃശ്ശൂർ-പൂത്ര അതിരൂപത)
വിഷയം : സഹനശീലനായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 8 ബുധൻ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന (ലത്തീൻ ക്രമം)
മെയ്ൻ റവ. ഡോ. ആന്റണി വാരുകുന്നേൽ
(സഹായമെത്രാൻ, വരാപ്പുഴ അതിരൂപത)
വിഷയം : സുവിശേഷം ജീവിത പ്രമാണമായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 9 വ്യാഴം 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന (നൽഗ)
വെരി റവ. ഫാ. ജോസഫ് ഡെസ്റ്റ്
(വികാരി ജനറൽ, മാർത്താണ്ഡം രൂപതാ)
വിഷയം : മിഷനറിയായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 10 വെള്ളി 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന (സീറോ മലബാർ ക്രമം)
മെയ്ൻ റവ. ഡോ. ജോർജ്ജ് രാജേന്ദ്രൻ
(തക്കല രൂപതാദ്ധ്യക്ഷൻ)
വിഷയം : നവോത്ഥാനകനായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 11 ശനി 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
വെരി റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി.
(വികാരി ജനറൽ, വൽപരി-ഗുജറാത്ത് രൂപതാ)
വിഷയം : സമൂഹകൂട്ടായ്മ സ്നേഹമായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 12 ഞായർ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
വെരി റവ. ഡോ. ഫ്രെഡ്സ് പാപ്പുട്ടി
(വികാരി ജനറൽ, തിരുവല്ല അതിരൂപതാ)
വിഷയം : സത്യാന്വേഷിയായ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 13 തിങ്കൾ 5.00 pm : സന്ധ്യാനമസ്കാരം, വി. കുർബാന
മെയ്ൻ റവ. ഡോ. എൽദോ പുന്നാർകുടത്തിൽ കോറെപ്പിസ്കോപ്പാ
(വികാരി ജനറൽ, പുത്തൂർ രൂപതാ)
വിഷയം : പരിശുദ്ധ ദൈവമാതാവിനെ സ്നേഹമാക്കിയ ധന്യൻ മാർ ഈവാനിയോസ്

ജൂലൈ 14 ചൊവ്വ 10.30 am : മൂന്നാംമണി നമസ്കാരം, വി. കുർബാന
വെരി റവ. ഡോ. ദീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.
(സുപ്പീരിയർ ജനറൽ, ഓഗസ്റ്റ് ആശ്രമം)
വിഷയം : സത്യമതത്തെ പുൽകിയ ധന്യൻ മാർ ഈവാനിയോസ്
05.15 pm : **തീർത്ഥാടന പദയാത്രികർക്ക് കബറിങ്കൽ സ്വീകരണം**
06.30 pm : സന്ധ്യാനമസ്കാരം
മെഴുകുതിരി പ്രദക്ഷിണം റേൻർച്ച
(ദൈവജനത്തിനെ നിന്നും ആകർഷിച്ച് വി. ബലിപീഠത്തിനു മുന്നിൽ മെയ്ൻ റവ. കാതോലിക്കേറ്റ് സെന്റർ, സെന്റ് മേരീസ് മേജർ അതിരൂപതാ കത്തീഡ്രൽ കവാടത്തിലൂടെ കബറിങ്കൽ എത്തിച്ചേരുന്നു.)
കബറിങ്കൽ ധൂപപ്രാർത്ഥന
ഒപ്പീക്കിയ ആശീർവാദം

ജൂലൈ 15 ബുധൻ : 73-ാം ഓർമ്മപ്പെരുന്നാൾ
08.00 am : മുടിമുറിയ്ക്ക് കത്തീഡ്രൽ കവാടത്തിൽ സ്വീകരണം,
പ്രഭാത നമസ്കാരം
ആഘോഷമായ വിശുദ്ധ സമൂഹബലി
മുഖ്യകാർമ്മികൻ : അത്യുദ്ദിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ
വചനസന്ദേശം : അത്യുന്നത കർദ്ദിനാൾ ആന്റണി പൂള മെത്രാപ്പൊലീത്ത
കബറിങ്കൽ ധൂപപ്രാർത്ഥന
തെച്ചി വിളവ്, പ്രാർത്ഥനാ സമൂഹം

പ്രത്യേക ശ്രദ്ധയ്ക്ക് : വൃക്തികർത്തും കുടുംബങ്ങൾക്കും നമ്മുടെ സ്നേഹങ്ങൾക്കും കബറിങ്കൽ എത്തുവാൻ കഴിയാത്തവർക്കും പ്രാർത്ഥനാ സൗകര്യത്തിനും വേണ്ടി മലങ്കര കാത്തലിക് ടിവി (www.youtube.com/c/malankaracatholictv) യുടെയും ചാനൽ വഴി തത്സമയം സംപ്രേഷണം ചെയ്യുന്നതാണ്. *ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ മധ്യസ്ഥതയിൽ വി. കുർബാന അർപ്പിക്കുന്നതിനും നേർച്ച കാഴ്ചകൾ സമർപ്പിക്കുന്നതിനും ഓർമ്മ പെരുന്നാളിന്റെ ക്രമീകരണങ്ങളുടെ ചെലവ് നിർവഹണത്തിനും സഹായം ഉദാരമതികളിൽ നിന്നും പ്രതീക്ഷിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെയുള്ള ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫാ. ജോൺ വിളയിൽ
(വികാരി, സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ, പട്ടം)
ഫോൺ : 9447319454

ഫാ. ജോർജ്ജ് കുരുക്കോട്ട്
(അസിസ്റ്റന്റ് വികാരി, കബർ ചാപ്പൽ)
ഫോൺ : 9747875889

റവ. ഡോ. ജോർജ്ജ് തോമസ് കൊഹൂവിളയിൽ
(ഓഫീസ് പെനിറ്റൻഷ്യറി)
ഫോൺ : 9447399959

ഫാ. ജോബിൻ പുന്നൂത്തിൽ
(സഹ. വികാരി, സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ, പട്ടം)
ഫോൺ : 8592079682

St. John's Press, Pattom. Ph: 0471 2446116
www.malankaralibrary.com

www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-06-2026

Christavakahalam Monthly, JUNE-JULY 2026
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ പ്രസിദ്ധീകരണം. ആകർഷകമായ രൂപകല്പനയിൽ എല്ലാ കുടുംബങ്ങളിലേക്കും....



ക്രൈസ്തവ കാഹളം



വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com